www.malankaralibrary.com

SINCE 1976

# ഐക്യദീപം
AIKYADEEPAM

സെപ്റ്റംബർ 2023



# Wedding

## നിദാൽ പി. മാത്യു
## & ജെറിൻ സി. ജിജി







നെടുമ്പ്രം പയ്യങ്കേരിൽ മണത്തറ ജോസ് പി. മാത്യുവിന്റെയും റെജീന ജോസിന്റെയും മകൻ **നിദാൽ പി. മാത്യുവും** ചെങ്ങന്നൂർ കല്ലറയ്ക്കൽ ജോളി വില്ലയിൽ ജിജി സി. ഉമ്മന്റെയും ബിനുമോൾ മാത്യുവിന്റെയും മകൾ **ജെറിൻ സി. ജിജിയും** തമ്മിലുള്ള വിവാഹം 2023 ജൂലൈ 1 ന് തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രലിൽവച്ച് **അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത** ആശീർവദിച്ചു.

www.malankaralibrary.com

www.malankaralibrary.com


# ഐക്യദീപം
aikyadeepam

പുസ്തകം 54 ലക്കം 8 2023 സെപ്റ്റംബർ ₹ 10

| രക്ഷാധികാരി | ചീഫ് എഡിറ്റർ | മാനേജർ | പ്രസാധകൻ | സർക്കുലേഷൻ മാനേജർ | ഓഫീസ് സ്റ്റാഫ് |
|---|---|---|---|---|---|
| മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ | ഫാ. വർഗ്ഗീസ് ചാമക്കാലായിൽ 9048341462 | ഫാ. മാത്യു പുനക്കുളം | തോമസ് കൊടിനാട്ടുകുന്നേൽ കോർ എപ്പിസ്ക്കോപ്പാ | ഫാ. സിറിൾ പട്ടശ്ശേരിൽ | ചിന്നു എൽസ ഐസക് |

ഉപദേശക സമിതി

ഫാ. ഡോ. തോമസ്കുട്ടി പതിനെട്ടിൽ, ഫാ. ഡോ. തോമസ് പാറയ്ക്കൽ, റവ. സി. അലീന എസ്.ഐ.സി., റവ. സി. റാണി മരിയ ഒ.എസ്.എസ്.
ലൈജു കോശി മാത്യു, ജയിസ് കോഴിമണ്ണിൽ, വർഗ്ഗീസ് ഐസക് തെക്കേടത്ത്



## ഉള്ളടക്കം
contents


4 എഡിറ്റോറിയൽ

5 ഇടയശബ്ദം



ദൈവ പദ്ധതിയായ പുനരൈക്യം 07



10 ചരിത്ര വീഥിയിൽ മൂവാറ്റുപുഴ ഭദ്രാസനം
ഫാ. ജിനോ ആറ്റുമാലിൽ

**സ്ഥിരം പംക്തികൾ**

29. സുറിയാനി സഭാ പാരമ്പര്യം
ഫാ. ഡോ. ജോസഫ് കളരിപ്പറമ്പിൽ

35. ജാലകം
മെർലിൻ റ്റി. മാത്യു

36. ആരോഗ്യം
ഡോ. എസ്. വിജയലക്ഷ്മി

39. ഹോമിയോപ്പതി
സി.ഡോ.ഐറിൻ SIC


41. മല്പാനോട് ചോദിക്കാം



14 പുനരൈക്യപ്രേഷിത ശുശ്രൂഷ മൂവാറ്റുപുഴയിൽ
ഫാ. മത്തായി കടവിൽ ഒ.ഐ.സി.



വിശുദ്ധ കത്തോലിക്കാസഭ രക്ഷയുടെ പേടകം
ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ
ജോമി തോമസ് കലയപുരം 20



24 മനുഷ്യാർദ്രതയുടെ ഗിരിശൃംഗം
ജോസഫ് എം. പുതുശ്ശേരി



Annual Subscription Rs.120.00 Single Copy Rs. 10.00 Overseas: $40.00 or 2750
Bank Details : Chief Editor, Aikyadeepam, Union Bank, Tiruvalla 689 101
A/c No. 110110100023901. IFSC. UBIN0811017. SWIFT CODE: ANDBINBB

Printed at: Rashtra Deepika Ltd., Vadavathoor

Designed by : Greeshma Designs, Kottayam. Ph: 9447304348. E-mail: gdesignktm@gmail.com

All correspondence regarding Agency and Subscription: Chief Editor, Aikyadeepam Monthly,
St. John's Metropolitan Cathedral, Tiruvalla - 689 101. Phone: 0469-2600626 E-mail: aikyadeepamtvla@gmail.com

www.malankaralibrary.com

# Editorial



ഫാ. വർഗ്ഗീസ് ചാമക്കാലായിൽ
ചീഫ് എഡിറ്റർ


# എഡിറ്റോറിയൽ

വിഭജിതമായി ഒഴുകിക്കൊണ്ടിരിക്കുന്ന സഭാ നദികൾ ഒരുമിച്ചൊഴുകുക എന്ന കർത്താവേശുമിശിഹായുടെ സ്വപ്നം 1930 സെപ്റ്റംബർ ഇരുപതാം തീയതി യാഥാർത്ഥ്യമാവുകയായിരുന്നു. ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ ചരിത്രപരമായ കാൽവെപ്പ് വിഭജനത്തിന്റെ മുറിവേറ്റ സഭാ ശരീരത്തിന് സൗഖ്യത്തിന്റെ കുളിർമഴയായിരുന്നു. മനസ്സിൽ സൂക്ഷിക്കാൻ 93 അനുഗ്രഹത്തിന്റെ വർഷങ്ങൾ.

അഞ്ച് എത്ര നിസ്സാരമായ സംഖ്യയാണ്? പക്ഷേ അഞ്ചിന്റെ അത്ഭുതങ്ങൾ അഞ്ചപ്പവും അയ്യായിരവും കടന്ന് അഞ്ചു ലക്ഷം എന്ന മഹാത്ഭുതത്തിൽ എത്തി നിൽക്കുമ്പോൾ പുനരൈക്യം സഭാ ചരിത്രത്തിലെ അവിസ്മരണീയമായ ഒരു മുഹൂർത്തമായി മാറുന്നു. ചരിത്രമുറങ്ങുന്ന മൂവാറ്റുപുഴ എന്ന പ്രദേശം 93-ാം പുനരൈക്യ വാർഷികത്തിന് ആദിത്യമരുളുന്നു. ഇത് മൂവാറ്റുപുഴയ്ക്കും മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും പുനർസമർപ്പണത്തിന്റെ കാലഘട്ടമാണ്.

സഭൈക്യത്തിന്റെ പുളിമാവായി തീരുവാൻ ദൈവം തിരഞ്ഞെടുത്തു നിയോഗിച്ച മലങ്കര സുറിയാനി കത്തോലിക്കാ സഭ വിഭജനത്തിന്റെ വിടവുകളും വിള്ളലുകളും ദൈവസ്നേഹത്തിന്റെയും സഹോദര സ്നേഹത്തിന്റെയും ശുശ്രൂഷകൾ കൊണ്ട് ഒന്നിച്ചു ചേർക്കണം. "സ്വാഗതം... സുസ്വാഗതം" എന്ന പതിനൊന്നാം പീയൂസ് മാർപാപ്പയുടെ വാക്കുകൾ ഹൃദയ വിശാലതയുടെ വാക്കുകൾ ആണെന്ന് മാർത്തോമാ പൈതൃകം പേറുന്ന സഭകൾക്ക് നാമിന്ന് കാണിച്ചു കൊടുക്കണം. പുനരൈക്യത്തിന്റെയും സുവിശേഷവത്ക്കരണത്തിന്റെയും ശുശ്രൂഷകൾ നമുക്ക് തീവ്രമായി തുടരാം. ഏവർക്കും പുനരൈക്യവാർഷിക ആശംസകൾ. ●

www.malankaralibrary.com



മോസ്റ്റ് റവ. ഡോ. തോമസ് മാർ കൂറിലോസ്
(മെത്രാപ്പോലീത്തൻ ആർച്ച്ബിഷപ്പ്)

ഇടയശബ്ദം

# പുനരൈക്യാഘോഷവും സഭാസംഗമവും

ദൈവപരിപാലനയിൽ മലങ്കര സഭയ്ക്കു ലഭിച്ച വലിയൊരു ദൗത്യമാണ് ഐക്യാഹ്വാനം. സഭയുടെ നിർണ്ണായകമായ സവിശേഷതകളിൽ ഒന്ന് - ഏകത്വമാണ്. കാതോലികവും ശ്ലൈഹീകവും ഏകവും വിശുദ്ധവുമായ സഭ. ഏകം എന്നതിന്റെ ഉറവിടം പരി. ത്രിത്വമാണ്. യേശുതമ്പുരാൻ അതിനെപ്പറ്റി ഇങ്ങനെ സാക്ഷിക്കുന്നു: "പിതാവേ നീയും ഞാനും ഒന്നായിരിക്കുന്നതുപോലെ ഇവരും ഒന്നായിരിക്കുവാൻ ഞാൻ പ്രാർത്ഥിക്കുന്നു. എന്തെന്നാൽ അങ്ങനെ നീ എന്നെ അയച്ചു എന്ന് ലോകം വിശ്വസിക്കട്ടെ" (യോഹ. 17:21). കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം ഇങ്ങനെ പറയുന്നു: സഭയുടെ ഉറവിടം പരി. ത്രിത്വമാണ്. ദൈവത്വത്തിൽ ഒന്നായ മൂന്നാളുകളുടെ ഏകസാരാംശം. രണ്ട്, സഭയുടെ സ്ഥാപകനായ യേശുക്രിസ്തു ലോകത്തിലേക്ക് മനുഷ്യാവതാരം ചെയ്തു വന്നത് സകല ജനതകളെയും ദൈവവുമായും തമ്മിൽ തമ്മിലും പ്രപഞ്ചവുമായും രമ്യതപ്പെടുത്തുവാനായിരുന്നു. മൂന്ന്, സഭയുടെ അന്തരാത്മാവ് പരിശുദ്ധാത്മാവായ ദൈവമാണ്. ഈ ആത്മാവ് എല്ലാ മനുഷ്യരിലും വസിക്കുന്നു എന്ന കാരണം കൊണ്ട് സഭ ഏകമാണ് (CCC 813). അതുപോലെ ഈ ഐക്യം നമുക്ക് കാണാവുന്നതുപോലെയും അനുഭവിക്കാവുന്ന തലത്തിലും ആണ്. വിശ്വാസത്തിലും കൂദാശയിലും പൗരോഹിത്യപരമായ പിന്തുടർച്ചയിലും സഭ ഒന്നാണ്. നാം എവിടെയായിരുന്നാലും അവിടെയെല്ലാം ഈ സഭാത്മകമായ മാനം അനുഭവിക്കുവാൻ ഇടയാകുന്നു.

എന്നാൽ ഈ ഐക്യം ഐക്യരൂപ്യമല്ല. മറിച്ച് വ്യതിരക്തതയാണ്. പരി. ത്രിത്വത്തിൽ 3 ആളുകൾ വ്യത്യസ്തരായതുപോലെ നാം പലരെങ്കിലും ഒരു വിശ്വാസത്തിലൂടെയും ഒരു മാമോദീസായിലൂടെയും ഒരു വി. കുർബാന മുഖാന്തരവും ഒന്നായിരിക്കുന്നു. നമ്മുടെ ദൗത്യനിർവ്വഹണത്തിലും ഈ ഐക്യം സ്പഷ്ടമാണ്: ലോകമെങ്ങും പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുന്ന ദൗത്യം. നാം വിളിക്കപ്പെട്ടിരിക്കുന്നത് വിവിധ ദൗത്യങ്ങളിലേക്കും ജീവിതാന്തത്തിലേക്കുമാണ്. കർത്താവിന്റെ സഭയെ കെട്ടിപടുക്കുവാൻ ഇവ എല്ലാം ആവശ്യമായി വരുന്നു. വി. അഗസ്തീനോസ് പറയുന്നു: "വിശ്വാസരഹസ്യങ്ങളുടെ അന്തസത്തയിൽ പരിപൂർണ്ണമായ യോജിപ്പ്; അത്ര പ്രധാനമല്ലാത്തവയിൽ സ്വാതന്ത്ര്യം. എന്നാൽ എല്ലാ കാര്യങ്ങളിലും സ്നേഹം". ഇതാണ് നാം അനുകരിക്കേണ്ടത്. അതെ ഈ സന്ദേശം ഏറെ പ്രായോഗികവും സമൂഹങ്ങളെയും വ്യക്തികളെയും യോജിപ്പിച്ച് മുന്നോട്ടു കൊണ്ടുപോകുന്നതുമായ അനുഭവമാണ്.

വർത്തമാന കാലത്തിലെ പല കാര്യങ്ങളും നാം വിലയിരുത്തുവാൻ ശ്രമിച്ചാൽ ഐക്യം എന്ന സംജ്ഞ നാമാവശേഷമായി കൊണ്ടിരിക്കുന്നു എന്ന് മനസിലാകും. ഐക്യം എന്നത് വ്യക്തിയ്ക്കും കുടുംബത്തിനും സഭയ്ക്കും നാടിനും അവശ്യമായ ഘടകം ആണ്. ഇംഗ്ലീഷിലെ പഴമൊഴി നമുക്കോർക്കാം: "United we stand Divided we fall"; ഐക്യമത്യം മഹാബലം എന്നത് ശത്രുവിനെതിരായിട്ടല്ല; മറിച്ച് നിലനിൽപ്പിനു തന്നെയാണ്. നാം നിലനിൽക്കുന്നത് പരസ്പര ബന്ധത്തിൽ ആണ്. ഇന്ന് ഒറ്റയാൻമാരുടെ സംസ്കാരം വർദ്ധിച്ചുവരുന്നു. തന്നെക്കാളും തന്റെ കാര്യത്തേക്കാളുമുപരി മറ്റൊന്നിനെയും കാണുവാൻ കഴിയാത്ത ദുരവസ്ഥ. തനിക്കു താൻ തന്നെ മതി എന്ന സ്വാർത്ഥ ചിന്ത മനുഷ്യനെ ദുർഭൂതം പോലെ പിടിച്ചിരിക്കുന്നു. തത്വചിന്തകനും മനോരോഗിയുമായിരുന്ന സാർത്ര് പറയുന്നു: 'അപരനാണെന്റെ നരകം' എന്ന്. മറ്റുള്ളവരുമായി ബന്ധപ്പെടുത്തുമ്പോൾ ഞാൻ പരിമിതനാകേണ്ടി വരുന്ന യാഥാർത്ഥ്യമാരുന്നിരിക്കാം അദ്ദേഹത്തെ ഇങ്ങനെ പറയാൻ പ്രേരിപ്പിച്ചത്. പക്ഷെ നാം രൂപപ്പെടുന്നതും പക്വത പ്രാപിക്കുന്നതും ജീവിതത്തിൽ മുമ്പോട്ടു

www.malankaralibrary.com





പോകുന്നതും മറ്റുള്ളവരുടെ സഹായത്താലും ഇട പെടലുകളാലും ആണ്. മറ്റുള്ളവരെക്കുറിച്ചും അവരുടെ സ്വാതന്ത്ര്യത്തെക്കുറിച്ചും അവകാശങ്ങളെക്കുറിച്ചും ഒട്ടും ചിന്തിക്കാതെ താൻ കാര്യം മാത്രം നോക്കുന്ന പ്രവണത നശീകരണത്തിന്റേതാണ്. നമ്മിൽ എല്ലാവരിലും ഒളിച്ചിരിക്കുന്ന ഒരു ഏകാധിപതിയുണ്ടെന്ന് അറിയണം. അതു മറ്റുള്ളവരെ ഉപയോഗിക്കുവാനും ദുരുപയോഗിക്കുവാനും, സ്വയം വളരുവാനും സ്വന്ത ഇച്ഛകൾ സാധിക്കുന്നതിനും വേണ്ടി മാത്രം ആകുന്നു. ഇത് നശീകരണ ശൈലിയാണ്. ദൈവം നമുക്കു മറ്റു മനുഷ്യരെയും സാഹചര്യങ്ങളെയും നൽകിയിരിക്കുന്നത് പരസ്പരം കൈകോർക്കുവാനും സമത്വസുന്ദരമായ ഒരു പ്രപഞ്ചം രൂപപ്പെടുത്തുന്നതിനുമാണ്. മറ്റുള്ളവരുടെ പ്രാധാന്യം ഞാൻ തിരിച്ചറിയുന്നതാണ് എന്റെ വളർച്ചയുടെ അളവുകോൽ.

മലങ്കര കത്തോലിക്കാസഭയുടെ പുനരൈക്യത്തിന്റെ പുണ്യമായ ദിനങ്ങളിലേക്കു നമ്മൾ കടന്നു വരികയാണ്. കർത്താവിന്റെ പ്രാർത്ഥനയുടെ സഫലീകരണവും പിതാക്കന്മാരുടെ മനമുരുകിയുള്ള ആഗ്രഹവും പൂർത്തീകരിക്കുന്ന ഐക്യത്തിന്റെ സമാഗമനം. മലങ്കരയെ ആകമാനം കോരിത്തരിപ്പിച്ച ആ കൂടിവരവ് മാനവ കുലത്തിനാകമാനവും സഭകളുടെ ദൗത്യത്തിനു ശോഭയുമായ പുനരൈക്യം. 1930 സെപ്റ്റംബർ 20 ന്റെ നന്മ വിളിച്ചോതുന്ന അനുഗ്രഹ സമയം. മൂവാറ്റുപുഴയുടെ മണ്ണിൽ ഇതാ വീണ്ടും ഒരു ഒത്തുചേരൽ. "കത്തോലിക്കരായിരിക്കുന്നതിൽ സന്തോഷിക്കുവിൻ" എന്നു പറഞ്ഞ പുണ്യപിതാവ് മാർ ഈവാനിയോസ് താതന്റെ അരുമ മക്കൾ ഇതാ ഒത്തുചേരുന്നു. മൂവാറ്റുപുഴ ഭദ്രാസനം ആരംഭിച്ചതിന്റെ 20 വർഷങ്ങൾ പൂർത്തീകരിക്കുന്ന വേള. എണ്ണത്തിലും വണ്ണത്തിലും എന്നതിലുപരി പ്രസക്തിയിലും ദൗത്യസംവാഹനത്തിലും, ഇടം ഉള്ള ഒരു ക്രൈസ്തവ കൂട്ടായ്മ, അതിന്റെ തനിമയിൽ സാക്ഷ്യത്തിനായി ഒരുമിക്കുന്നു. സഭാസ്നേഹത്തിലും കുടുംബബന്ധങ്ങളിലും ദൈവഭക്തിയിലും ശക്തമായ ഒരു ഭദ്രാസനമായി മൂവാറ്റുപുഴ വളർന്നു. പ്രത്യേകിച്ചും അതിനു എല്ലാത്തരത്തിലുമുള്ള ഊർജ്ജവും ദർശനവും നൽകി വളർത്തിയ യാക്കോബ് മാർ തെയോഫിലോസ് പിതാവും ജോസഫ് മാർ സേവേറിയോസ് പിതാവും സക്കറിയാസ് മാർ അത്തനാസിയോസ് പിതാവും ഓർമ്മയിൽ മാത്രമല്ല മാതൃകയിലും നമുക്കു മുമ്പിലുള്ളവരാണ്. ബഥനി പള്ളികൾ എന്ന നിലയിൽ അറിയപ്പെട്ടിരുന്ന നമ്മുടെ ആദ്യകാല ദൈവാലയങ്ങൾ മൂവാറ്റുപുഴ രൂപതയ്ക്ക് അഭിമാന സ്തംഭങ്ങൾ തന്നെ. ആ കാലങ്ങളിൽ നമുക്കു നേതൃത്വം നൽകിയ വൈദികരും സന്യസ്തരും അൽമായ സഹോദരങ്ങളും നമ്മുടെ അഭിമാന തുംഗങ്ങൾ തന്നെ. തിരുവല്ല മുതൽ കുന്നംകുളം-കരിമ്പ വരെ പരന്നു കിടന്ന ഇടങ്ങൾ പിന്നീട് വടക്കോട്ട് വ്യാപിച്ച് അനുഗ്രഹീതയായ ബത്തേരി ഭദ്രാസനം വരെ രൂപപ്പെടുവാൻ കഠിനാദ്ധ്വാനം ചെയ്ത, പട്ടിണി കിടന്നു മിഷൻ പ്രവർത്തനം നടത്തിയ അഭിഷിക്തഗണം നമുക്കു പകർന്നു തന്ന ചൈതന്യം ഉജ്ജീവിപ്പിക്കുവാൻ ഈ സംഗമം കാരണമാകണം.

പ്രാർത്ഥനയോടെ കൈകൾ കൂപ്പുമ്പോൾ എന്തെന്നില്ലാത്ത ഒരു നിവൃതി തലോടുന്നു. "അബ്രഹാമെ നീയൊരനുഗ്രഹമാകുന്നു" എന്ന അനാദിയിലെ ദൈവസ്വരത്തിന്റെ കുളിർമയേകുന്ന തലോടലാണ് അത്. മലങ്കരയിലെ വൈദികരും സന്യസ്തരും ദൈവജനവും അവർക്കു നേതൃത്വം നൽകുന്ന പിതാക്കന്മാരും ഒരുമയോടെ, വിനയത്തോടെ, വിശുദ്ധിയോടെ പുനർസമർപ്പിക്കുവാൻ ഇനിയും സമയം കളയരുത്. മാനുഷീകവും സ്ഥാപനപരവുമായ ഇടുങ്ങിയ ചിന്തകളിൽ തളർന്നു പോകാതെ സുവിശേഷ ചൈതന്യത്തിൽ മുന്നേറണം. നാം ഇറങ്ങി പുറപ്പെട്ടിരിക്കുന്നത് സുന്ദരമായ ഈ ആഹ്വാനം ശ്രവിച്ചുകൊണ്ടാണ്. പുതിയ വഴികൾ ഇനിയും വെട്ടുവാനുണ്ട്. സഞ്ചരിച്ചിട്ടില്ലാത്ത പാതയും അപരിചിതമായ സ്ഥലങ്ങളും സുവിശേഷ കാന്തിയിൽ ജ്വലിക്കുവാൻ ഇടയാകണം. പ്രാർത്ഥനയുടെ ബലവും സമർപ്പണത്തിന്റെ ശൈലിയും വിശ്വാസത്തിന്റെ ഉറപ്പും നമുക്കു സ്വന്തമാക്കണം. വി. അമ്മത്രേസ്യാ പറയുംപോലെ ദൈവം മാത്രം മതി. അതെ ഈ പുനരൈക്യ യാത്ര അതാണ് നമ്മെ പഠിപ്പിക്കുന്നത്. മുണ്ടൻമല ഉപേക്ഷിക്കുന്നതിനോ സെറാമ്പൂരിന്റെ വശ്യഭംഗിയും സുരക്ഷിതത്വം പോലും ദൈവരാജ്യത്തിനും ദൈവമഹത്വത്തിനും കർത്താവിന്റെ പ്രാർത്ഥന സഫലമാക്കുവാനുള്ള ആഗ്രഹത്തിൽ ഉപേക്ഷിച്ച മാർ ഈവാനിയോസ് താതന്റെ ശക്തമായ മാതൃക നമുക്കു വീണ്ടെടുക്കണം. ദൈവ സമ്പാദനം അത്യുത്തമം.

www.malankaralibrary.com



# ദൈവ പദ്ധതിയായ പുനരൈക്യം

**മൂവാറ്റുപുഴ ഭദ്രാസനാധിപൻ അഭി. യൂഹാനോൻ മാർ തിയഡോഷ്യസ് മെത്രാപ്പോലീത്തായുമായി നടത്തിയ അഭിമുഖം**

**ആര് അകന്നുനില്ക്കുന്നുവോ അവരെ തിരികെ കൊണ്ടുവരുന്നതാണ് പുനരൈക്യം. ഏത് വിഷയത്തിലാണെന്ന് ചിന്തിച്ചാൽ മാത്രം മതി. ചിലർ വിശ്വാസപരമായി, ചിലർ കൗദാശികപരമായി, ചിലർ ദൈവത്തിൽനിന്ന്, ചിലർ സഭയിൽ നിന്ന്. ഇതെല്ലാം പുനരൈക്യം തന്നെയാണ്. പുനരൈക്യം ഒരു ദൈവിക നിയോഗമാണ്. ദൈവത്തിന്റെ ഒരു പദ്ധതിയാണ്. മനുഷ്യാവതാരം തന്നെ പുനരൈക്യം അല്ലേ? സ്വർഗ്ഗവും ഭൂമിയുമായി പുനരൈക്യപ്പെട്ടതല്ലേ?**

### 1. പുനരൈക്യ പ്രവർത്തനങ്ങൾ കൊണ്ട് സമൃദ്ധമായിരുന്ന മൂവാറ്റുപുഴയുടെ മണ്ണിൽ 93–ാം പുനരൈക്യവാർഷികം ആഘോഷിക്കുന്നതിന്റെ പ്രസക്തി പിതാവ് എങ്ങനെ വീക്ഷിക്കുന്നു?

ഇവിടെ മൂവാറ്റുപുഴ ഭദ്രാസനത്തിൽ ഇത് മൂന്നാമത്തെ പുനരൈക്യാഘോഷമാണ്. 2006 ൽ സഭാസംഗമം ഇവിടെ നടന്നു. 2018 ൽ അത് വീണ്ടും ആഘോഷിക്കാനായിട്ടുള്ള തീരുമാനം എടുത്തു. പക്ഷേ, കേരളത്തിലെ ജലപ്രളയം കാരണം അത് മാറ്റി വച്ച് പരിമിതമായ രീതിയിൽ അതാത് രൂപതകളിൽ ആഘോഷിക്കുകയായിരുന്നു. ഇത് മൂന്നാമത്തെ പുനരൈക്യ ആഘോഷമാണ് മൂവാറ്റുപുഴയിൽ നടക്കുക. പുനരൈക്യത്തിന് വളരെ പ്രസക്തമായൊരു ഭൂപ്രദേശമാണിത്. പ്രധാനമായിട്ടും നാം ചിന്തിക്കുകയാണെങ്കിൽ പുനരൈക്യം നടന്ന ഒരു രൂപതയാണ്. പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചനും പീലക്സിനോസ് മെത്രാപ്പോലീത്തായുമൊക്കെ സഭയിലേക്ക് പുനരൈക്യപ്പെട്ട വ്യക്തികളാണ്. അതുപോലെ തൊഴിയൂർ സഭയിൽനിന്നും വൈദികർ കടന്നുവന്നിട്ടുണ്ട്. ഇവിടെ അനേക വൈദികർ പുനരൈക്യപ്പെട്ട് ശുശ്രൂഷ ചെയ്തിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ ഈ രൂപത പുനരൈക്യത്തിന്റെ വളരെ പ്രസക്തമായൊരു ഇടമാണ്. മറ്റൊരു കാരണം എന്നു പറയുന്നത് ഇവിടെ യാക്കോബായ, ഓർത്തഡോക്സ്, സി.എസ്.ഐ. സഭകൾ ഒക്കെയുള്ള ഒരു പ്രദേശമാണ്. അപ്പോൾ സത്യവിശ്വാസത്തിലേക്ക് എല്ലാ സഭാകൂട്ടായ്മയും കൊണ്ടുവരുവാൻ ഉള്ള വലിയൊരു ഉത്തരവാദിത്വം മൂവാറ്റുപുഴ ഭദ്രാസനത്തിനുണ്ടെന്നുള്ളത് വസ്തു

www.malankaralibrary.com


തയാണ്. പക്ഷേ, കാര്യമാത്രമായ പ്രവർത്തനം നടത്താൻ ഇന്നത്തെ സഭകളുടെ പ്രതിസന്ധി കാരണം സാധിക്കുന്നില്ല എന്നുള്ള വസ്തുതയാണ്. അതുകൊണ്ട് നമുക്കും അതുപോലെ പ്രവർത്തിക്കാൻ കഴിയുന്നില്ല. കാരണം നാം ഇടപെടുമ്പോൾ തന്നെ മനസ്സിലാകും, അവർ ആരും ഇങ്ങോട്ട് തിരിയാൻ ഇപ്പോൾ ആഗ്രഹിക്കുന്നില്ല. പ്രശ്നങ്ങൾ തീർക്കാനുള്ള തത്രപ്പാടിലാണ് നില്ക്കുന്നത്.



## 2. കേരള കത്തോലിക്കാസഭ നവീകരണവർഷമായി ആചരിക്കുന്ന ഈ സമയത്ത് പുനരൈക്യ വാർഷികം സഭാനവീകരണത്തിന് നമ്മെ എത്രമാത്രം സഹായിക്കും?

കേരള കത്തോലിക്കാസഭ 2022 മുതൽ 2025 വരെയാണ് നവീകരണ വർഷമായി ആഘോഷിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്. അതിന് പ്രത്യേക കാരണങ്ങളുണ്ടായിരുന്നു. വളരെ പ്രക്ഷുബ്ധമായ സഭാന്തരീക്ഷം, രാഷ്ട്രീയ-സാമൂഹിക ചുറ്റുപാട്, ലഹരി മാഫിയകളുടെ പിടിമുറുക്കം, നമ്മുടെ കുഞ്ഞുങ്ങൾ നമ്മിൽ നിന്ന് വിട്ട് മറ്റ് രാജ്യങ്ങളിലേക്ക് പോകുന്നത്. ഈ വിഷയങ്ങളൊക്കെ സഭാപിതാക്കന്മാർ ഒരുമിച്ച് ചിന്തിക്കുകയും സഭയെ നവീകരിക്കുകയും ചെയ്യാനുള്ള ഒരു മൂന്ന് വർഷത്തെ പദ്ധതി തയ്യാറാക്കുകയും ചെയ്തു. അതിന്റെ ഭാഗമായിട്ടാണല്ലോ മൂവാറ്റുപുഴ രൂപത അതിൽ പ്രത്യേകം ശ്രദ്ധിച്ചത്. മലങ്കര കത്തോലിക്കാ സഭയിൽ ആകമാനം ഈ വിഷയം ശ്രദ്ധിച്ചുവെന്നത് സത്യമാണ്. പ്രത്യേകിച്ച് ഞങ്ങൾ ഈ രൂപതയിൽ ഒരു വർഷത്തെ പരിപാടിയായിട്ടാണ് ഇത് എടുത്തത്. സെപ്റ്റംബർ 20, 21 തീയതികളിലുള്ള ഒരു പരിപാടിയായിരുന്നില്ല. കഴിഞ്ഞ ഒരു വർഷമായിട്ട് അച്ചന്മാരും സിസ്റ്റേഴ്സും അല്മായരും ഒരുമിച്ച് തീവ്രമായ കുറേ കാര്യങ്ങൾ ചെയ്തു. ഉദാഹരണത്തിന് ഒന്ന്, എല്ലാ കമ്മറ്റി അംഗങ്ങളെയും വിളിച്ച് ചേർത്ത് അവർക്ക് വേണ്ടതായ ക്ലാസ്സുകൾ നല്കി. പുതിയ കമ്മറ്റി രണ്ടു വർഷത്തേയ്ക്ക് ആയതുകൊണ്ട് അവർക്ക് പരിശീലനം നല്കുക എന്നത് നല്ലതാണ്. കാരണം, ഇടവക സജീവമാക്കാൻ അവരുടെ ഒരു വലിയ കൈയ്യുണ്ട്. രണ്ട്, എല്ലാ അച്ചന്മാരും വീടുകൾ സന്ദർശിച്ചിരിക്കണം. കുടുംബങ്ങൾ സന്ദർശിച്ച് പ്രാർത്ഥന നടത്തി വീടുകൂദാശ ചെയ്തിരിക്കണം. പുനരൈക്യത്തിനു മുമ്പ് അത് പൂർത്തീകരിച്ചു. അടുത്തത് കൗദാശികമായി അകന്നു നിൽക്കുന്നവരെ തിരിച്ചു കൊണ്ടുവന്നിരിക്കണം. പിന്നീട് ഞങ്ങൾ ചെയ്തത് വൈദിക വിദ്യാർത്ഥികളുടെയും ഇവിടെ സേവനം ചെയ്യുന്ന എല്ലാ സിസ്റ്റേഴ്സിന്റെയും ഒരു സംഗമം ആയിരുന്നു. ഇവ കൂടാതെ വൈദികരുടെ ഒരു തീർത്ഥാടന യാത്രയും നടത്തി. പിന്നെ യുവജനങ്ങളുടെ സംഗമം നടന്നു. മാർപ്പാപ്പ ലിസ്ബണിൽ ഉണ്ടാക്കിയ ഒരു ചലനം ഞങ്ങൾക്കും ഇവിടെ ഉണ്ടാക്കുവാൻ സാധിച്ചു. ഇതോടൊപ്പം കാരുണ്യ പ്രവർത്തികൾ ചെയ്യുവാൻ ഞങ്ങൾ ശ്രദ്ധിച്ചു. ഭവനരഹിതർക്കായി 5 ഭവനങ്ങൾ നിർമ്മിച്ചു. അത് പൂർത്തിയായി. അതോടൊപ്പം പ്രൊഫഷണൽ മേഖലയിൽ പഠിക്കുന്ന 100 കുട്ടികളെ സഹായിക്കുവാൻ പദ്ധതികൾ തയ്യാറായി കഴിഞ്ഞു. ഈ രൂപതയ്ക്ക് ഒരു ക്ലേർജി ഹോം ഇല്ലായിരുന്നു. എന്നാൽ ഈ വർഷം പുനരൈക്യത്തോടുകൂടി അതിന്റെ കൂദാശ കർമ്മം 20-ാം തീയതി നടത്തപ്പെടുന്നു. പേര് സാൻജോസ് എന്നാണ്. സുവിശേഷ സംഘാംഗങ്ങളെ ഒരുമിപ്പിച്ചു. ഇല്ലാതിരുന്ന യൂണിറ്റുകളിലെല്ലാം സുവിശേഷസംഘം രൂപീകരിച്ചു. എല്ലാ സംഘടനകളെയും ശക്തിപ്പെടുത്തി. ആത്മീയമായ നവീകരണത്തിന്റെ മറ്റൊരു ഭാഗമായി ഓരോ മേഖലയിലും ബൈബിൾ കൺവൻഷൻ നടത്തുന്നുണ്ടായിരുന്നു. എല്ലാ ഇടവകകളിലും ദിവ്യകാരുണ്യ ആരാധന നടത്തപ്പെട്ടു.

## 3. മൂവാറ്റുപുഴ പ്രദേശത്ത് പുനരൈക്യവും സുവിശേഷവത്ക്കരണവും എത്രമാത്രം കാര്യക്ഷമമായി നടക്കുന്നു?

പുനരൈക്യം എന്നു പറഞ്ഞാൽ ആര് അകന്നുനില്ക്കുന്നുവോ അവരെ തിരികെ കൊണ്ടുവരുന്നതാണ്. ഏത് വിഷയത്തിലാണെന്ന് ചിന്തിച്ചാൽ മാത്രം മതി. ചിലർ വിശ്വാസപരമായി, ചിലർ കൗദാശികപരമായി, ചിലർ ദൈവത്തിൽനിന്ന്, ചിലർ സഭയിൽ നിന്ന് ഇതെല്ലാം പുനരൈക്യം തന്നെയാണ്. പുനരൈക്യം ഒരു ദൈവിക നിയോഗമാണ്. ദൈവത്തിന്റെ ഒരു പദ്ധതിയാണ്. മനുഷ്യാവതാരം തന്നെ പുനരൈക്യം അല്ലേ? സ്വർഗ്ഗവും ഭൂമിയുമായിട്ട് പുനരൈക്യപ്പെട്ടതല്ലേ?

www.malankaralibrary.com


അപ്പോൾ അത് അടിസ്ഥാനവിഷയമാണ്. അത് എന്നും പ്രസക്തമാണ്, ഏത് കാലഘട്ടത്തിലും. പഴയകാലത്തിലെപ്പോലെ വ്യക്തിഗതമായ പുനരൈക്യത്തിലേക്ക് പോകുന്നതിന് പ്രയാസമാണ്. കാരണം സഭകൾക്കുള്ളിൽ വിള്ളലുകൾ നില്ക്കുന്നതിനാലും എതിർ സാക്ഷ്യങ്ങളും ഏറെ ഉയർന്നുവന്നതിനാലും. പക്ഷേ, ബന്ധങ്ങൾ നാം തുടരും. ബന്ധങ്ങളിലൂടെയാണല്ലോ നമുക്ക് കാര്യങ്ങൾ ചെയ്യാൻ കഴിയുക. ആ ഒരു ബന്ധം മൂവാറ്റുപുഴ ഭദ്രാസനം കാത്തുസൂക്ഷിക്കുന്നു. എല്ലാ പിതാക്കന്മാരും ചുറ്റുപാടുമായും മറ്റ് ജാതി മതസ്ഥരുമായും ബന്ധം സൂക്ഷിക്കാൻ ഞങ്ങൾ പരിശ്രമിക്കുന്നു. അത് ഒരു കാലഘട്ടമാകുമ്പോൾ പുനരൈക്യത്തിലേക്ക് നമ്മെ നയിക്കും എന്നാണ് ഞാൻ വിശ്വസിക്കുന്നത്. സ്നേഹക്കൂട്ടായ്മയാണല്ലോ പല കാര്യങ്ങളിലേക്കും വഴി തുറക്കുന്നത്. ആ വഴി ഞങ്ങൾ തുറന്നിട്ടുണ്ട്. ഗ്രൂപ്പായിട്ട് ഒരു പുനരൈക്യം ഈ കാലഘട്ടത്തിൽ പ്രയാസമാണ്. എന്നാൽ വ്യക്തി-കുടുംബങ്ങളായിട്ട് വരാൻ ഏറെ സാധ്യത നിലനില്ക്കുന്നുണ്ട്.

പല തരത്തിൽ പ്രശ്നങ്ങൾ കൊണ്ട് മാറി നിൽക്കുന്നവരുണ്ട്. അല്ലെങ്കിൽ നമ്മുടെ കൗദാശികമായ ബന്ധത്തിൽ നിന്ന് ഒഴിഞ്ഞു നിൽക്കുന്നവരുണ്ട്. മറ്റ് മതത്തിൽ നിന്ന് ഇങ്ങോട്ട് വരാൻ താല്പ്പര്യം പ്രകടിപ്പിക്കുന്നവരുണ്ട്. അവരെ ഒക്കെ ചേർക്കാനുള്ള തീരുമാനമായിരുന്നു കഴിഞ്ഞ വർഷങ്ങളിൽ ഞങ്ങൾ എടുത്തത്. അങ്ങനെ കുറച്ച് കുടുംബങ്ങളെ കിട്ടി എന്നത് യാഥാർത്ഥ്യമാണ്. നമ്മെ സംബന്ധിച്ച് ഇനി പുനരൈക്യത്തെക്കാൾ കൂടുതൽ, കോയമ്പത്തൂർ മേഖലയിൽ ഒത്തിരി മിഷൻ സാധ്യതയുണ്ട്.

ആവൈ നഗർ, കിണ്ണത്തിൻ കടവ്, ഉക്കടം, പൊള്ളാച്ചി എന്നീ നാല് മിഷനുകളാണ് നമുക്കുള്ളത്. ദൈവത്തെ അറിയാൻ ഈ മനുഷ്യർക്കെല്ലാം താല്പ്പര്യമാണ്. ഒരു കാലത്ത് ഇവിടെ വചനം പ്രസംഗിച്ചിട്ട് ആളുകൾ പോയിട്ടുണ്ട്. നമുക്ക് തമിഴ്നാട്ടിൽ നിന്ന് ഒരു അച്ചനെ കിട്ടിയിട്ടുണ്ട്. നമ്മുടെ ഒരു അച്ചനെ തമിഴ് പഠിപ്പിച്ചിട്ടുണ്ട്. പക്ഷെ, അവരുടെ സംസ്ക്കാരം മനസ്സിലാക്കി ഇടപഴകുന്ന കുറച്ചുപേരുണ്ടെങ്കിൽ നമുക്ക് ഭാവിയിൽ കൂടുതൽ മിഷനുകൾ ആരംഭിക്കാൻ സാധിക്കും. ഒരു കാലഘട്ടത്തിൽ മന്ദീഭവിച്ചിരുന്ന പള്ളികൾ ഇപ്പോൾ സജീവമാകാൻ തുടങ്ങി. വചനം കേൾക്കാൻ അവർക്ക് താല്പ്പര്യമാണ്. പുതിയ മിഷൻ തുടങ്ങാൻ നമുക്ക് സ്ഥലം അവിടെ ഉണ്ട്. പിന്നെ ബഥനി സിസ്റ്റേഴ്സിന്റെയും ഡി.എം. സിസ്റ്റേഴ്സിന്റെയും രണ്ട് മഠങ്ങളുണ്ട്. ബഥനി സിസ്റ്റേഴ്സ് കൂടുതലും വ്യക്തിഗതമായ സുവിശേഷവത്ക്കരണത്തിൽ ശ്രദ്ധിച്ചുകൊണ്ട് ഒരു ചെറിയ ഹെൽത്ത് ക്ലിനിക്ക് നടത്തുന്നു. എന്നാൽ ഡി.എം. സിസ്റ്റേഴ്സ് വീടുവീടാന്തരം കയറിയിറങ്ങിയുള്ള സുവിശേഷ പ്രഘോഷണത്തിലാണ് നിൽക്കുന്നത്. നമ്മുടെ ഭദ്രാസനത്തിന്റെ ഒരു മിഷൻ മുഖമാണ് കോയമ്പത്തൂർ. അവിടെ പ്രവർത്തിച്ചാൽ നമുക്ക് ഭാവിയിൽ ഒരു ഭദ്രാസനത്തിന്റെ തലത്തിലേക്ക് അതിനെ എത്തിക്കാൻ കഴിയുമെന്ന് എനിക്ക് നല്ല ഉറപ്പുണ്ട്. എന്നാൽ ഭാഷ അറിയുന്ന, സമർപ്പണബോധമുള്ള മിഷനറിമാരെ അതിനായി ആവശ്യമാണ്.

### 4. സഹോദരീ സഭകളിലെ പിതാക്കന്മാരുമായും ജനങ്ങളുമായും നമുക്ക് എത്രമാത്രം സഭാപരമായി യോജിച്ചു പ്രവർത്തിക്കുവാൻ ഈ പ്രദേശത്ത് സാധിക്കുന്നുണ്ട്? എക്യുമെനിക്കൽ പുനരൈക്യ ശുശ്രൂഷകൾക്ക് മൂവാറ്റുപുഴ ഭദ്രാസനം ഇന്ന് നല്കുന്ന നേതൃത്വം എന്താണ്?

നല്ല കൂട്ടായ്മ ഈ പ്രദേശത്ത് ഉണ്ടെന്നുള്ളത് വസ്തുതയാണ്. അഭി. പിതാക്കന്മാരുമായി പ്രത്യേകിച്ച് യാക്കോബായ, ഓർത്തഡോക്സ് സഭകളിലെ പിതാക്കന്മാരുമായി ആത്മബന്ധത്തിലാണ് നമ്മുടെ ഭദ്രാസനം. അവർ ഇവിടെ വരുകയും ഞങ്ങൾ അങ്ങോട്ടു പോകുകയും ചെയ്യാറുണ്ട്. പല കാര്യങ്ങളിലും പരസ്പരം ബന്ധപ്പെട്ട് കാര്യങ്ങൾ ചെയ്യുന്നുണ്ട്. ഉദാഹരണമായി ഇവിടെ എല്ലാവർഷവും ഒരു സുവിശേഷപ്രഘോഷണം നടക്കുന്നുണ്ട്. അതിന് യാക്കോബായ, ഓർത്തഡോക്സ് സഭകളിലെ പിതാക്കന്മാർ വന്ന് സംബന്ധിക്കാറുണ്ട്. അവർ നാം ഏത് കാര്യത്തിന് വിളിച്ചാലും നമ്മോടൊപ്പം വരുന്നുണ്ട്. ആളുകളും നമ്മോട് നല്ല സഹകരണമാണ് പുലർത്തുന്നത്. പക്ഷേ, പുനരൈക്യത്തിലേക്ക് എത്തുന്ന കാഴ്ച വിരളമാണ്. എങ്കിലും ഞാനിപ്പോൾ എടുത്തിരിക്കുന്ന ഒരു ലക്ഷ്യം നമ്മുടെ ഇടവകകൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനമാണ്.

### 5. 93-ാം പുനഃരൈക്യ വാർഷികത്തിന്റെ ഒരുക്കങ്ങളെപ്പറ്റി ഒന്ന് വിശദീകരിക്കാമോ?

പ്രാർത്ഥനയുടെ അരൂപി രൂപീകരിക്കുവാൻ ഞങ്ങൾ ശ്രമിച്ചു. മാർ ഈവാനിയോസ് പിതാവിന്റെ ഓർമ്മ എല്ലാ ഇടവകകളിലും നിലനിർത്താൻ വേണ്ട ക്രമീകരണം ചെയ്തു. അതാണല്ലോ ഒരു അടിസ്ഥാന നിയോഗമായിട്ട് നമ്മുടെ മുമ്പിൽ നിൽക്കുന്നത്. കാരണം വടക്കൻ മേഖലയിൽ മാർ ഈവാനിയോസ് പിതാവിന്റെ പേര് അത്ര ഉയർന്നു നിൽക്കുന്നതായി ഞാൻ കണ്ടില്ല. അതുകൊണ്ടാണ് ഇത്തരത്തിൽ ഒരു ക്രമീകരണം ചെയ്തത്. പിന്നീട് എല്ലാവരെയും യോജിപ്പിച്ചുകൊണ്ടും താഴേക്കിടയിൽ നിന്നുള്ള നിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ടും ആണ് ഓരോ കാര്യങ്ങളും ചെയ്തിരിക്കുന്നത്. ഒരു ആത്മീയ പരിവേഷം നല്കണമെന്ന് ഞാൻ സഭാമക്കളോട് പറഞ്ഞിരുന്നു. അതുകൊണ്ടാണ് ഞങ്ങൾ തലേദിവസം സുവിശേഷ പ്രഘോഷണം വച്ചിരിക്കുന്നത്. ദിവ്യകാരുണ്യ ആരാധന ചാപ്പലിൽ ഈ വിഷയത്തെ അധികരിച്ചുള്ള പ്രാർത്ഥനകളാണ് നടക്കുക. നല്ലൊരു ഐക്യം ഇവിടെ

*(ശേഷം പേജ് 28)*




# ചരിത്ര വീഥിയിൽ മൂവാറ്റുപുഴ ഭദ്രാസനം



ഫാ. ജിനോ ആറ്റുമാലിൽ

മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ ഏറ്റവും വിശാലമായ ഭദ്രാസനങ്ങളിൽ ഒന്നാണ് മൂവാറ്റുപുഴ ഭദ്രാസനം. കേരളത്തിൽ എറണാകുളം, തൃശൂർ, പാലക്കാട് എന്നീ റവന്യു ജില്ലകളും ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കും, കോട്ടയം ജില്ലയിൽ മുളക്കുളം പഞ്ചായത്തും തമിഴ്നാട്ടിൽ കോയമ്പത്തൂർ, ഈറോഡ്, സേലം, കരൂർ, പൊള്ളാച്ചി എന്നീ പ്രദേശങ്ങളും ടെറിട്ടറിയായി 2003 – ൽ റോം അനുവദിച്ചിരിക്കുന്നതാണ്.

മലങ്കരയുടെ ക്രൈസ്തവ നാൾവഴികൾ ആരംഭിക്കുന്ന കൊടുങ്ങല്ലൂരും സംഘടിത സ്വഭാവത്തിലേക്ക് സഭ വളർന്ന അങ്കമാലിയും, ഉദയംപേരൂരും, സഭാഗാത്രത്തിലെ പിളർപ്പിനിടമായ മട്ടാഞ്ചേരിയിലെ കൂനൻ കുരിശും, മുളന്തുരുത്തിയും, ആലങ്ങാടും, ഇടപ്പള്ളിയും അടങ്ങുന്ന ക്രൈസ്തവ പെരുമയുടെ സ്ഥലങ്ങളും ഭദ്രാസനത്തിനുള്ളിൽ നിലകൊള്ളുന്നു.

പുത്തൻകൂർ, പഴയകൂർ സമൂഹത്തിന്റെ വിശ്വാസത്തിന്റെയും സാംസ്കാരിക നെടുനായകത്വത്തിന്റെയും കരുത്തും കർമ്മവും കൊണ്ടു രൂപപ്പെട്ട വികസന വഴിത്താരകളാണ് ഈ പ്രദേശത്തിന്റേത്. എന്നാൽ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ വിശാലമായ അതിർത്തികൾ വ്യത്യസ്തമായ സാംസ്കാരിക, സാമൂഹിക ഭൂമിക കൂടിയാണ്. വ്യാവസായിക തലസ്ഥാനമായ കൊച്ചിയും, ഹൈറേഞ്ചിന്റെ കവാടങ്ങളായ കോതമംഗലവും, മൂവാറ്റുപുഴയും, സാംസ്കാരിക തലസ്ഥാന മായ പൂരപ്പെരുമയുടെ തൃശൂരും, ദ്രാവിഡ സംസ്കാരത്തിന്റെ തട്ടകമായ തമിഴ്നാടും,

www.malankaralibrary.com





ആദിവാസികളും, വേദ മതങ്ങളും, തമിഴ് മലയാള സങ്കരസംസ്കാരവും ഒന്നിക്കുന്ന പാലക്കാടൻ മണ്ണും ഏറനാടിന്റെ പൈതൃക പെരുമയും ഉള്ള വ്യത്യസ്ത സാംസ്കാരിക ചരിത്ര സ്ഥലങ്ങളിലാണ് മൂവാറ്റുപുഴ ഭദ്രാസനം അതിന്റെ പ്രവർത്തനങ്ങൾ അഭംഗുരം മുന്നോട്ടു കൊണ്ടുപോകുന്നത്.

### പേരും പുഴയും

മൂവാറ്റുപുഴയെന്ന പേരുണ്ടായത് മൂന്ന് ആറുകൾ – കോതയാറ് (കോതമംഗലം ആറ്) കാളിയാറ്, നീലിയാറ് (തൊടുപുഴയാറ്) എന്നിവ ചേർന്നുണ്ടായ പുഴയുടെ പേരിൽ നിന്നാണ്. ഈ ആറുകളുടെ ത്രിവേണി സംഗമ സ്ഥാനമാണത്. പണ്ട് മൂവാറ്റുപുഴ എന്ന് വിളിക്കപ്പെട്ടിരുന്ന പ്രദേശം തൊടുപുഴയാറിന്റെ കിഴക്കേ തീരമായിരുന്നു. ഇന്ന് അവിടം കിഴക്കേക്കര യെന്നറിയപ്പെടുന്നു. മാറാടി കരയിലായിരുന്നു മൂവാറ്റുപുഴ നഗരം. രായമാംഗലമെന്നും ഈ സ്ഥലം വിളിക്കപ്പെട്ടിരുന്നു. മൂവാറ്റുപുഴ പാലം 1914–ൽ നിർമ്മിച്ചപ്പോൾ ആ പാലത്തിന് മൂവാറ്റുപുഴപാലമെന്നു പേരിടുകയും ആ പേര് എഴുതി വയ്ക്കുകയും ചെയ്തു. അതോടെ ആളുകൾ പാലത്തിന്റെ പ്രദേശത്തെയാകെ മൂവാറ്റുപുഴ എന്ന് വിളിച്ചു. അനേകം കരകൾ ചേർന്ന പ്രദേശമാണിത്. പേരുപോലെ തന്നെ മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ പ്രേക്ഷിത ദേശങ്ങളില്ലെല്ലാം പുഴ ഒരു സാംസ്കാരിക വാഹിനിയായി നിലകൊള്ളുന്നു എന്നത് യാദൃശ്ചികം ആകാം.

### മൂവാറ്റുപുഴയുടെ ആത്മീയ പരിസരങ്ങൾ

മൂവാറ്റുപുഴയുടെ ആത്മീയ പരിസരം രണ്ടു വിധത്തിൽ പ്രധാനപ്പെട്ടതാണ്. ഒന്നാമതായി, മലങ്കര സഭയുടെ ചരിത്രത്തിലെ നിർണായക സംഭവങ്ങൾ അരങ്ങേറിയ സ്ഥലങ്ങൾ ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. രണ്ടാമതായി, അന്ത്യോക്യായിൽ നിന്നും വന്നിട്ടുള്ള മെത്രാന്മാരും അനുയായികളും ഈ പ്രദേശങ്ങളിലെ വിവിധ ഇടവകകളിലാണ് താമസിച്ചിട്ടുള്ളത്. ശീമയിൽ നിന്നും വന്ന പലരും ദയറാകളിൽ നിന്നുള്ളവരായതിനാൽ നിയമമനുസരിച്ചുള്ള പ്രാർത്ഥനകൾ അവർ വസിച്ചിരുന്നതും സന്ദർശിച്ചതുമായ ദൈവാലയങ്ങളിൽ നടത്തിയിരുന്നു. ഇതിൽ പങ്കാളികളായ സാധാരണക്കാർ സിറിയക്കാരോട് പൊതുവെയും അവരുടെ ആരാധനാകേന്ദ്രീകൃതമായ ജീവിതത്തോട് പ്രത്യേകമായും ഭക്തി പുലർത്തിവന്നു. സാമൂഹികവും മനശാസ്ത്രപരവുമായ ഈ അനുഭവങ്ങൾ ഈ പ്രദേശത്തെ ആളുകളുടെ പ്രത്യേകതയാണ്

### ദൈവവിശ്വാസവും സഭാസ്നേഹവും മൂവാറ്റുപുഴയുടെ നന്മകൾ

ഭാരതീയ ക്രൈസ്തവ സംസ്കൃതിയുടെ ഈറ്റില്ലമായ മൂവാറ്റുപുഴ ലത്തീനീകരണ ശ്രമങ്ങളെ പ്രതിരോധിക്കുകയും പൂർവികാചാരങ്ങളെ പുനഃപ്രതിഷ്ഠിക്കുകയും ചെയ്ത നാടാണ്. അന്ത്യോക്യായിൽ നിന്ന് വന്ന സഭാപിതാക്കന്മാരുടെ കർമ്മമണ്ഡലവും അവരിൽ ഭൂരിഭാഗം പേരുടെയും കബറിടങ്ങളും ഈ ദേശത്തിന്റെ സമ്പത്താണ്. പ്രൊട്ടസ്റ്റന്റ് അധിനിവേശത്തിനെതിരെയുള്ള പോരാട്ടവും ഈ മണ്ണിൽ നിന്നു തന്നെയായിരുന്നു. സുറിയാനി ആരാധന രീതിയോടൊപ്പം ഭാരതത്തിന്റെ സാംസ്കാരിക പശ്ചാത്തലത്തിലുള്ള വിവിധ ആചാരാനുഷ്ഠാനങ്ങൾ ഈ പ്രദേശത്തിന്റെ പ്രത്യേകതയാണ്. കേരളീയ നസ്രാണി സമൂഹത്തിന്റെ സ്വന്തമായ ഈ പ്രത്യേകതകളോടെ പുരാതന സഭകളുമായുള്ള സംസർഗ്ഗത്തിൽ വർത്തിക്കുവാൻ സഹായകമായ വിധത്തിൽ വിവിധ സഭകളുമായി സംസ്കാരാധിഷ്ഠിത എക്യുമെനിക്കൽ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുവാൻ മൂവാറ്റുപുഴ രൂപതയ്ക്ക് സാധിക്കുന്നു.

മലങ്കര സഭയിൽ മൂവാറ്റുപുഴ ഭദ്രാസനത്തിന് ഏറെ പ്രസക്തിയുണ്ട്. വാണിജ്യ നഗരം എന്ന് കേൾവികേട്ട അറബിക്കടലിന്റെ റാണിയായ കൊച്ചിയും, സാംസ്കാരിക തലസ്ഥാനം എന്നറിയപ്പെടുന്ന

www.malankaralibrary.com



തൃശ്ശൂരും, ഏറ്റവും വലിയ നഗരവും, കേരളത്തിന്റെ നെല്ലറയുമായി വിശേഷിപ്പിക്കപ്പെടുന്ന പാലക്കാടും, കൈത്തറി കൊണ്ട് ഭാരതത്തിന്റെ മാഞ്ചസ്റ്റർ എന്ന റിയപ്പെടുന്ന തമിഴകത്തെ കോയമ്പത്തൂരും ഉൾക്കൊള്ളുന്ന വിശാലമായ ഭൂപ്രദേശം കൊണ്ട് അനുഗ്രഹീതമാണ് മൂവാറ്റുപുഴ രൂപത.

മൂവാറ്റുപുഴ രൂപതയുടെ നന്മ അതിലെ കുടുംബങ്ങളിലെ ദൈവവിശ്വാസവും വൈദികരോടും സഭയോടുമുള്ള വലിയ സ്നേഹബന്ധവുമാണ്. 'അമ്മയെ മറന്നാലും അന്ത്യോക്യായെ മറക്കില്ല' എന്നതിന്റെ പ്രചാരണങ്ങൾ അനുഭവിച്ചു വന്നതു കൊണ്ടാവാം, ഒരുപക്ഷേ, ഇത്രമാത്രം സഭാബന്ധവും വിശ്വാസവും. പരിശുദ്ധ കത്തോലിക്കാ സഭയിലേക്ക് കടന്നു വന്നതിന്റെ തീവ്രമായ അഭിമാനബോധവും അത് സാക്ഷ്യമായി പ്രകടിപ്പിക്കുവാനുള്ള നിശ്ചയദാർഢ്യവും ഈ പ്രദേശത്തെ ക്രൈസ്തവരുടെ മുഖമുദ്രയായി നിലകൊള്ളുന്നത്.

## തിരുവല്ല രൂപത വിഭജനവും മൂവാറ്റുപുഴ രൂപത സ്ഥാപനവും

കേരളത്തിൽ, തെക്ക് പമ്പാനദി മുതൽ വടക്ക് തമിഴ് നാട്ടിലെ കോയമ്പത്തൂർ, നീലഗിരി, തിരുച്ചിറപ്പിള്ളി, കർണാടകയിലെ മൈസൂർ, ഷിമോഗ, സൗത്ത് കാനറ, ഡിസ്ട്രിക്റ്റുകൾ വരെ അതിവിസ്തൃതമായി വ്യാപിച്ചുകിടന്ന തിരുവല്ല രൂപത വിഭജിച്ച് 1978 ഒക്ടോബർ 28ന് പരിശുദ്ധ ജോൺപോൾ രണ്ടാമൻ മാർപ്പാപ്പ ബത്തേരി രൂപത സ്ഥാപിച്ചു. ബത്തേരി രൂപത സ്ഥാപനത്തിനു ശേഷം കേരളത്തിൽ പത്തനംതിട്ട, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകളിലും തമിഴ്നാട്ടിൽ കോയമ്പത്തൂർ, ജില്ലയിലുമായി വ്യാപിച്ചുകിടന്ന തിരുവല്ല രൂപത വീണ്ടും വിഭജിച്ച് പരിശുദ്ധ പിതാവ് ജോൺപോൾ രണ്ടാമൻ 2003 ജനുവരി 15 ന് മൂവാറ്റുപുഴ രൂപത സ്ഥാപിച്ചു.

മൂവാറ്റുപുഴ, പിറവം, പീച്ചി, കുന്നംകുളം, കരിമ്പ എന്നീ വൈദിക ജില്ലകളും തമിഴ്നാട്ടിലെ മിഷൻ കേന്ദ്രങ്ങളും അടങ്ങുന്ന രൂപതയുടെ ഭരണസിരാകേന്ദ്രമായി മൂവാറ്റുപുഴ വാഴപ്പിള്ളി തിരഞ്ഞെടുക്കപ്പെട്ടു. രൂപതയിലെ അംഗസംഖ്യയിലും ഇടവകകളുടെയും വൈദികരുടെയും സന്യസ്തരുടെയും എണ്ണത്തിലും സ്ഥാപനങ്ങളുടെ വളർച്ചയിലും ഈ കാലയളവിൽ വർദ്ധനവുണ്ടായിട്ടുണ്ട്. രൂപതാ പ്രദേശത്ത് സാമൂഹിക- സാംസ്കാരിക-സാമ്പത്തിക മേഖലകളിൽ ഇടപെടാനും ഒട്ടേറെ പുരോഗതിയിലേക്ക് സമൂഹത്തെ വളർത്താനും രൂപതയ്ക്ക് സാധിച്ചിട്ടുണ്ട്. മൂവാറ്റുപുഴ ഭദ്രാസനത്തിന് നേതൃത്വം നൽകിയ പിതാക്കന്മാർ തന്നെയാണ് മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ സമ്പന്നത. പ്രഥമ മെത്രാപ്പോലീത്ത ആയിരുന്ന മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പ് തോമസ് മാർ കൂറിലോസ് തിരുമേനിയുടെയും അതിനെ തുടർന്ന് മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ഭരണ സാരഥ്യം ഏറ്റെടുത്ത അഭിവന്ദ്യ എബ്രഹാം മാർ യൂലിയോസ് തിരുമേനിയുടെയും ഇപ്പോൾ മൂവാറ്റുപുഴ ഭദ്രാസനത്തെ ആത്മീയമായി നയിച്ചു കൊണ്ടിരിക്കുന്ന അഭിവന്ദ്യ യൂഹാനോൻ മാർ തിയഡോഷ്യസ് തിരുമേനിയുടെയും നേതൃത്വത്തിൽ ആത്മീയതയിലും വികസനത്തിലും അഭിമാനകരമായ പുരോഗതി പ്രാപിക്കുവാൻ മൂവാറ്റുപുഴ ഭദ്രാസനത്തിന് കഴിഞ്ഞിട്ടുണ്ട്.

ഭദ്രാസനം ദൈവജനത്തിന്റെ മാത്രമല്ല രൂപത അതിർത്തിയിൽ വരുന്ന എല്ലാ വിഭാഗം ജനങ്ങളുടെയും സമഗ്ര വികസനം ലക്ഷ്യം വച്ചാണ് പ്രവർത്തിക്കുന്നത്. അതാണ് ഒരു പ്രാദേശിക സഭ എന്ന നിലയിൽ ഒരു രൂപതയുടെ ദൈവദത്തമായ ദൗത്യം. അതിനാൽ രൂപതാ അംഗങ്ങളുടേതുപോലെ തന്നെ പൊതുസമൂഹത്തിന്റെയും ആത്മീയ, സാമൂഹ്യ, സാംസ്കാരിക, സാമ്പത്തിക, വിദ്യാഭ്യാസ, ആരോഗ്യ പുരോഗതി ലക്ഷ്യമാ



www.malankaralibrary.com



ക്കിയാണ് മൂവാറ്റുപുഴ രൂപത പ്രവർത്തിക്കുന്നത്. ഈ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനായി രൂപതയിൽ വിവിധ കാര്യാലയങ്ങൾ പ്രവർത്തിക്കുന്നു. മതബോധനം, ആരാധനാക്രമം, സുവിശേഷസംഘം, ബൈബിൾ അപ്പസ്തോലേറ്റ്, ഫാമിലി അപ്പസ്തോലേറ്റ്, സാമൂഹ്യ ക്ഷേമം, വിദ്യാഭ്യാസം, മദ്യവർജ്ജനം, M.C.Y.M, M.C.A, മലങ്കര കാത്തലിക് ചിൽഡ്രൻസ് ലീഗ്, സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി, കുടുംബ കൂട്ടായ്മകൾ, മദേഴ്സ് ഫോറം കൂടാതെ, കേരള ലേബർ മൂവ്മെന്റ് (K. L. M), ടീച്ചേഴ്സ് ഗിൽഡ് എന്നീ സംഘടനകളും പ്രവർത്തിക്കുന്നു.

## സന്യാസ സമൂഹങ്ങൾ

രൂപതയുടെ അജപാലന പ്രവർത്തനങ്ങളിലും ഇടവക ഭരണത്തിലും സഹായിക്കുന്ന സന്യാസ സമൂഹങ്ങൾ രൂപതയിൽ സേവനം അനുഷ്ഠിക്കുന്നുണ്ട്. ബഥനി സന്യാസ സമൂഹം (O.I.C) ബഥനി സന്യാസിനി സമൂഹം (S.I.C) ഡോട്ടേഴ്സ് ഓഫ് മേരി (D.M) ഹോളി സ്പിരിറ്റ് സിസ്റ്റേഴ്സ് (O.S.S) ദീന സേവന സന്യാസിനീ സഭ (D.S.S) എന്നിവയാണവ. ഇടവക ശുശ്രൂഷകളിൽ സഹായിക്കുന്നതിനു പുറമേ, ഓരോ സന്യാസ സമൂഹവും തങ്ങളുടെതായ വിദ്യാഭ്യാസ-ചാരിറ്റബിൾ സ്ഥാപനങ്ങളിലൂടെ പൊതുസമൂഹത്തെ സേവിക്കുന്നു. ഈ സന്യാസ സമൂഹങ്ങളെല്ലാം രൂപതയുടെ അജപാലന പ്രവർത്തനങ്ങളിൽ ത്യാഗനിർഭരവും ഔദാര്യപൂർവ്വവുമായ സഹായസഹകരണങ്ങളാണ് നൽകുന്നത്.

## വിദ്യാഭ്യാസ പ്രവർത്തനങ്ങൾ

ആഗോള കത്തോലിക്കാ സഭയുടേതെന്നപോലെ മൂവാറ്റുപുഴ രൂപതയുടെയും പ്രധാന ദൗത്യങ്ങളിൽ ഒന്നാണ് വിദ്യാഭ്യാസ പ്രവർത്തനം. വിദ്യാഭ്യാസത്തിലൂടെ മാത്രമേ ഒരുവന് സാംസ്കാരിക- സാമൂഹിക- വൈകാരിക -ബൗദ്ധിക വളർച്ച കൈവരിക്കുവാൻ കഴിയുകയുള്ളൂ എന്ന സത്യം തിരിച്ചറിയുന്ന മൂവാറ്റുപുഴ രൂപത വിദ്യാഭ്യാസ രംഗത്ത് സ്തുത്യർഹമായ സേവനം നടത്തിവരുന്നു. ഹയർസെക്കൻഡറി സ്കൂളുകൾ, ഹൈസ്കൂളുകൾ, യു.പി സ്കൂളുകൾ, പ്രൈമറി സ്കൂളുകൾ, അൺ എയ്ഡഡ് സ്കൂളുകൾ, ഐ.ടി.ഐ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലൂടെ അനേകം വിദ്യാർത്ഥികൾക്ക് അക്ഷര വെളിച്ചം പകരുകയും അവരുടെ ഭാവി ഭാസുരമാക്കാൻ സഹായിക്കുകയും ചെയ്യുന്നു. ഈ വർഷം ആരംഭിച്ച മോർ ഈവാനിയൻ ആർട്സ് കോളേജ് അതിനു ഉത്തമ ഉദാഹരണമാണ്.

## സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ

സമൂഹത്തിലെ പാവപ്പെട്ടവരുടെയും പാർശ്വവൽക്കരിക്കപ്പെട്ടവരുടെയും പക്ഷം ചേരുകയും അവരുടെ പ്രയാസങ്ങളിലും പ്രശ്നങ്ങളിലും ഇടപെട്ട് അവർക്ക് അത്താണിയും ആശ്വാസമാവുകയും ചെയ്ത ക്രിസ്തുനാഥന്റെ തുടർച്ചയായ സഭയുടെ പ്രവർത്തനങ്ങളിലും ഈ പക്ഷംചേരൽ ഒരു അനിവാര്യതയാണ്. ആയതിനാൽ, മൂവാറ്റുപുഴ രൂപത അതിന്റെ സാമൂഹ്യ ക്ഷേമ വിഭാഗമായ 'സമൃദ്ധി' യിലൂടെ വളരെ പ്രശംസനീയമായ രീതിയിൽ വിവിധ സാമൂഹ്യ ക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നു. സമൂഹത്തിന്റെ താഴെത്തട്ടിലുള്ളവരെ സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സാമ്പത്തിക സ്വയം പര്യാപ്തതയിലേക്ക് എത്തിക്കുന്നതിനും സാമൂഹ്യ തിന്മകളിൽ നിന്നും മോചിപ്പിക്കുന്നതിനും രൂപതയ്ക്ക് കഴിയുന്നുണ്ട്.

## ഉപവി പ്രവർത്തനങ്ങൾ

"എന്റെ ഏറ്റവും എളിയ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തത്" (മത്തായി 25:40) എന്ന യേശുനാഥന്റെ വാക്കുകളാണ് മൂവാറ്റുപുഴ ഭദ്രാസനത്തിന്റെ ഉപവി പ്രവർത്തനങ്ങളുടെ പ്രചോദനം. മൂവാറ്റുപുഴ രൂപതയിൽ കുന്നംകുളത്തിനടുത്ത് അഞ്ഞൂരിൽ ഒരു വൃദ്ധസദനവും ബഥനി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ കുന്നുകുരുടിയിൽ ബുദ്ധി വികാസം പ്രാപിക്കാത്തവർക്കും മാനസികരോഗം ഉള്ളവർക്കും വേണ്ടിയുള്ള ഭവനവും, പോത്താനിക്കാട് പാലിയേറ്റീവ് കെയർ സെന്ററും പ്രവർത്തിക്കുന്നു.

രൂപത സ്ഥാപിക്കപ്പെട്ടതിനുശേഷം വിവിധ മേഖലകളിൽ പ്രശംസനീയമായ വളർച്ച രൂപത കൈവരിച്ചിട്ടുണ്ട്. പുതിയ ഇടവകകൾ തുടങ്ങാനും കത്തീഡ്രൽ ദേവാലയം ഉൾപ്പെടെ വിവിധ ദേവാലയങ്ങൾ പുതുക്കിപ്പണിയാനും സ്കൂളുകൾ ആരംഭിക്കാനും നിരവധി സാമൂഹിക ക്ഷേമ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പാക്കാനും കഴിഞ്ഞിട്ടുണ്ട്. 93-ാം പുനരൈക്യ ദിനാഘോഷത്തിനും സഭാസംഗമത്തിനും മൂവാറ്റുപുഴ ഭദ്രാസനം ആതിഥേയത്വം വഹിക്കുമ്പോൾ ക്രിസ്തു ആകുന്ന അടിത്തറയിൽ പണിയപ്പെട്ട സഭയുടെ മക്കളായ നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. മനുഷ്യകുലത്തെ ദൈവത്തോട് യോജിപ്പിക്കുകയും വിഭജനങ്ങളും വിഭാഗീയതകളും മറന്ന് മനുഷ്യസമൂഹം മുഴുവനെയും ക്രിസ്തുവിൽ ഒന്നാക്കുക എന്നതാണ് സഭൈക്യ ലക്ഷ്യം. സഭൈക്യം എന്ന ക്രൈസ്തവ ദൗത്യം പുനരൈക്യ ശിൽപ്പിയും ദൈവദാസനുമായ മാർ ഈവാനിയോസ് പിതാവിന്റെ സുവിശേഷീകരണ ദർശനത്തിന്റെ ഭാഗമാണ്.

ക്രിസ്തുവിന്റെ മനസ്സിനിണങ്ങിയ സഭൈക്യത്തിന്റെ പാതയിൽ ഈ ആധുനിക കാലഘട്ടത്തിലും സുവിശേഷീകരണത്തിന്റെ ഭാഗമായി മാറുവാൻ മൂവാറ്റുപുഴ ഭദ്രാസനത്തിന് സാധിക്കട്ടെ.

●

www.malankaralibrary.com





# പുനരൈക്യപ്രേഷിത ശുശ്രൂഷ മൂവാറ്റുപുഴയിൽ



**ഫാ. മത്തായി കടവിൽ**
**ഒ.ഐ.സി.**

ഉദയംപേരൂർ സൂന്നഹദോസിലും കൂനൻകുരിശുസത്യത്തിലും സജീവമായി പങ്കുചേർന്നവരാണ് മൂവാറ്റുപുഴ പ്രദേശത്തെ ക്രിസ്ത്യാനികൾ. 1653 മുതൽ സഭയിലുണ്ടായ പിളർപ്പിന്റെ വേദന അനുഭവിച്ചവർ. പിളർപ്പിന്റെ നാളുകൾ മുതൽ സഭൈക്യത്തിനുവേണ്ടിയുള്ള പരിശ്രമങ്ങളിലും ഇവിടത്തുകാർ പങ്കാളികളായിരുന്നു. 1882-ൽ നിധീരിക്കൽ മാണി കത്തനാരും പുലിക്കോട്ടിൽ മാർ ദിവന്നാസ്യോസ് തിരുമേനിയും ചേർന്ന് ആരംഭിച്ച നസ്രാണി ജാതൈക്യ സംഘടനയുടെ നേതൃത്വത്തിൽ നടന്ന പുനരൈക്യ പ്രവർത്തനങ്ങൾ പ്രധാനമായും ഈ പ്രദേശങ്ങളിലാണ് നടന്നത്. ഇതിന്റെ ഭാഗമായി പുനരൈക്യത്തിലേക്ക് ആദ്യം കടന്നുവന്ന വൈദികർ റോമിന്റെ അനുമതിയോടെ സുറിയാനി കത്തോലിക്കാസഭയുടെ അന്ത്യോക്യൻ ക്രമമനുസരിച്ചുള്ള വി.കുർബാന അർപ്പിച്ചത് കൂത്താട്ടുകുളത്തിന് സമീപമുള്ള വടകര കത്തോലിക്കാ പള്ളിയിൽ വച്ചായിരുന്നു. മുപ്പതുവർഷങ്ങൾക്കുശേഷം 1821 ജൂലൈ 5-ന് പുനരൈക്യപ്പെടുന്ന മലങ്കര വൈദികരെ കത്തോലിക്കാസഭയിൽ സ്വീകരിക്കുന്നതിനും മലങ്കര റീത്തിൽ വി. കുർബാനയർപ്പിക്കുന്നതിനുമുള്ള അനുമതി സീറോ മലബാർ സഭയ്ക്ക് ലഭിച്ചു. തുടർന്ന് എറണാകുളം വികാരിയേറ്റിന്റെ നേതൃത്വത്തിൽ ആരംഭിച്ച പുനരൈക്യ പ്രേഷിത ശുശ്രൂഷയാണ് ഈ പ്രദേശത്തെ മലങ്കര കത്തോലിക്കാ സഭയുടെ പ്രവർത്തനങ്ങൾക്ക് അസ്ഥിവാരമിട്ടത്. 1926-ൽ

www.malankaralibrary.com


എറണാകുളം രൂപതയുടെ ഭാഗമായി ആരംഭിച്ച കുന്നുക്കുരുടി മിഷനാണ് മൂവാറ്റുപുഴ രൂപതയിലെ പ്രഥമദേവാലയമായി വളർന്നത്. 1930 സെപ്റ്റംബർ 20-ാം തീയതിയിലെ മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യത്തോടെ എറണാകുളം വികാരിയേറ്റിലെ പുനരൈക്യപ്രവർത്തനങ്ങൾ മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ പ്രവർത്തനങ്ങളോട് ചേർക്കപ്പെട്ടു. എറണാകുളം രൂപതയിലെ പുനരൈക്യപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ ജോസഫ് മേനാച്ചേരിയച്ചനെ അഗസ്റ്റിൻ കണ്ടത്തിൽ പിതാവിന്റെ അനുമതിയോടെ തിരുവല്ലാ രൂപതുടെ ഭാഗമായ മൂവാറ്റുപുഴ പ്രദേശത്തെ വേദപ്രചാര ഡയറക്ടറായി തെയോഫിലോസ് പിതാവ് നിയോഗിച്ചു. ഇദ്ദേഹത്തെ സഹായിക്കാനായി കോട്ടയം സ്വദേശിയും വിവാഹത്തോടെ ചെങ്ങരൂർ ഇടവകക്കാരനുമായ തോമസ് പടിഞ്ഞാറേക്കൂറ്റിനെയും (ഫാ.തോമസ് പടിഞ്ഞാറേക്കൂറ്റിന്റെ പിതാവ്), കല്ലൂപ്പാറ സ്വദേശിയായ തോമസിനെയും ഉപദേശിമാരായും തെയോഫിലോസ് തിരുമേനി നിയോഗിച്ചു. ഇവർ രണ്ടുപേരും യഥാക്രമം കുന്നുക്കുരുടിയും മൂവാറ്റുപുഴയും കേന്ദ്രമാക്കി പ്രവർത്തിച്ചു. താമസിയാതെ മേനാച്ചേരിയച്ചന്റെ ശ്രമഫലമായി 1931 മാർച്ച് 8-ാം തീയതി പെരുമ്പാവൂർ സ്വദേശി തോംബ്രാ അച്ചൻ കത്തോലിക്ക വിശ്വാസം സ്വീകരിച്ചു. പെരുമ്പാവൂർ മുൻസിപ്പൽ കൗൺസിലറും പൊതുപ്രവർത്തകനുമായിരുന്ന തോംബ്രയച്ചന്റെ സഹായത്തോടെ പെരുമ്പാവൂർ, പുതുപ്പന, ക്രാരിയേലി, കുറിപ്പുംപടി എന്നീ സ്ഥലങ്ങളിൽ മിഷൻ ആരംഭിച്ചു. തോംബ്രയച്ചന്റെ മകളാണ് മദർ സ്കൊളാസ്റ്റിക്ക എന്നതും സ്മരണീയമാണ്.

മേനാച്ചേരിയച്ചന്റെ ശ്രമഫലമായി പുനരൈക്യപ്പെട്ട മറ്റൊരു വ്യക്തിയാണ് പീറ്റർ രാമനാട്ടച്ചൻ. ഇദ്ദേഹം കുന്നുക്കുരുടി സ്വദേശിയും ബഥനി മഠത്തിന്റെ പ്രഥമ മദറായ മദർ ശൈനോയുടെയും സ്ലീബാദാസ സമൂഹസ്ഥാപകൻ പത്രോസ് മൂക്കാഞ്ചേരി പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെയും മൂത്ത സഹോദരിയുടെ മകനായിരുന്നു. പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടെ പാത പിന്തുടർന്ന് സ്ലീബാദാസ സമൂഹത്തിലെ അംഗമായിട്ടാണ് അച്ചൻ ശുശ്രൂഷ ആരംഭിച്ചത്. 1931 ൽ വൈദീകപട്ടം സ്വീകരിച്ച രാമനാട്ടച്ചൻ കോതമംഗലം ചെറിയപള്ളിയിലെ സഹവികാരിയായിട്ടാണ് പ്രവർത്തനം ആരംഭിച്ചത്. ഇക്കാലയളവിൽ പുനരൈക്യത്തെ എതിർത്തുകൊണ്ട് ധാരാളം ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. ഇത് അധികകാലം നീണ്ടു നിന്നില്ല. കുന്നുക്കുരുടിയിലായിരുന്നപ്പോൾ തന്നെ കത്തോലിക്കാസഭയെക്കുറിച്ച് അറിയുകയും പഠിക്കുകയും ചെയ്തിരുന്ന രാമനാട്ടച്ചൻ മാതൃസഹോദരി മദർ ശൈനോയുടെ പ്രേരണയാൽ കത്തോലിക്കാ വിശ്വാസത്തിലേയ്ക്ക് കടന്നുവന്നു. മേനാച്ചേരിയച്ചന്റെയും തോംബ്രാ അച്ചന്റെയും സന്ദർശനവും ദൈവശാസ്ത്ര സംവാദങ്ങളും ഇതിനെ ബലപ്പെടുത്തി. നിരന്തരമായ പഠനത്തിന്റെയും പ്രാർത്ഥനയുടെയും ഫലമായി 1932 ജനുവരി 2-ാം തീയതി തിരുവല്ല രൂപതയുടെ മെത്രാപ്പോലീത്തയായിരുന്ന തെയോഫിലോസ് തിരുമേനിയുടെ അടുക്കൽ കത്തോലിക്കാ വിശ്വാസം ഏറ്റുപറഞ്ഞു. അച്ചന്റെ പന്ത്രണ്ടുമക്കളിൽ നാലുപേർ (സി. റെജീന എസ്.ഐ.സി, സി. ബ്രിജിറ്റ് എസ്.ഐ.സി, സി. ഷൈനാ മേരി എസ്.ഐ.സി, കൊച്ചുറാണി പീറ്റർ ഡി.എച്ച്.എം) സന്യാസസമർപ്പണത്തിലൂടെ സഭാശുശ്രൂഷയിൽ പ്രവേശിച്ചു.

പുനരൈക്യവഴിയിലെ ഏറ്റവും സുപ്രധാന വ്യക്തികളിൽ ഒരാളാണ് രാമമംഗലം സ്വദേശിയായ പുലയംകാട്ടിൽ യോഹന്നാൻ കത്തനാർ. വടക്കൻ പറവൂർ, പാമ്പാക്കുട തുടങ്ങിയ പള്ളികളുടെ വികാരിയായിരുന്ന പുലയങ്കാട്ടിലച്ചൻ 1916-20 കാലഘട്ടങ്ങളിൽ ശ്രീമൂലം പ്രജാസഭാമെമ്പർ ആയിരുന്നു. ക്നാനായ സമുദായങ്ങളുടെ ഐക്യത്തിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം വഹിച്ച അച്ചൻ 1922 ൽ കോട്ടയം രൂപതയിൽ ചേർന്നു. രാമമംഗലം സ്വദേശി തുരുത്തേൽ ശ്രീ കോരച്ചാണ്ടി 1921 സെപ്റ്റംബർ 30-ാം തീയതി പുനരൈക്യപ്പെട്ട് കോട്ടയം രൂപതാംഗമായി (ഇദ്ദേഹത്തിന്റെ മകനാണ് പരേതനായ







മാത്യൂസ് തുരുത്തേൽ ഒ.ഐ.സി.) 1929 ഏപ്രിൽ മാസത്തിൽ ചേലോടത്തിൽ ഔസേഫ് ഭാര്യ മറിയം സഹോദരൻ യോഹന്നാനും കത്തോലിക്ക വിശ്വാസം സ്വീകരിച്ചു. (ഔസേഫ് മറിയം ദമ്പതികളുടെ മകനാണ് പരേതനായ ഫാ. സാവ്യോ ഒ.ഐ.സി.). രാമമംഗലത്തെ പുനരൈക്യപ്രവർത്തനങ്ങളറിഞ്ഞ് കടന്നുവന്ന മേനാച്ചേരിയച്ചന്റെ ശ്രമഫലമായി കുര്യാക്കോസ് തറേപ്പട്ടയ്ക്കലച്ചനും അച്ചന്റെ സഹോദരപുത്രൻ കുര്യാക്കോസ് തറേപ്പാട്ടയ്ക്കൽ ശെമ്മാശ്ശനും വല്യച്ചന്റെ സുഹൃത്തുക്കളും ബന്ധുക്കളുമായി 20 ക്നാനായ കുടുംബങ്ങൾ 1931 നവംബർ മാസത്തിൽ പുനരൈക്യപ്പെട്ടു. ഇവരുടെ നേതൃത്വത്തിൽ ആരംഭിച്ച ഇടവകയാണ് പുതൃക്ക സെന്റ് ജെയിംസ് ദേവാലയം. ഈ ഇടവക 1936 മുതൽ '48 വരെ കർമ്മലീത്താ മിഷനറിമാരുടെ പരിചരണത്തിലായിരുന്നു. ഇവരുടെ ശ്രമഫലമായി ക്നാനായ സമുദായത്തിൽപ്പെട്ട ചിങ്ങവനം രൂപതക്കാരായ കുര്യാക്കോസ് നെല്ലാട്ടച്ചൻ 1946-ലും (മൂവാറ്റുപുഴ രൂപതയിലെ ബോസ് നെല്ലാട്ടച്ചൻ, കുര്യാക്കോസ് നെല്ലാട്ടച്ചന്റെ കൊച്ചുമകനാണ്) മൂന്നു വർഷത്തിനുശേഷം 1949-ൽ ജോസഫ് പുത്തുമണ്ണത്ത് അച്ചനും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. തിരുവല്ലായിൽ നിന്നും ചെത്തിപ്പുഴ കർമ്മലീത്താ ആശ്രമത്തിൽ ധ്യാനത്തിനായി അയയ്ക്കപ്പെട്ട പുത്തുമണ്ണത്തച്ചനോട് ക്നാനായക്കാർ കോട്ടയം രൂപതയിലാണ് ചേരേണ്ടതെന്ന് പ്ലാസിഡ് പൊടിപ്പാറ അച്ചൻ നിർദ്ദേശിച്ചതനുസരിച്ച് ജോസഫച്ചൻ കോട്ടയം രൂപതയിലേക്ക് മാറി.

മേനാച്ചേരിയച്ചന്റെ അടുത്ത പ്രവർത്തനമണ്ഡലം അഞ്ചൽപ്പെട്ടിയായിരുന്നു. ഇക്കാലഘട്ടത്തിൽ സഭയിലെ ഭിന്നതകളിൽ അസ്വസ്ഥനായിരുന്ന കോനാട്ട് മാക്കിൽ അബ്രഹാം അച്ചൻ മേനാച്ചേരിയച്ചനുമായുള്ള സമ്പർക്കത്തിൽ കത്തോലിക്ക സഭയുമായി പുനരൈക്യപ്പെട്ടു. അദ്ദേഹത്തോടൊപ്പം മരുമകൻ കുമ്പളംകുന്നേലച്ചനും മകൻ ലാസ്സർ കോനാട്ട് ശെമ്മാശ്ശനും പുനരൈക്യപ്പെട്ടു. അഞ്ചൽപ്പെട്ടി സ്വദേശിയായ ഗീവർഗ്ഗീസ് നടുവിലേടത്തച്ചൻ (ഓണക്കൂർ അച്ചൻ) 1937-ൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. അവിവാഹിതനായിരുന്ന ഓണക്കൂറച്ചൻ തിരുവല്ല മൈനർ സെമിനാരിയിൽ സുറിയാനി ഭാഷയും ആരാധനാസംഗീതവും അഭ്യസിപ്പിക്കുന്ന മല്പാനായി ശുശ്രൂഷിച്ചിരുന്നു.

മേനാച്ചേരി അച്ചന്റെ മറ്റൊരു പ്രവർത്തന മണ്ഡലമായിരുന്നു തൊടുപുഴയ്ക്ക് സമീപമുള്ള ഉടുമ്പന്നൂർ പ്രദേശം. ഓണക്കൂർ സ്വദേശിയും മാമലശ്ശേരി ഇടവകാംഗവുമായിരുന്ന പിലിപ്പോസ് വാക്കനാംപാടത്തിൽ കശ്ശീശ ഏതാനും വർഷം സ്വന്തം ഇടവകയിൽ ശുശ്രൂഷ നിർവ്വഹിച്ചു. തുടർന്ന് അച്ചന്റെ കുടുംബം തൊടുപുഴയ്ക്കു സമീപം മുളപ്പുറത്തേക്ക് കുടിയേറിത്താമസിച്ചു. 1923-'30 കാലഘട്ടത്തിൽ മുളപ്പുറം വികാരിയായി ശുശ്രൂഷ നിർവ്വഹിച്ച അച്ചൻ അമയപ്രായിൽ പുതിയ ദേവാലയം തുടങ്ങുന്നതിനും നേതൃത്വം വഹിച്ചു. ഇക്കാലയളവിൽ മേനാച്ചേരി അച്ചൻ കരിമണ്ണൂർ കത്തോലിക്കാ പള്ളിയിലെ വികാരി ചിറമേൽ ജോസഫച്ചന്റെ സഹായത്തോടെ ഉടുമ്പന്നൂരിൽ നടത്തിയ കൺവൻഷനെ തുടർന്ന് 1932 ൽ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. താമസിയാതെ ഉടുമ്പന്നൂരിൽ തിരുവല്ല രൂപതയുടേതായി ഒരു പ്രാഥമിക വിദ്യാലയം ആരംഭിക്കുന്നതിന് അദ്ദേഹം നേതൃത്വം വഹിച്ചു. 1947 ഒക്ടോബർ 7ന് നിര്യാതനായ അദ്ദേഹത്തെ സേവേറിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ എറണാകുളം രൂപതയുടെ നെയ്യാശ്ശേരി ഇടവകയിലാണ് സംസ്കരിച്ചത്. അവിവാഹിതനായ അദ്ദേഹത്തിന്റെ സഹോദരൻ വാക്കനാംപാടത്തിൽ ചാക്കോ ബത്തേരി രൂപതയിലെ ഉപ്പട്ടി ഇടവകയുടെ സ്ഥാപകാംഗങ്ങളിൽ ഒരാളാണ്. ഓണക്കൂർ ഇടവക ആരംഭിച്ചപ്പോൾ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളിൽ ചിലർ കത്തോലിക്കാസഭയിൽ പ്രവേശിക്കുകയുണ്ടായി. ബത്തേരി പ്രൊവിൻസിലെ സിസ്റ്റർ ടെസ്സ എസ്.ഐ.സിയും മൂവാറ്റുപുഴ പ്രൊവിൻസിലെ സിസ്റ്റർ മാഗി എസ്.ഐ.സിയും വാക്കനാംപാടം കുടുംബാംഗങ്ങളാണ്.

**ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോടൊപ്പം പുനരൈക്യപ്പെട്ടവരിൽ വടക്കൻ പ്രദേശത്ത് നിന്നും പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചൻ മാത്രമാണുണ്ടായിരുന്നത്. 1929 ഏപ്രിൽ 14-ന് റമ്പാൻപട്ടം ലഭിച്ച അദ്ദേഹം മെത്രാൻ സ്ഥാനം തന്നെ ഉപേക്ഷിച്ചാണ് മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം പുനരൈക്യ പ്രസ്ഥാനത്തിൽ പങ്കുചേർന്നത്.**

മേനാച്ചേരിയച്ചന്റെ മറ്റൊരു പ്രവർത്തന മണ്ഡലം തമ്മാനിമറ്റമായിരുന്നു. കോലഞ്ചേരിയിലെ കോട്ടൂർ ഇടവകയുടെ വികാരിയായിരുന്ന താമരച്ചാലിൽ അച്ചൻ (മേനാച്ചേരി സ്മരണികയിൽ - പരുത്തുവേലിൽ എന്നാണ് പരാമർശിച്ചിരിക്കുന്നത്) മേനാച്ചേരിയച്ചന്റെ ശ്രമഫലമായി ഇക്കാലയളവിൽ പുനരൈക്യപ്പെട്ടു. അദ്ദേഹത്തിന്റെ ഭാര്യ ചീരകത്തോട്ടത്തിൽ കോർ എപ്പിസ്കോപ്പായുടെ (ശ്രീ. ബാബു പോൾ IASന്റെ പിതാവ്) സഹോദരിയായിരുന്നു. യാക്കോബായ സഭയിലെ പ്രബലകുടുംബമായ ചീരകത്തോട്ടക്കാരുടെ നിർബന്ധപൂർവ്വകമായ ഇടപെടൽ വഴി താമസിയാതെ അദ്ദേഹം യാക്കോബായ സഭയി

ലേയ്ക്ക് തിരികെപോയി. തോംബ്ര അച്ചന്റെ നേതൃത്വത്തിൽ കേച്ചേരി-പുതുമന കുടുംബങ്ങളുടെ സഹകരണത്തോടെ തമ്മാനിമറ്റം ഇടവക കത്തോലിക്ക സഭയിൽ തുടർന്നു.

ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനോടൊപ്പം പുനരൈക്യപ്പെട്ടവരിൽ വടക്കൻ പ്രദേശത്ത് നിന്നും പുലിക്കോട്ടിൽ ജോസഫ് റമ്പാച്ചൻ മാത്രമാണുണ്ടായിരുന്നത്. 1929 ഏപ്രിൽ 14-ന് റമ്പാൻപട്ടം ലഭിച്ച അദ്ദേഹം മെത്രാൻ സ്ഥാനം തന്നെ ഉപേക്ഷിച്ചാണ് മാർ ഈവാനിയോസ് തിരുമേനിയോടൊപ്പം പുനരൈക്യ പ്രസ്ഥാനത്തിൽ പങ്കുചേർന്നത്. കുന്നംകുളം ഇടവക അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സ്ഥാപിച്ചെങ്കിലും ഈ പ്രദേശങ്ങളിൽ പുനരൈക്യ പ്രേഷിതശുശ്രൂഷകളിൽ അച്ചന്റെ പങ്ക് പരിമിതമായിരുന്നു. മേനാച്ചേരിയച്ചന്റെ നേതൃത്വത്തിൽ നടന്ന പുനരൈക്യം ഈ കുറവ് പരിഹരിച്ചു.

മൂവാറ്റുപുഴ പ്രദേശത്തെ പുനരൈക്യപ്രേഷിത ശുശ്രൂഷയുടെ രണ്ടാംഘട്ടം 1940-കളിൽ ആരംഭിച്ചു. തിരുവല്ല രൂപതയിൽ ചേർന്ന വൈദികരുടെ നേതൃത്വത്തിൽ പിറവം കേന്ദ്രീകരിച്ചാണ് ഇത് നടന്നത്. ഇവരുടെ ശ്രമഫലമായി തൈക്കാട്ടിൽ പൗലോസച്ചനും അദ്ദേഹത്തിന്റെ മകൻ തൈക്കാട്ടിൽ ജേക്കബ് അച്ചനും 1939 നവംബർ 20-ാം തീയതി കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടു. തൈക്കാട്ടിലച്ചന്മാരുടെ പുനരൈക്യത്തോടെ പിറവം, വെളിയനാട്, കളമ്പൂർ കേന്ദ്രീകരിച്ച് പുതിയ ഇടവകകൾ സ്ഥാപിക്കപ്പെട്ടു. തിരുമൂലപുരം ബഥനി മഠത്തിന്റെ പ്രഥമ ശാഖാമന്ദിരം ഇക്കാലയളവിൽ പിറവത്ത് ആരംഭിച്ചു. ജേക്കബ് തൈക്കാട്ടിലച്ചന്റെ നേതൃത്വത്തിൽ പിറവത്ത് തിരുവല്ല രൂപതയുടേതായി ആരംഭിച്ച സ്കൂൾ പിറവത്തിന്റെ വിദ്യാഭ്യാസമേഖലയിൽ ഏറെ സ്വാധീനം ചെലുത്തി. പൗലോസ് തൈക്കാട്ടിലച്ചന്റെ മകളും ജേക്കബ് തൈക്കാട്ടിലച്ചന്റെ സഹോദരിയുടെയും മകനായി വെളിയനാട് കൂട്ടപ്ലാക്കൽ കുടുംബത്തിലാണ് ഐസക് മാർ യൂഹാനോൻ തിരുമേനിയും സഹോദരൻ ജേക്കബ് കൂട്ടപ്ലാക്കലച്ചനും ജനിച്ചത്.

താമസിയാതെ (1941 മെയ് 7-ാം തീയതി) വെളിയനാട് സ്വദേശിയും സ്ലീബദാസ സമൂഹത്തിലെ അംഗവുമായിരുന്ന കുര്യാക്കോസ് തലച്ചിറ ശെമ്മാശൻ കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. 1941 ഡിസംബർ 26-ാം തീയതി പിറവം പള്ളിയിൽ വച്ച് ഇദ്ദേഹം സേവേറിയോസ് തിരുമേനിയിൽ നിന്ന് വൈദികപട്ടം സ്വീകരിച്ചു. അവിവാഹിതനായ തലച്ചിറ അച്ചൻ വിവിധ പ്രദേശത്തെ മിഷനുകളിൽ സജീവമായി പ്രവർത്തിച്ചു.

ഈ പ്രദേശത്തു നിന്നും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ട മറ്റൊരു വ്യക്തിത്വമാണ് സി.റ്റി.കുര്യാക്കോസച്ചൻ. കൂത്താട്ടുകുളം ഇടയാർ സ്വദേശിയായ കുര്യാക്കോസച്ചൻ ആലുവ യു.സി. കോളേജിലെ പഠനത്തിനുശേഷം വടകര ഹൈസ്കൂളിൽ അദ്ധ്യാപകനായി ജോലി ചെയ്ത ശേഷം ദൈവശാസ്ത്ര പഠനത്തിനായി കൽക്കത്തായിലെ ബിഷപ്സ് കോളേജിൽ ചേർന്നു. തിരിച്ചെത്തിയ കുര്യാക്കോസച്ചൻ കോതമംഗലത്തെ സെന്റ് ബേസിൽ സ്കൂളിൽ ഹെഡ്മാസ്റ്ററായി പ്രവർത്തിച്ചു. ഇക്കാലയളവിൽ അദ്ദേഹത്തിന്റെ അയൽവാസിയായിരുന്ന രാമനാട്ടച്ചനുമായുള്ള സൗഹൃദമാണ് ഇദ്ദേഹത്തെ കത്തോലിക്കാ സഭയിലേക്കാനയിച്ചത്. പുനരൈക്യപ്പെട്ട അച്ചനെ യാക്കോബായ സഭാ നേതൃത്വം സെന്റ് ബേസിൽ സ്കൂളിൽ നിന്നും പുറത്താക്കി. പുറത്താക്കപ്പെട്ട കുര്യാക്കോസച്ചനെ സേവേറിയോസ് പിതാവ് പിറവം സെന്റ് ജോസഫ് ഹൈസ്കൂളിന്റെ പ്രഥമ പ്രിൻസിപ്പലായി നിയോഗിച്ചു. അച്ചന്റെ തുടർപ്രവർത്തനം പിറവം കേന്ദ്രീകരിച്ച് നടത്തുന്നതിന് ഇത് കാരണമായി.

കണ്ടനാട് മാർ ഈവാനിയോസ് തിരുമേനിയുടെ സഹോദരപുത്രൻ സൈമൺ ഡി കരോട്ട് കോർ എപ്പിസ്കോപ്പായാണ് തുടർന്ന് പുനരൈക്യപ്പെട്ടത്. പിതൃസഹോദരനായ കണ്ടനാട് മാർ ഈവാനിയോസ് പിതാവിന്റെ പുനരൈക്യ ശ്രമങ്ങളെ അട്ടിമറിച്ച ഇദ്ദേഹം 1949-ൽ കത്തോലിക്കാസഭയുമായി







www.malankaralibrary.com

പുനരൈക്യപ്പെട്ടു. പുനരൈക്യത്തെ തുടർന്ന് 'സീയോൻ കുന്ന്' എന്ന പേരിൽ ഒരിടവക സ്ഥാപിച്ചെങ്കിലും അച്ചന്റെ കാലശേഷം അത് എറണാകുളം രൂപതയ്ക്കു കൈമാറി.

പിറവം കേന്ദ്രീകരിച്ചുള്ള പുനരൈക്യത്തിന്റെ തുടർച്ചയാണ് പെരുവ സ്വദേശിയായ കാരമേൽ കോയിക്കൽ പത്രോസ് അച്ചന്റെ 1948ലെ പുനരൈക്യം. സ്ലീബാദാസ സമൂഹത്തിലെ അംഗമായിട്ടാണ് അച്ചൻ പ്രവർത്തനം ആരംഭിച്ചത്. യാക്കോബായ സഭാംഗമായ അച്ചൻ സ്ലീബാദാസ സമൂഹം കക്ഷി വഴക്കുകളിൽ പക്ഷം ചേരുന്നതിൽ ദുഃഖിതനായിരുന്നു. ഇക്കാലയളവിലാണ് തൈക്കാട്ടിലച്ചന്മാരിൽ നിന്നും പ്രചോദനം സ്വീകരിച്ച പത്രോസച്ചൻ കത്തോലിക്കാ സഭാംഗമായത്. മൂവാറ്റുപുഴ രൂപതാംഗമായ ഫാ.പോൾ കാരമേൽ കോയിക്കൽ അച്ചൻ പത്രോസച്ചന്റെ കൊച്ചുമകനാണ്.

ഇക്കാലയളവിൽ പുനരൈക്യപ്പെട്ട മറ്റൊരു വ്യക്തിയാണ് മാത്യു വാഴപ്പള്ളിയച്ചൻ. 1880-ൽ ചെറായിയിൽ ജനിച്ച മാത്യു അച്ചൻ വൈദികനായി സ്വന്തം ഇടവകയിൽ പ്രവർത്തിക്കുന്ന അവസരത്തിൽ നെടുമ്പാശ്ശേരിക്കു സമീപമുള്ള പൊയ്ക്കാട്ടുശ്ശേരിയിൽ പുതിയതായി നിർമ്മിച്ച മാർ ബഹനാൻ ദേവാലയക്കാരുടെ താല്പര്യപ്രകാരം അവിടുത്തെ വികാരിയാകുകയും താമസം പൊയ്ക്കാട്ടുശ്ശേരിയിലേക്ക് (മേക്കാട്) മാറ്റുകയും ചെയ്തു. ഇവിടെ പ്രവർത്തിക്കുമ്പോഴാണ് 1940-ൽ അദ്ദേഹം പുനരൈക്യപ്പെട്ടത്. പുനരൈക്യത്തെ തുടർന്ന് 1941 മുതൽ 1952 വരെ അദ്ദേഹം ആലുവ മംഗലപ്പുഴ സെമിനാരിയിൽ താമസിച്ച് അവിടെ സുറിയാനി പഠിപ്പിച്ചു. പുനരൈക്യപ്പെട്ട വാഴപ്പള്ളിയച്ചനും കുടുംബവും (8 മക്കൾ) ആരംഭത്തിൽ അകപ്പറമ്പ് കത്തോലിക്കാ പള്ളിയിലും തുടർന്ന് മേക്കാട് കത്തോലിക്കാ പള്ളിയിലും ചേർന്നാണ് പ്രവർത്തിച്ചത്. 1975-ൽ മരിച്ച അദ്ദേഹത്തിന്റെ ഭൗതീകവശിഷ്ടം എറണാകുളം അതിരൂപതയിലെ മേക്കാട് ദേവാലയത്തിലാണ് സംസ്കരിച്ചിരിക്കുന്നത്. പുനരൈക്യപ്രേഷിത ശുശ്രൂഷയുടെ മൂന്നാംഘട്ടം 1950-കളിൽ ആരംഭിച്ചു. ബാവാ കക്ഷിയും, മെത്രാൻ കക്ഷിയും തമ്മിലുള്ള കലഹം 1950-കളിൽ മൂർധന്യാവസ്ഥയിലെത്തി. ഈ കാലഘട്ടത്തിലാണ് വടക്കൻ പ്രദേശത്തെ പണ്ഡിത ശ്രേഷ്ഠരായ മൂന്ന് വൈദികർ കക്ഷിവഴക്കിൽ മനംമടുത്ത് കത്തോലിക്കാ വിശ്വാസം സ്വീകരിച്ചത്.

**പുനരൈക്യപ്രേഷിത ശുശ്രൂഷയുടെ മൂന്നാംഘട്ടം 1950 – കളിൽ ആരംഭിച്ചു. ബാവാ കക്ഷിയും, മെത്രാൻ കക്ഷിയും തമ്മിലുള്ള കലഹം 1950 – കളിൽ മൂർധന്യാവസ്ഥയിലെത്തി. ഈ കാലഘട്ടത്തിലാണ് വടക്കൻ പ്രദേശത്തെ പണ്ഡിത ശ്രേഷ്ഠരായ മൂന്ന് വൈദികർ കക്ഷിവഴക്കിൽ മനംമടുത്ത് കത്തോലിക്കാ വിശ്വാസം സ്വീകരിച്ചത്.**

വി.സി. ഗീവർഗ്ഗീസ് കോർ എപ്പിസ്കോപ്പ സ്ലീബാദാസ സമൂഹത്തിലെ അംഗമെന്ന നിലയിലാണ് തന്റെ സഭാശുശ്രൂഷ ആരംഭിച്ചത്. കിഴക്കമ്പലം സ്വദേശിയായ കോർ എപ്പിസ്കോപ്പാ സ്ലീബാദാസ സമൂഹത്തിൽ ചേരുന്നതിനുമുമ്പ് വി.സി.കോരുത് എന്ന പേരിൽ പിറവം ഇംഗ്ലീഷ് സ്കൂൾ ഹെഡ്മാസ്റ്ററായി പ്രവർത്തിച്ചുവരികയായിരുന്നു. അദ്ദേഹം അദ്ധ്യാപകവൃത്തി ഉപേക്ഷിച്ചാണ് സ്ലീബാദാസ സമൂഹത്തിൽ അംഗത്വം സ്വീകരിച്ചത്. അദ്ദേഹത്തിന്റെ പ്രവർത്തനം സ്ലീബാദാസ സമൂഹത്തിന്റെ വളർച്ചക്ക് ശക്തി പകർന്നു. സമൂഹത്തിൽ അംഗങ്ങൾ കൂടി വന്നതനുസരിച്ച് അവർക്ക് ഉയർന്ന പരിശീലനം കൊടുക്കണമെന്ന നിർദ്ദേശം അദ്ദേഹം മുമ്പോട്ടുവച്ചു. എന്നാൽ പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി അതിനെ അനുകൂലിച്ചില്ല. അതിനാൽ, ഏതാനും വർഷത്തെ പ്രവർത്തനങ്ങൾക്കുശേഷം വി.സി.ഗീവർഗ്ഗീസ് ശെമ്മാശൻ സ്ലീബാദാസ സമൂഹം വിടുകയും മാർ ഈവാനിയോസ് പിതാവിനെ അനുകരിച്ച്, പുരുഷന്മാർക്കും സ്ത്രീകൾക്കും RMAS (Religious Movement of the Ancient Syrians) എന്ന പേരിൽ ഒരു സന്ന്യാസി സമൂഹം ആരംഭിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പുരുഷന്മാർക്കായി പാമ്പാക്കുടയടുത്ത് പിറമാടത്ത് ഗത്സമേൻ സന്യാസാശ്രമം എന്ന പേരിലും (പിറമാടം ദയറാ) കിഴക്കമ്പലത്ത് സ്ത്രീകൾക്കായി ബേത്‌ലഹേം സന്യാസിനി ആശ്രമം എന്ന പേരിലും (കിഴക്കമ്പലം ദയറാ) രണ്ട് സന്യാസ ഭവനങ്ങൾ സ്ഥാപിച്ചു. ഇത്തരം പ്രവർത്തനങ്ങൾക്കിടയിലും സഭയിലെ കക്ഷി വഴക്കുകൾ അദ്ദേഹത്തെ അലട്ടിക്കൊണ്ടിരുന്നു. ഇത് സഭയെ സംബന്ധിച്ച് കൂടുതൽ പഠിക്കുവാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചു. ഇത്തരം പഠനങ്ങളുടെ അടിസ്ഥാനത്തിൽ 1956-ൽ അദ്ദേഹം കത്തോലിക്കാസഭയിൽ അംഗത്വം സ്വീകരിച്ചു. "കത്തോലിക്കാ സഭയിൽ ഞാൻ ചേർന്നത് എന്തുകൊണ്ട്?" എന്ന പേരിൽ അച്ചൻ തന്റെ പുനരൈക്യത്തെക്കുറിച്ച് എഴുതിയ പുസ്തകം 1956-ൽ എസ്. എച്ച്. ലീഗ് പ്രസിദ്ധീകരിച്ചു.

കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ട മറ്റൊരു വ്യക്തിയാണ് പ്രൊഫ. റ്റി.വി. ജോൺ അച്ചൻ. പനയമ്പാല സ്വദേശിയായ റ്റി.വി.ജോൺ അച്ചൻ എം.ഡി. സെമിനാരിയിൽ മാർ ഈവാനിയോസ് തിരുമേനിയുടെ വിദ്യാർത്ഥിയായിരുന്നു.

സെമിനാരി പഠനത്തിനുശേഷം ഇംഗ്ലീഷ് ഭാഷയിൽ ബിരുദാനന്തര ബിരുദം കരസ്ഥമാക്കിയ അച്ചൻ ആലുവ യു.സി. കോളേജിലെ പ്രൊഫസറായി ചേർന്നു. ആലുവായിൽ പ്രത്യേകിച്ച് തൃക്കുന്നത്ത് സെമിനാരി ഉൾപ്പെടെയുള്ള ദേവാലയങ്ങൾ പൂട്ടിയിടുന്നതിൽ വേദനിച്ച ജോണച്ചൻ റിട്ടയർമെന്റിന് ശേഷം കോട്ടയം കാതോലിക്കേറ്റിൽ താമസിച്ച് 'മലങ്കര സഭാ മാസിക' ആരംഭിച്ചു. കക്ഷി വഴക്കുകൾ ഒഴിവാക്കുന്നതിനെ സംബന്ധിച്ച ലേഖനങ്ങൾക്ക് അച്ചൻ വലിയ പ്രാധാന്യം നല്കിയിരുന്നു. ഇത് അധികകാലം തുടർന്നില്ല. സത്യസഭയെ സംബന്ധിച്ച അച്ചന്റെ പഠനങ്ങളും, ആലുവ സെമിനാരിയിലെ വിശുദ്ധരായ സഖറിയ ഒ.സി.ഡി., ഔറേലിയൻ ഒ.സി.ഡി. തുടങ്ങിയവരുമായുള്ള സമ്പർക്കങ്ങളുടെയും ഫലമായി 1957-ൽ അദ്ദേഹം കത്തോലിക്കാ സഭാംഗമായി. 'മലങ്കരസഭയുടെ ഭാവി' എന്ന പേരിൽ അദ്ദേഹം പ്രസിദ്ധീകരിച്ച പുസ്തകത്തിൽ പുനരൈക്യത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ച കാര്യങ്ങൾ വിശദമായി അവതരിപ്പിക്കുന്നുണ്ട്.

ത്രിമൂർത്തികളിൽ മൂന്നാമനാണ് ഡോ. സി. എ എബ്രഹാം. ഇദ്ദേഹം ശ്രീ. ബാബു പോൾ IAS-ന്റെ പിതാവ് സി.എ. പൗലോസ് ചീരകത്തോട്ടം കോർഎപ്പിസ്കോപ്പായുടെ ഇളയ സഹോദരനാണ്. ചീരകത്തോട്ടം അച്ചന്മാരുടെ പിതൃസഹോദര പുത്രനായ ചാത്തമറ്റത്ത് താമസിക്കുന്ന ശ്രീ. സി.വൈ. സ്കറിയ അമ്മവഴി രാമനാട്ടച്ചന്റെ ബന്ധുവാണ്. രാമനാട്ടച്ചന്റെ സൗഹൃദപൂർവ്വകമായ ഇടപെടലിലൂടെ ശ്രീ സ്കറിയായും കുടുംബവും കത്തോലിക്ക സഭയിൽ ചേർന്നു (ശ്രീ. സ്കറിയായുടെ മക്കളാണ് ബഥനി മഠാംഗങ്ങളായ മദർ പേഷ്യൻസ്, സി. സെർവിയ, സി. മാർഗരറ്റ് മേരി എന്നിവർ). ചീരകത്തോട്ടം അച്ചന്മാരുടെ സഹോദരി പോത്താനിക്കാട് മണ്ണാറപ്പറയിൽ കുടുംബത്തിൽപ്പെട്ട മറിയാമ്മയും കുടുംബവും കത്തോലിക്കാ വിശ്വാസം സ്വീകരിച്ചു. ചീരകത്തോട്ടം അച്ചന്മാരുടെ സഹോദര പുത്രന്റെ കുടുംബം മലബാറിലേയ്ക്ക് കുടിയേറുകയും അവിടെ കത്തോലിക്ക സഭയിൽ ചേരുകയും ചെയ്തു. ചീരകത്തോട്ടം അച്ചന്മാരുടെ സഹോദരി ഭർത്താവ് താമരച്ചാലിലച്ചൻ തമ്മാനിമറ്റം ഇടവകയിൽ ചേർന്ന ശേഷം തിരികെ പോയി. ചുരുക്കത്തിൽ ചീരകത്തോട്ടം കുടുംബത്തിൽ നിന്നു പലർ പുനരൈക്യപ്പെട്ടതോടെ സഭയിലെ കക്ഷിവഴക്കുകളും പുനരൈക്യവും കുടുംബത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുന്നതിന് കാരണമായി. കാരണവർ സ്ഥാനത്ത് നിന്നിരുന്ന സി.എ. പൗലോസ് ചീരകത്തോട്ടം കോർഎപ്പിസ്കോപ്പ യാക്കോബായ സഭയുടെ നേതൃനിരയിൽ ശോഭിച്ചിരുന്ന വ്യക്തിയാണ്. അതേസമയം കുടുംബാംഗങ്ങളുടെ വ്യക്തിപരമായ സ്വാതന്ത്ര്യത്തെ മാനിക്കുകയും ചെയ്തിരുന്നു. ഈ പ്രത്യേക കുടുംബപശ്ചാത്തലത്തിൽ നിന്നുമാണ് സി.എ. എബ്രഹാം അച്ചൻ വൈദികപട്ടം സ്വീകരിക്കുന്നത്. മദ്രാസ് ക്രിസ്ത്യൻ കോളേജിലെ പഠനത്തിനുശേഷം യു.സി. കോളേജിൽ അദ്ധ്യാപകനായിരുന്ന എബ്രഹാം അച്ചൻ ഉപരിപഠനത്തിനായി ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ ചേർന്നു. ഇക്കാലയളവിൽ തന്റെ സഹപാഠിയും കുരിശുമല ആശ്രമസ്ഥാപകരിൽ ഒരാളുമായ ബീഡ് ഗ്രിഫ്ത്തുമായുള്ള സൗഹൃദംവഴി കത്തോലിക്ക സഭയെക്കുറിച്ച് കൂടുതൽ പഠിക്കുന്നതിന് കാരണമായി. തിരിച്ചെത്തിയ സി.എ. എബ്രഹാം അച്ചൻ 1958-ൽ കത്തോലിക്ക സഭാംഗമായി. അന്ത്യോക്യയിൽ നിന്നും കോട്ടയം വഴി റോമായിലേക്ക് എന്ന പേരിൽ അച്ചൻ പ്രസിദ്ധീകരിച്ച ഗ്രന്ഥത്തിലൂടെ അച്ചൻ തന്റെ പുനരൈക്യദർശനം അവതരിപ്പിക്കുന്നുണ്ട്.

പുനരൈക്യപ്രേഷിത ശുശ്രൂഷയുടെ അടുത്ത ഘട്ടം കുടിയേറ്റ മേഖലയിലേക്കുള്ള വ്യാപനമാണ്. ഈ പ്രദേശത്ത് നിന്നും മലബാറിലേക്കും പാലക്കാടിന്റെ പ്രദേശത്തേക്കും കുടിയേറിയ ആളുകൾക്കുവേണ്ടി ഇടവകകൾ സ്ഥാപിക്കുവാൻ തോംബ്രയച്ചനെ പോലെയുള്ളവർ ധീരമായ നേതൃത്വം നല്കി. ഓർത്തഡോക്സ് സഭയിലെ മാവേലിക്കര പ്രദേശത്ത് ശുശ്രൂഷ ചെയ്ത കുന്നംകുളം സ്വദേശി മാത്യൂസ് പുലിക്കോട്ടിലച്ചന്റെ സേവനം എടുത്തു പറയേണ്ടതാണ്. പുത്തൻകാവ് മാർ പീലക്സിനോസ് തിരുമേനിയുടെ സെക്രട്ടറിയായി പ്രവർത്തിച്ചിരുന്ന അച്ചൻ 1945-ൽ പുനരൈക്യപ്പെട്ട് തിരുവനന്തപുരം അതിരൂപതയിൽ ശുശ്രൂഷ ആരംഭിച്ചു. 1956-ൽ തിരുവല്ലാ രൂപതയിൽ ചേർന്ന അച്ചൻ തൃശൂർ, പാലക്കാട് പ്രദേശങ്ങളിലെ കുടിയേറ്റ മേഖലകളിൽ ധാരാളം മിഷനുകൾക്ക് തുടക്കം കുറിച്ചു. ഈ പ്രദേശത്ത് നിയോഗിക്കപ്പെട്ട കർമ്മലീത്താ വൈദികരുടെയും നാല്പതുകളിലും അമ്പതുകളിലുമായി തിരുവല്ലായിൽ നിന്നും ഈ പ്രദേശത്ത് നിയോഗിക്കപ്പെട്ടവരുടെ ശുശ്രൂഷകളും ഈ പ്രദേശത്തെ മിഷൻ പ്രവർത്തനങ്ങൾക്ക് കൂടുതൽ ശക്തിപകർന്നു.

1970-ൽ പുനരൈക്യപ്പെട്ട സ്ലീബാദാസ സമൂഹാംഗമായിരുന്ന എരമംഗലത്ത് മത്തായി കോർഎപ്പിസ്കോപ്പായും 1978-ൽ തൊഴിയൂർ സഭയിൽ നിന്നും പുനരൈക്യപ്പെട്ട പൗലോസ് മാർ പീലക്സിനോസ് തിരുമേനിയും വടക്കൻ കോർഎപ്പിസ്കോപ്പായും സമീപകാലത്ത് (തൊഴിയൂർ സഭയിൽ നിന്ന്) പുനരൈക്യപ്പട്ട ജോബച്ചനും ബാബു അച്ചനും വരെ നീളുന്ന പുനരൈക്യപ്പെട്ട വൈദികരുടെ നിര ഈ പ്രദേശത്തെ സഭയെ വളർത്തുന്നതിൽ നിർണ്ണായക പങ്ക് വഹിച്ചിട്ടുണ്ട്.

●

www.malankaralibrary.com





# വിശുദ്ധ കത്തോലിക്കാസഭ രക്ഷയുടെ പേടകം

## ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ

(സമ്പാദകൻ)



**ജോമി തോമസ് കലയപുരം**

**(1931 സെപ്റ്റംബർ 28 – ന് തിരുവല്ല തിരുമൂലപുരത്തു നടന്ന പ്രഥമ പുനരൈക്യ വാർഷികത്തിൽ ആർച്ച് ബിഷപ്പ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത നടത്തിയ പ്രസംഗം. അന്താരാഷ്ട്ര പ്രസിദ്ധീകരണമായ The Lamp (1931 ഡിസംബർ ലക്കം) മാസികയിൽ പ്രസിദ്ധീകരിച്ചതിന്റെ പരിഭാഷ.)**

അഭിവന്ദ്യ മെത്രാപ്പോലീത്താമാരെ, സഹോദര മെത്രാന്മാരെ, വൈദികരെ, സന്യസ്തരെ, സഹോദരി സഹോദരന്മാരെ,

എഫേസൂസ് സുന്നഹദോസിന്റെ 1500–ാം വാർഷികവും പുനരൈക്യത്തിന്റെ പ്രഥമ വാർഷികവും ഏകോപിപ്പിച്ച് സംയുക്തമായി ആഘോഷിക്കുന്ന ഈ വേളയിൽ വിശ്വാസ സമൂഹത്തോടൊപ്പം കത്തോലിക്കാ സഭയിലെ പ്രമുഖരായ തിരുമേനിമാരും വൈദികരും പങ്കെടുക്കുന്നത് ഒരു മഹനീയ സന്ദർഭമാണെന്നുള്ളതിൽ ലവലേശം സംശയമില്ല.


www.malankaralibrary.com



എഫേസൂസ് സുന്നഹദോസിൽ ഉയർത്തിക്കാട്ടിയ വിശ്വാസപ്രഖ്യാപനമാണ് എളിയവനായ എന്നെ കത്തോലിക്കാ സഭയിലേക്ക് പുനരൈക്യപ്പെടുത്തിയത്. ഈ രണ്ട് പരിപാടികളും ഒരുമിച്ച് ആഘോഷിക്കുന്നതിലെ ഔചിത്യവും അതുതന്നെയാണ്. എഫേസൂസ് സുന്നഹദോസ് ഉയർത്തിയ വിശ്വാസപ്രഖ്യാപനം കത്തോലിക്കാ സഭയിലെ ഒരു നാഴികക്കല്ലാണെന്നുതന്നെ പറയാം. സഭയിൽ പരിശുദ്ധ ദൈവമാതാവിന്റെ സ്ഥാനത്തെ അംഗീകരിക്കാനും ആഗോളസഭയിലെ റീശ് പാത്രിയാർക്കീസിന്റെ സ്ഥാനം എടുത്തറിയിക്കാനും കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ കത്തോലിക്കാ സഭയുടെ വിശ്വാസത്തെ ഉയർത്തിക്കാട്ടാനും അത് സഹായിച്ചു. പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പ ക്രിസ്തുവിന്റെ ഇഹലോകത്തെ വികാരിയാണെന്നും യഥാർത്ഥ സ്ഥാനിയാണെന്നും ആഗോളസഭയുടെ തലവനുമാണെന്ന യാഥാർത്ഥ്യം നാമേവരും അംഗീകരിച്ചിരിക്കുന്ന കാര്യമാണ്. പരിശുദ്ധ ദൈവമാതാവിന്റെ അമലോത്ഭവത്തെക്കുറിച്ച് വിശ്വസിക്കുകയും ഏറ്റുപറയുകയും ചെയ്യുന്ന ഏതൊരാൾക്കും കത്തോലിക്കാ കൂട്ടായ്മയിൽ ഉൾച്ചേർന്നാലേ രക്ഷയും മോക്ഷവും ഉറപ്പാക്കാനാകൂ.

ഈ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ച അഭിവന്ദ്യ ആർച്ച് ബിഷപ്പ് തിരുമേനി എന്നോടാവശ്യപ്പെട്ട കാര്യം എന്റെ മുൻദൈവാനുഭവങ്ങളെക്കുറിച്ചുകൂടി പങ്കുവയ്ക്കണമെന്നാണ്. ഈ മഹത് സമ്മേളനത്തിൽ വച്ച് യാതൊരു മടിയും കൂടാതെ അത് പറയുവാൻ ഞാനാഗ്രഹിക്കുന്നു. അതോടൊപ്പം ഞാൻ നേടിയ ആത്മീയ സമ്പാദ്യത്തെക്കുറിച്ചുകൂടി പങ്കുവയ്ക്കാനാഗ്രഹിക്കുന്നു. ദൈവം എനിയ്ക്കായി തന്ന ആ നല്ല കാര്യങ്ങൾ ഞാൻ പറയട്ടെ. ഇത് കൃതജ്ഞതയുടെ സുദിനമാണ്. ഇക്കഴിഞ്ഞ ഒൻപതു ദിവസങ്ങളിലായി നാം ആത്മീയമായി ഒരുങ്ങുകയായിരുന്നു. വിവിധങ്ങളായ ഭക്ത്യാഭ്യാസങ്ങളിലൂടെയും സുകൃതജപങ്ങളിലൂടെയും ദൈവത്തിന്റെ അനന്തമായ കരുണയ്ക്ക് നന്ദി പറയുകയായിരുന്നു. വീണ്ടും നമുക്ക്, അത്ഭുതകരമായി ദൈവം നമ്മെ ഏൽപ്പിച്ച ദൗത്യം പൂർത്തിയാക്കാൻ വേണ്ടി പ്രാർത്ഥിക്കാം. ഭിന്നിച്ചു നിൽക്കുന്ന നമ്മുടെ സഹോദരന്മാരെക്കൂടി നമ്മുടെ കൂട്ടായ്മയിൽ കൊണ്ടുവരാൻ വേണ്ടി നമുക്ക് ഒരുങ്ങാം. ഈ ആഘോഷപരിപാടികൾ വരാപ്പുഴ ആർച്ച് ബിഷപ്പ് തിരുമേനിയുടെയും എറണാകുളം ആർച്ച് ബിഷപ്പ് തിരുമേനിയുടെയും മറ്റ് സഹോദരമെത്രാന്മാരുടെയും സഹകരണത്തിലാണ് സമാപിക്കുന്നത്.

പരിശുദ്ധാത്മാവിന്റെ പ്രേരണ ഒന്നുകൊണ്ടുമാത്രമാണ് ഞാൻ കത്തോലിക്കാ സഭയിലേക്ക് പ്രവേശിച്ചത്. **ദൈവത്തിന്റെ സഭയായ വിശുദ്ധ കത്തോലിക്കാ സഭ രക്ഷയുടെ പേടകമാണ്.** ദൈവരാജ്യം ക്രിസ്തുവിലൂടെയാണ് ഈ ഭൂമിയിൽ സമാഗതമാകുന്നത്. ദൈവം മനുഷ്യനായി അവതരിച്ചത് എല്ലാവരേയും ഒന്നാക്കാൻ വേണ്ടിയാണ്. കാതോലികവും ശ്ലൈഹികവും ഏകവും വിശുദ്ധവുമായ സഭയാണ് കത്തോലിക്കാസഭ. ഇത് സത്യത്തിന്റെ അടിത്തറയാണ്. ഈ സഭ ഏകമാണ്. അവിഭാജ്യമാണ്, വിശുദ്ധമാണ്, കാതോലികമാണ്, കുറ്റമറ്റതാണ്, ചരിത്രപാരമ്പര്യമുള്ളതാണ്. ഈ വിശ്വാസസമൂഹത്തിന്റെ ഭൂമിയിലെ കാണപ്പെടുന്ന കേന്ദ്രം ദൈവത്താൽ സ്ഥാപിതമായ മാർപ്പാപ്പായുടെ അധികാരമാണ്. വിശുദ്ധപത്രോസെന്ന പാറയാൽ സ്ഥാപിക്കപ്പെട്ട സ്ഥാപനം.




അല്ലയോ പിതാക്കന്മാരെ, ഞാനീ സത്യമറിയാൻ കാൽനൂറ്റാണ്ടോളമെടുത്തു. ഞാൻ ഒരു യാക്കോബായ സഭാംഗമായിരുന്നു. ആ സഭയുടെ പാരമ്പര്യങ്ങളെയും വിശ്വാസങ്ങളെയും മുറുകെപ്പിടിച്ചായിരുന്നു ഞാൻ ജീവിച്ചുപോന്നത്. എന്നാൽ ക്രിസ്തുസഭയെക്കുറിച്ചുള്ള പഠനം യാക്കോബായ സഭയുടെ ആധികാരികതയെക്കുറിച്ച് എന്നിൽ സംശയം ജനിപ്പിച്ചു. അപ്പസ്തോലിക പാരമ്പര്യവും കൂദാശാപരമായ സാധുതയും ഈ സഭയിലുണ്ടായിരുന്നു എങ്കിലും സത്യസഭയുടെ നാല് സ്വഭാവ വിശേഷണ

www.malankaralibrary.com





Archbishop Mar Ivanios and Bishop Theophilos, Who Were Received into the Catholic Church on September 20, 1930. In the Center is the Most Rev. Mar Augustine Kandathill, Archbishop of Ernakulam and Metropolitan of the Syro-Malabar Catholic Church of India.

ങ്ങൾ എനിക്ക് കണ്ടെത്താൻ കഴിഞ്ഞില്ല. പരിശുദ്ധ കത്തോലിക്കാ സഭയിൽ മാത്രമുള്ള ഈ നാല് സവിശേഷതകൾ യാക്കോബായ സഭയിൽ കണ്ടെത്താൻ ഞാൻ പരമാവധി പരിശ്രമിച്ചു. വിവിധങ്ങളായ പൗരസ്ത്യ സഭാപാരമ്പര്യങ്ങൾ പഠിക്കാനും ദൈവശാസ്ത്രചിന്തകന്മാരുടെ ചിന്തകൾ ഉൾക്കൊള്ളാനും ഞൻ ശ്രമിച്ചുകൊണ്ടിരുന്നു. പക്ഷേ ഞാൻ അന്വേഷിച്ച പൂർണ്ണത ഇവിടെയൊന്നും ഞാൻ കണ്ടില്ല. അവസാനം പരിശുദ്ധാത്മാവ് എന്ന മാർപ്പാപ്പയാൽ നയിക്കുന്ന വിശുദ്ധ കത്തോലിക്കാ സഭയിൽ അത് കണ്ടെത്താനും അവിടേക്ക് ആനയിക്കാനും എന്നെ സഹായിച്ചു. ഇത് വെറുമൊരു പാറ മാത്രമല്ലെന്നും പിന്നെയോ ക്രിസ്തുവിനാൽ സ്ഥാപിതമായ യഥാർത്ഥ സഭയാണെന്നും ഞാൻ കണ്ടെത്തി. വിശുദ്ധ മത്തായിയുടെ സുവിശേഷം 16-ാം അദ്ധ്യായം 18-ാം വാക്യത്തിൽ ഇപ്രകാരം പറയുന്നു. "ഞാൻ നിന്നോടു പറയുന്നു. നീ പത്രോസാണ്. ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും. നരകകവാടങ്ങൾ അതിനെതിരെ പ്രബലപ്പെടുകയില്ല." സഭയെക്കുറിച്ചുള്ള നാല് വിശേഷണങ്ങളും വിശുദ്ധ കത്തോലിക്കാ സഭയിലാണെന്ന കാര്യം ഞാൻ തിരിച്ചറിഞ്ഞു.

ഇതിനോടൊപ്പം എന്റെ സഭാജീവിതത്തിലും അച്ചടക്കം വരുത്തുവാൻ ഞാൻ പരമാവധി പരിശ്രമിച്ചുകൊണ്ടിരുന്നു. എന്റെ ബാല്യകാലം മുതലേ ഉണ്ടായിരുന്നതാണ് ആത്മീയ അച്ചടക്കം. യാക്കോബായസഭയിൽ സന്യാസപ്രസ്ഥാനങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ ഞാൻ അതിനുവേണ്ടി ചിന്തിക്കുകയും വഴികൾ ആരായുകയും ചെയ്തു.

വിശുദ്ധന്മാരുടെ ജീവിതാനുഭവങ്ങൾ എന്നെ വളരെയധികം സ്വാധീനിച്ചിട്ടുണ്ട്. വിശുദ്ധ ബസേലിയോസിന്റെ സന്യാസജീവിതം എന്റെ പൗരസ്ത്യ സന്യാസ ചിന്തകളെ ഊർജ്ജിതമാക്കി. പാശ്ചാത്യവും പൗരസ്ത്യവുമായ സന്യസ്തപിതാക്കന്മാരുടെ ജീവിത പഠനം ഞാൻ തുടർന്നുകൊണ്ടിരുന്നു. വിശുദ്ധ ഫ്രാൻസിസ് അസ്സീസിയുടേയും വിശുദ്ധ ഇഗ്നേഷ്യസ് ലയോളയുടേയും ജീവിതചര്യകളും സന്യാസക്രമങ്ങളും എന്റെ സന്യാസ ജീവിതത്തിനും കൂടുതൽ ഉൾക്കാഴ്ച പടർന്നു. വിശുദ്ധ ബനഡിക്ടിന്റെ പ്രശസ്തമായ മൂന്നു സന്യാസക്രമങ്ങൾക്കു പുറമേയുള്ള പൂർണ്ണത എന്ന നാലാമത്തെ ക്രമവും എന്നെ സ്വാധീനിച്ചിരുന്നു. വിശുദ്ധ ഫ്രാൻസിസ് ഡി സാലസ് സന്യാസജീവിതത്തെക്കുറിച്ച് ഒട്ടേറെ പാഠങ്ങൾ നമുക്ക് പകർന്നുതന്നു. കത്തോലിക്കാ സഭയിലെ വിശുദ്ധരുടെ ജീവിതത്തെ അടുത്തറിയാനും ഉൾ ക്കൊള്ളാനും ഞാൻ നടത്തിയ പരിശ്രമങ്ങൾ ഈ വിശുദ്ധർ ഉൾക്കൊള്ളുന്ന കൂട്ടായ്മയിൽ ഉൾച്ചേരാൻ എനിക്കു പ്രേരണ നൽകി. സത്യസഭയെപ്പറ്റിയുള്ള അന്വേഷണങ്ങൾ കൂടി വന്നപ്പോൾ ഞാൻ ആ പരമാനന്ദത്തിലേക്ക് എത്തപ്പെടുകയാണുണ്ടായത്. ഇതാണ് എന്റെ സഭാ പരിവർത്തനത്തിന്റെ ചരിത്രം.

ഞാൻ ഈ പുതിയ പാത തെരഞ്ഞെടുത്ത കാര്യം തിരുസിംഹാസനത്തേയും അറിയിച്ചിരുന്നു. ധൂർത്തപുത്രനെ സ്വീകരിച്ചപോലെ പരിശുദ്ധ പിതാവ് എന്റെ അഭ്യർത്ഥന മാനിക്കുകയും കത്തോലിക്കാ സഭയിലേക്ക് ആശ്ലേഷിക്കുകയും ചെയ്തു. എന്റെ അഭ്യർത്ഥന മാനിച്ച് തിരുസിംഹാസനം നമ്മുടെ റീത്തിന്റെ നൈർമ്മല്യം സംരക്ഷിക്കാനും അധികാരങ്ങൾ അംഗീകരിക്കാനുമുള്ള അനുവാദം നൽകുകയുണ്ടായി. ഞാൻ പുനരൈക്യത്തിനുള്ള നിവേദനം റോമിൽ സമർപ്പിച്ച സമയത്ത് ഈസ്റ്റ് ഇന്ത്യാ അപ്പസ്തോലിക് ഡെലിഗേറ്റായ അഭിവന്ദ്യ മ്യൂണി തിരുമേനി ഇതിനുവേണ്ട സഹായങ്ങൾ നിർലോഭം ചെയ്തുതരികയുണ്ടായി. അതിനുവേണ്ടി അഭിവന്ദ്യ മ്യൂണി തിരുമേനി റോമിൽ അനുഷ്ഠിച്ച ത്യാഗോജ്ജ്വലമായ സേവനങ്ങളെ നന്ദിപൂർവ്വം സ്മരിക്കുന്നു. സ്വാഗതം, സുസ്വാഗതം എന്ന മറുപടി ഉൾപ്പെടെയുള്ള സന്ദേശം പരി

www.malankaralibrary.com



ശുദ്ധ പിതാവിൽ നിന്ന് ഞങ്ങൾക്ക് ലഭ്യമാക്കാനും അഭിവന്ദ്യ മ്യൂണി തിരുമേനി കാണിച്ച സന്മനസ്സ് ഞങ്ങൾ സ്നേഹത്തോടെ ഓർമ്മിക്കുന്നു.

രക്ഷകന്റെ ഹൃദയസ്പന്ദനം പരിശുദ്ധ കത്തോലിക്കാ സഭയിൽ ഞങ്ങൾക്ക് കേൾക്കാൻ കഴിഞ്ഞു. രക്ഷകന്റെ അചഞ്ചല സ്നേഹം എനിക്കു ദർശിക്കാൻ കഴിഞ്ഞു. പരിശുദ്ധപിതാവിന്റെ സ്നേഹവായ്പ്പോടെയുള്ള ഈ സ്വീകരണത്തിൽ ഞങ്ങൾ യേശുവിന്റെ തിരുഹൃദയത്തിലെ സ്പന്ദനമാണ് അനുഭവിച്ചറിഞ്ഞത്. ഇതിനെല്ലാം കാരണഭൂതനായ അഭിവന്ദ്യ മ്യൂണി തിരുമേനിയിലൂടെ ദൈവത്തിന്റെ മഹത്വം ഞങ്ങൾ തിരിച്ചറിഞ്ഞു.

എന്റെ ജീവിതത്തിലെ അവിസ്മരണീയമായ ഒരു സുദിനമാണ് 1930 സെപ്റ്റംബർ 20. കാരണം ഈ ചരിത്രദിനത്തിലാണ് ക്രിസ്തുവിന്റെ ഈ ലോകത്തിലെ വികാരിയായ റോമിലെ പരിശുദ്ധ മാർപ്പാപ്പായ്ക്ക് വിധേയനാകാൻ എനിക്ക് ഭാഗ്യം സിദ്ധിച്ചത്. ദീർഘകാലമായി എന്റെ ഉള്ളിലുണ്ടായിരുന്ന ഒരു വിടവ് അന്നാണ് നികത്തപ്പെട്ടത്. ഇതെനിക്കുമാത്രമല്ല. എന്നോടൊപ്പം പുനരൈക്യപ്പെട്ട എല്ലാവർക്കുമുള്ള അനുഭവം കൂടിയാണിത്. കാരുണ്യവാനായ കർത്താവ് ബലഹീനനായ എന്നേയും മാർ തെയോഫിലോസ് തിരുമേനിയേയും ബലപ്പെടുത്തിയതിന്റെ ഫലമായി കഴിഞ്ഞ വർഷം അനേകം അകത്തോലിക്കാ സഹോദരങ്ങളെ കത്തോലിക്കാ സഭയിലേക്കാനയിക്കാൻ ഞങ്ങൾക്കു കഴിഞ്ഞിട്ടുണ്ട്. ക്രൈസ്തവ സഭകളുടെ ഭിന്നിപ്പ് അതിഭയങ്കരമായ ഒരു പാപമാണെന്നുള്ളത് സംശയമില്ലാത്ത കാര്യമാണ്. നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മൗതിക ശരീരത്തിൽ നിരവധി മുറിവുകളുണ്ടാക്കാൻ അത് കാരണമായി. ആ മുറിവുകളെ സൗഖ്യപ്പെടുത്താൻ ദൈവം ഞങ്ങൾക്കു നൽകിയ അവസരം ഒരു സുവർണ്ണാവസരം തന്നെയാണെന്നു ഞങ്ങൾ കരുതുന്നു.

ഒരിക്കൽ കൂടി ഏവരോടും നന്ദി പറയുവാൻ ഞാനീ അവസരം വിനിയോഗിക്കുന്നു. സീറോ മലബാർ സഭയിലെ മെത്രാപ്പോലീത്താമാരോടും വൈദികരോടും സന്യസ്തരോടും എന്നും ഞങ്ങൾ നന്ദിയുള്ളവരായിരിക്കും.

കഴിഞ്ഞ ഒരു വർഷത്തിനിടയിൽ നിരവധി വൈദികരും വിശ്വാസികളും പുനരൈക്യപ്രസ്ഥാനത്തിലേക്ക് കടന്നുവന്നു. ഇനിയും അനേകം പേർ സത്യസഭയിലേക്കു കടന്നുവരാൻ ആഗ്രഹം പ്രകടിപ്പിച്ചിട്ടുണ്ട്.


ഇതുകാരണം നിരവധിയായ കഷ്ടതകളും പീഢനങ്ങളും ഞങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്നു. ഒരു എതിരാളി എന്റെ ഡ്രൈവർക്ക് എന്നെ അപായപ്പെടുത്താനായി 500 രൂപ വാഗ്ദാനം ചെയ്തകാര്യം ഞാൻ അറിഞ്ഞു. ഇതിനെക്കുറിച്ച് എന്റെ സെക്രട്ടറിയോട് ഞാൻ പറഞ്ഞത് ഇപ്രകാരമാണ്. "എന്റെ ജീവന് അഞ്ഞൂറുരൂപ വിലയുണ്ടത്രേ." പുനരൈക്യപ്പെട്ട വിശ്വാസികൾക്കും പലവിധ കഷ്ടതകൾ നേരിടുന്നുണ്ട്. അവയെല്ലാം നമ്മുടെ സഭയ്ക്ക് സഹായകമായി മാറുകയാണ്. പുനരൈക്യപ്പെട്ട ഓരോ കത്തോലിക്കനും സ്ത്രീപുരുഷഭേദമെന്യേ തീക്ഷ്ണതയുള്ള ഓരോ മിഷനറിയായി രൂപപ്പെട്ടുകൊണ്ടിരിക്കുന്നു. ആദിമസഭയിൽ അപ്പസ്തോലന്മാർ നേരിട്ട പീഡനങ്ങൾ ചെറിയ തോതിലെങ്കിലും ഞങ്ങൾ അനുഭവിക്കുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകളും വിവിധങ്ങളായ കഷ്ടതകളും ദൈവത്തിൽനിന്ന് നിരവധിയായ അനുഗ്രഹങ്ങൾ ലഭ്യമാക്കുന്നതിന് കാരണമായിത്തീരുന്നു എന്ന വസ്തുതയും ഞാൻ സന്തോഷത്തോടെ പ്രസ്താവിക്കട്ടെ.

**ധൂർത്തപുത്രനെ സ്വീകരിച്ചപോലെ പരിശുദ്ധ പിതാവ് എന്റെ അഭ്യർത്ഥന മാനിക്കുകയും കത്തോലിക്കാ സഭയിലേക്ക് ആശ്ലേഷിക്കുകയും ചെയ്തു. എന്റെ അഭ്യർത്ഥന മാനിച്ച് തിരുസിംഹാസനം നമ്മുടെ റീത്തിന്റെ നൈർമ്മല്യം സംരക്ഷിക്കാനും അധികാരങ്ങൾ അംഗീകരിക്കാനുമുള്ള അനുവാദം നൽകുകയുണ്ടായി.**

ഈ സന്ദർഭത്തിൽ കഴിഞ്ഞ ഒരു വർഷക്കാലയളവിനുള്ളിൽ ദൈവം ഞങ്ങളുടെമേൽ ചൊരിഞ്ഞ അനവധിയായ അനുഗ്രഹങ്ങൾക്കുവേണ്ടി ദൈവത്തെ മഹത്വപ്പെടുത്തുവാൻ അഭിവന്ദ്യ തിരുമേനിമാർ ഉൾപ്പെടെയുള്ള ഏവരോടും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കൂടാതെ ബലഹീനനായ എനിക്കും സഹോദരനായ മാർ തെയോഫിലോസ് തിരുമേനിയ്ക്കും പുനരൈക്യപ്പെട്ട എല്ലാ വിശ്വാസികൾക്കും ഇനിയും പുനരൈക്യപ്പെടേണ്ട എല്ലാ അകത്തോലിക്കർക്കുവേണ്ടിയും ഇന്നാട്ടിലെ ലക്ഷക്കണക്കിന് അക്രൈസ്തവർക്കുവേണ്ടിയും തുടർന്നും പ്രാർത്ഥിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു. നിങ്ങൾ എല്ലാവരുടേയും പ്രാർത്ഥനാസഹായം യാചിച്ചുകൊള്ളുന്നു. നിങ്ങൾക്ക് ഏവർക്കും നമസ്ക്കാരം.

●

www.malankaralibrary.com



> ഏതു വലിയ പദവിയിൽ എത്തിയാലും ജനങ്ങൾ വെറുത്താൽ പിന്നെ എന്തു പ്രയോജനം? ഒരു പദവിയുമില്ലെങ്കിലും ജനങ്ങളുടെ സ്നേഹവും വിശ്വാസവും ഉണ്ടെങ്കിൽ പിന്നെ എന്താണ് ഒരു കുറവ്

# മനുഷ്യാർദ്രതയുടെ ഗിരിശൃംഗം



ജോസഫ് എം. പുതുശ്ശേരി

'Was Gandhiji a saint among politicians or a politician among politicians or a politician among saints?' മഹാത്മാഗാന്ധിയെ കുറിച്ച് ജവഹർലാൽ നെഹ്റു പറഞ്ഞ വാക്കുകളാണിത്. അക്ഷരാർത്ഥത്തിൽ ഇത് ഉമ്മൻചാണ്ടിക്കും യോജിക്കുന്ന വിശേഷണം.

അതുകൊണ്ടാണ് ജീവിതത്തിലുടനീളം ഉഗ്രശോഭയോടെ പ്രകാശിച്ചിട്ടും ആ സൂര്യൻ അസ്തമിച്ചിട്ട് ഇരുട്ട് വ്യാപിക്കാത്തത്. പകൽ സൂര്യനേക്കാൾ കടുപ്പത്തിൽ പ്രകാശിക്കുന്നത്. കല്ലറയ്ക്കുള്ളിൽ അടക്കം ചെയ്തിട്ടും അവിടേക്ക് ആളുകൾ പ്രവഹിക്കുന്നത്. ഉമ്മൻചാണ്ടി അമർത്യനായി, അനശ്വരനായി ജനമനസ്സുകളിൽ കുടികൊള്ളുന്നത്. ധരിച്ചിരുന്ന വേഷത്തിന്റെ വെണ്മ പോലത്തെ സുതാര്യ ജീവിതം. അതൊരു വിശുദ്ധ ജീവിതം തന്നെയായിരുന്നു. പദവിയോ പത്രാസോ ആഗ്രഹിക്കാത്ത, ജനസേവനത്തിനായി സ്വയം സമർപ്പിച്ച അത്ഭുതപ്രതിഭാസം. 'ഏതു വലിയ പദവിയിൽ എത്തിയാലും ജനങ്ങൾ വെറുത്താൽ പിന്നെ എന്തു പ്രയോജനം? ഒരു പദവിയുമില്ലെങ്കിലും ജനങ്ങളുടെ സ്നേഹവും വിശ്വാസവും ഉണ്ടെങ്കിൽ പിന്നെ എന്താണ് ഒരു കുറവ്?'- ഉമ്മൻചാണ്ടി തന്നെ വ്യക്തമാക്കിയ ഈ വാക്കുകൾ പൊതുപ്രവർത്തനത്തിനുള്ള അദ്ദേഹത്തിന്റെ തത്വശാസ്ത്രമാണ്. അതിൽനിന്ന് അണുവിട വ്യതിചലിക്കാതെ എട്ടുപതിറ്റാണ്ട്

www.malankaralibrary.com



നീണ്ട സമർപ്പിത ജീവിതം. അതൊരു ചരിത്രമായിരുന്നു. പരിത്യാഗ സാക്ഷ്യങ്ങളുടെ ചരിത്രം. ഇനി ആർക്കും തിരുത്താനാവാത്ത ചരിത്രം.

സ്നേഹം കൊണ്ടും കരുതൽ കൊണ്ടും ആർദ്രത കൊണ്ടും ലോകം ജയിച്ചതിന്റെ ചരിത്രം. രാഷ്ട്രീയമെന്നതിനെ ജനകീയതയുടെയും സാന്ത്വനത്തിന്റെയും വഴികളാക്കി അതിലൂടെ നടന്നു കയറിയതിന്റെ ചരിത്രം. ജനസമ്പർക്കമാണ് രാഷ്ട്രീയ പ്രവർത്തനത്തിന്റെ ആധാരം എന്ന് വിശ്വസിക്കുകയും അതിന്റെ സാധ്യതകളെ എല്ലാത്തരത്തിലും തലത്തിലും നാനാദിശകളിലേക്കും പടർത്തുകയും ചെയ്തു വിജയക്കൊടി പാറിച്ചതിന്റെ ചരിത്രം. അതുകൊണ്ടാണല്ലോ ഐക്യരാഷ്ട്ര സംഘടന (UN) പോലും അവാർഡ് നൽകി ഉമ്മൻചാണ്ടിയെ ആദരിച്ചത്.

ഉമ്മൻചാണ്ടിയുടെ വിടവാങ്ങലിന്റെ ഞെട്ടലും വേദനയുമടക്കാനാവാതെയുള്ള ജനലക്ഷങ്ങളുടെ ചരിത്രമായി മാറുകയായിരുന്നു. ഒരുപക്ഷേ, ഇനി മറ്റൊരാൾക്കും മറികടക്കാനാവാത്ത ചരിത്രം. അതിൽ രാഷ്ട്രീയമോ, മതമോ, ജാതിയോ ഒന്നുമുണ്ടായിരുന്നില്ല.സാധാരണക്കാർ ഇരമ്പിയെത്തിയതു മൂലം രൂപപ്പെട്ട ജനസാഗരം. അവർക്ക് ഒറ്റ വികാരമേ ഉണ്ടായിരുന്നുള്ളൂ- ഉമ്മൻചാണ്ടിയെ ഒന്ന് കാണണം. കാരണം ആ സ്നേഹ സ്പർശം ഇനി ഇല്ല എന്നത് അവർക്ക് ചിന്തിക്കാവുന്നതിലും അപ്പുറത്തായിരുന്നു. ആ കരുതലും തുണയും ചേർത്തു പിടിക്കലും അന്യമാകുന്നതിന്റെ ആധി അത്രമേൽ അവരെ ഭാരപ്പെടുത്തിയിരുന്നു. അതുകൊണ്ടാണ് എത്ര വൈകിയാലും കണ്ടേ മടങ്ങു എന്ന വാശിയിൽ അവർ മണിക്കൂറുകളോളം കാത്തുനിന്നത്. കൈക്കുഞ്ഞുങ്ങളുമായി വന്ന അമ്മമാർ മുതൽ പ്രായാധിക്യത്തിന്റെ ക്ലേശങ്ങൾ അനുഭവിക്കുന്നവരും അംഗപരിമിതരും യുവാക്കളും യുവതികളും ജോലിക്കാരും തൊഴിലാളികളും എന്നു വേണ്ട സമൂഹമൊന്നാകെ ഒഴുകിയെത്തിയ സന്ദർഭം. എന്തിന് തൊട്ടടുത്ത ദിവസം ഡെലിവറിക്ക് ഡേറ്റ് നൽകിയിരുന്ന ഗർഭിണികൾ വരെ. ഇരിക്കാനോ പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനോ ഉള്ള സൗകര്യങ്ങൾ ഒന്നുമില്ല. ഭക്ഷണമില്ല.... കാരണം അവർ വഴിയോരത്തേക്ക് സ്വയം ഒഴുകിയെത്തിയവരാണ്. അവർ പകലു രാവാക്കിയും രാവു പകലാക്കിയും കാത്തുനിന്നു. രണ്ടു പകലും ഒരു രാത്രിയും നീണ്ട 37.5 കൊണ്ടാണ് 158 കിലോമീറ്റർ ദൂരം താണ്ടി പുതുപ്പള്ളിയിൽ എത്താൻ വിലാപയാത്രയ്ക്ക് വേണ്ടി വന്നത്. ഭൂമി മലയാളം = ഉമ്മൻചാണ്ടി എന്ന അവസ്ഥ.



ഒരാളുടെയും ആഹ്വാനമോ പ്രേരണയോ കൂടാതെ ഇത്ര വലിയ ജനസഞ്ചയം ആർത്തലച്ച് തടിച്ചുകൂടിയത് എന്തുകൊണ്ടാണ്? ജനസാമാന്യത്തെ അത്രമാത്രം ആഴത്തിൽ സ്വാധീനിച്ച അതുല്യനായ നേതാവായിരുന്നു ഉമ്മൻചാണ്ടി. ജനമനസ്സുകളിലേക്ക് ആഴത്തിൽ വേരിറക്കി പടർന്നു പന്തലിച്ച വൻമരം. അത് ക്ലേശരഹിതമായി വേഗത്തിൽ സംഭവിച്ച പരിണാമമല്ല. ഊണും ഉറക്കവും സുഖസൗകര്യങ്ങളും എന്തിന് സ്വകാര്യത പോലും ഉപേക്ഷിച്ച് ജനങ്ങൾ

വിതുമ്പൽ ഇപ്പോഴും അടങ്ങിയിട്ടില്ല. ആ ദുഃഖസ്മരണ അവരെ ഈറനണിയിക്കുന്നു. വല്ലാത്ത ഒരു നഷ്ടബോധം ആകുലചിത്തരാക്കുന്നു. സ്വന്തം കുടുംബാംഗം നഷ്ടപ്പെട്ട വേദന അവരെ കീഴടക്കുന്നു. അതാണ് ഈ ദിവസങ്ങൾ അത്രയും നമുക്ക് കാണാനായത്.

കേരളത്തിലെ തലയെടുപ്പുള്ള നേതാക്കളുടെ വിയോഗം ഇത് ആദ്യത്തേതല്ല. വലിയ ജനതതി അവർക്ക് ആദരമർപ്പിക്കാൻ ഒത്തുകൂടുന്നതും നാം കണ്ടിട്ടുണ്ട്. എന്നാൽ അതിനെല്ലാം അപ്പുറത്ത് നെഞ്ച് പിളർക്കുന്ന വേദനയും അശ്രുബാഷ്പങ്ങളുമായി പാതയോരത്ത് അദ്ദേഹത്തെ ഒരു നോക്ക് കാണാൻ ലക്ഷങ്ങൾ മണിക്കൂറുകൾ കാത്തുനിന്നത് മറ്റൊരു

www.malankaralibrary.com

**സ്നേഹവും കരുണയും ആർദ്രതയും ഇത്രയേറെ വഴിഞ്ഞൊഴുകിയ ഒരു നേതാവ് വേറെ ഉണ്ടായിട്ടുണ്ടോ? അദ്ദേഹത്തിന്റെ ഓരോ നടപടിയിലും ഇതെല്ലാം പ്രതിഫലിച്ചുകൊണ്ടിരുന്നു. അതുകൊണ്ടാണ് ജനങ്ങളെ പ്രത്യേകിച്ച് പാവങ്ങളെയും നിരാലംബരേയും ചേർത്തുപിടിക്കുന്ന ഉമ്മൻചാണ്ടിയെ നാം എപ്പോഴും കണ്ടുകൊണ്ടിരുന്നത്. മാനവ സേവയാണ് മാധവ സേവ എന്ന സാരോപദേശം ഉള്ളിൽ ഗ്രഹിച്ചു അത് സഫലമാക്കിയ കർമ്മയോഗി.**



ക്ക് വേണ്ടി അവരിൽ ഒരാളായി താദാത്മ്യം പ്രാപിച്ച് നിരന്തരമായി നടത്തിയ സമർപ്പണത്തിന്റെ പ്രത്യുൽപ്പന്നമായിരുന്നു അത്. ജനമധ്യത്തിൽ വസിച്ചു അവരിൽനിന്ന് ഊർജ്ജം സംഭരിച്ച് ജീവൻ നിലനിർത്തിയ അപൂർവ്വ പ്രതിഭാസം. ഔന്നത്യങ്ങളിൽ നിന്ന് ഔന്നത്യങ്ങളിലേക്ക് ചുവടുവെച്ച് ഉന്നത ശീർഷനായി വിരാജിക്കുമ്പോഴും ജനക്കൂട്ടത്തിൽ നിന്ന് അദ്ദേഹം ഒഴിഞ്ഞുമാറിയില്ല. ഇന്നലെകളിലെ ശീലങ്ങൾക്കും രീതികൾക്കും അവധി കൊടുത്തില്ല. ജനങ്ങളുടെ പരാതികൾക്കും ആവലാതികൾക്കും ചെവി കൊടുത്ത് അവയ്ക്ക് പരിഹാരം നിർദ്ദേശിച്ചു അവരുടെ രക്ഷകനും സുഹൃത്തും ആപത്ബാന്ധവനുമായി എപ്പോഴും അദ്ദേഹം അവരോടൊപ്പം തന്നെ നിന്നു.

ഇതാണ് ഉമ്മൻചാണ്ടിയെ വ്യത്യസ്തനാക്കുന്നത്. അധികാരത്തിന്റെ ആടയാഭരണങ്ങൾ അദ്ദേഹത്തെ ഭ്രമിപ്പിച്ചില്ല. അതിന്റെ സുഖസൗകര്യങ്ങൾ നുകരാൻ അദ്ദേഹം ഒരിക്കലും മിനക്കെട്ടില്ല. അധികാരത്തിന്റെ അംശവടി ചുഴറ്റി പദവിയുടെ പത്രാസ് പ്രകടമാക്കാൻ അദ്ദേഹം അനുവദിച്ചില്ല. കൂടുതൽ വിനിയാന്വിതനും സമർപ്പിതനുമാകാനാണ് അത്തരത്തിലുള്ള ഓരോ അവസരവും അദ്ദേഹം വിനിയോഗിച്ചത്. അധികാരത്തെ ജനങ്ങൾക്ക് ഗുണം ചെയ്യാനുള്ള ഉപാധിയായും അവരുടെ പ്രശ്നപരിഹാരത്തിനുള്ള ഒറ്റമൂലിയായും അദ്ദേഹം പരിവർത്തിപ്പിച്ചു.

'ജനങ്ങളാണ് യജമാനന്മാർ' എന്നത് ജനാധിപത്യ സംവിധാനത്തിൽ നാം സ്ഥിരമായി കേൾക്കുന്ന വായ്ത്താരിയാണ്. എന്നാൽ പലപ്പോഴും നേർവിപരീതമായ പ്രവർത്തനരീതികളും. ഉമ്മൻചാണ്ടി അതിനൊരു അപവാദമായിരുന്നു. ജനങ്ങളാണ് തന്റെ യജമാനന്മാർ എന്ന് കരുതി ജനസേവനം നടത്തിയ നേതാവായി ആദ്യന്തം അദ്ദേഹം നിലകൊണ്ടു. മരണത്തിലും ആ കാഴ്ച്ചപ്പാട് അദ്ദേഹം പ്രാവർത്തികമാക്കി. സംസ്ഥാന സർക്കാരിന്റെ ആദരം വേണ്ടെന്ന് കുടുംബം വ്യക്തമാക്കിയത് അദ്ദേഹത്തിന്റെ അഭിലാഷപ്രകാരമായിരുന്നു. സാധാരണക്കാരന് ഇല്ലാത്തതൊന്നും തനിക്ക് വേണ്ട എന്ന ഒരു ജീവിതകാലം മുഴുവൻ പിൻപറ്റിയ ആദർശ സമീപനത്തിന്റെയും ലാളിത്യത്തിന്റെയും പ്രകടമായ പ്രഖ്യാപനം.

അതുവരെ അറിഞ്ഞ ഉമ്മൻചാണ്ടിയെക്കാൾ എത്രയോ ഏറെയാണ് മരണത്തിനുശേഷം നാം അറിഞ്ഞത്. അദ്ദേഹത്തിൽനിന്ന് സഹായം ലഭിച്ചവർ വിങ്ങലോടെ അത് പങ്കുവയ്ക്കുമ്പോഴാണ് ലോകം അത് അറിയുന്നത്. വലതുകരം ചെയ്യുന്നത് ഇടതുകരം അറിയരുതെന്ന പ്രമാണം അക്ഷരംപ്രതി പിൻപറ്റി ജീവിച്ച ഉത്തമവിശ്വാസിയും അത്ഭുത മനുഷ്യനുമായിരുന്നു അദ്ദേഹം. ഇത് മറ്റാരെങ്കിലുമായിരുന്നെങ്കിൽ എന്താകുമായിരുന്നു സ്ഥിതി? പി.ആർ. കൂട്ടവും അവരുടെ പൊടിപ്പും തൊങ്ങലുമൊക്കെയായി എത്രയോ നാൾ ഇതൊക്കെ പാറി പറന്നേനെ!

പ്രശ്നപരിഹാരത്തിനുള്ള വൈഭവം അദ്ദേഹത്തിന്റെ ഒരു സിദ്ധി വിശേഷമായിരുന്നു. തന്റെ മുന്നിൽ വരുന്നവരെ നിരാശപ്പെടുത്തരുതെന്ന് മാത്രമല്ല അത് നടത്തിക്കൊടുത്ത അവരുടെ മുഖത്ത് വിരിയുന്ന പുഞ്ചിരിയിലായിരുന്നു അദ്ദേഹം സായൂജ്യം കണ്ടെത്തിയിരുന്നത്. അതിനുവേണ്ടി ഏതറ്റം വരെ പോകാനും എന്ത് റിസ്ക് എടുക്കാനും അദ്ദേഹം സദാസന്നദ്ധനായിരുന്നു. അപരന്റെ മുഖത്ത് വിരിയുന്ന ചിരിയുടെ കാരണക്കാരൻ താനാണെന്ന് തിരിച്ചറിയുമ്പോൾ ഉള്ള സന്തോഷത്തെക്കുറിച്ച് ശ്രീബുദ്ധൻ പറഞ്ഞിരിക്കുന്നതിന്റെ സാക്ഷാത്കാരം.

www.malankaralibrary.com





തീരുമാനങ്ങളിലെ ആ വേഗതയായിരുന്നു ഭരണരംഗത്തും അദ്ദേഹത്തെ കിടയറ്റ ഭരണാധികാരിയും ചരിത്ര പുരുഷനുമാക്കിയത്. 'അതിവേഗം ബഹുദൂരം' എന്നത് ഒരു ആകർഷകമായ മുദ്രാവാക്യം മാത്രമല്ല സ്വപ്നതുല്യമായ പദ്ധതികൾ പ്രായോഗികതലത്തിൽ പ്രാവർത്തികമാക്കിയ വൈഭവത്തിന്റെ ഉൾക്കാഴ്ച കൂടിയായിരുന്നു. സ്മാർട്ട് സിറ്റിയും വിഴിഞ്ഞം പദ്ധതിയും മെട്രോ റെയിലും കണ്ണൂർ വിമാനത്താവളവും 14 ജില്ലകളിലെ മെഡിക്കൽ കോളേജുകളുമൊക്കെ അതിന്റെ ശബ്ദിക്കുന്ന ഉദാഹരണങ്ങളിൽ ചിലതുമാത്രം. അതിനേക്കാളേറെ പാവപ്പെട്ടവർക്കും പാർശ്വവൽക്കരിക്കപ്പെട്ടവർക്കും പ്രയോജനംചെയ്ത എണ്ണിയാൽ ഒടുങ്ങാത്ത ക്ഷേമ പദ്ധതികളും പ്രവർത്തനങ്ങളും തന്നെയായിരുന്നു ഉമ്മൻചാണ്ടി ഭരണത്തിന്റെ മുഖമുദ്ര. 'വികസനവും കരുതലും' എന്ന് അദ്ദേഹം വെറുതെ പറഞ്ഞതല്ല, തികഞ്ഞ ഉൾക്കാഴ്ചയോടെ തന്റെ സർക്കാരിന്റെ കർമ്മപദ്ധതിയെക്കുറിച്ചുള്ള കാഴ്ചപ്പാടായിരുന്നു അത്. അത് വെറും വാക്കായില്ല എന്ന് ജനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

സ്നേഹവും കരുണയും ആർദ്രതയും ഇത്രയേറെ വഴിഞ്ഞൊഴുകിയ ഒരു നേതാവ് വേറെ ഉണ്ടായിട്ടുണ്ടോ? അദ്ദേഹത്തിന്റെ ഓരോ നടപടിയിലും ഇതെല്ലാം പ്രതിഫലിച്ചുകൊണ്ടിരുന്നു. അതുകൊണ്ടാണ് ജനങ്ങളെ പ്രത്യേകിച്ച് പാവങ്ങളെയും നിരാലംബരേയും ചേർത്തുപിടിക്കുന്ന ഉമ്മൻചാണ്ടിയെ നാം എപ്പോഴും കണ്ടുകൊണ്ടിരുന്നത്. എത്രയായാലും അതിൽ അദ്ദേഹത്തിന് ഒരു മുഷിപ്പും തോന്നിയിരുന്നില്ല. മാനവ സേവയാണ് മാധവ സേവ എന്ന സാരോപദേശം ഉള്ളിൽ ഗ്രഹിച്ചു അത് സഫലമാക്കിയ കർമ്മയോഗി.

ആരോടും പരിഭവമോ പരാതിയോ വിദ്വേഷമോ പ്രകടിപ്പിക്കാത്ത സഹിഷ്ണുത സ്വാംശീകരിച്ചു വർത്തിച്ച ഇതുപോലൊരു പരിത്യാഗിയെ നമുക്ക് കാണാനാവുമോ. ദേഷ്യപ്പെട്ടോ കയർത്തോ ഒരു വാക്കും ജീവിതത്തിൽ ഒരിക്കലും അദ്ദേഹം ഉരിയാടിയിട്ടില്ല. മറ്റുള്ളവരെ വേദനിപ്പിക്കുന്ന ഒരു വാക്കും അദ്ദേഹത്തിന്റെ നിഘണ്ടുവിൽ ഉണ്ടായിരുന്നില്ല. ഇതൊക്കെയായിരുന്നിട്ടും ഇത്രയേറെ വേട്ടയാടപ്പെട്ട ഒരു രാഷ്ട്രീയ നേതാവിനെ ചരിത്രത്തിലൊരിടത്തും നമുക്ക് കാണാനാവില്ല. അപ്പോഴും നിറപുഞ്ചിരിയോടെ, സൗമ്യതയോടെ ആക്രോശങ്ങളെയും ആക്രമങ്ങളെയും നേരിട്ട അപൂർവ വ്യക്തിവിശേഷം. അധികാരം പിടിക്കാനും നിലനിർത്താനും എത്ര മ്ലേച്ഛമായ ആക്ഷേപങ്ങളാണ് അദ്ദേഹത്തിനെതിരെ ഉതിർത്തത്. കുടുംബത്തെ പോലും വെറുതെ വിട്ടില്ല ആകെ തകർന്നു പോകുന്ന ഈ സാഹചര്യത്തിലും പ്രതിരോധത്തിനുവേണ്ടി പോലും ഒരു കടന്നാക്രമണമോ അരുതാത്ത വാക്കോ അദ്ദേഹം ഉപയോഗിച്ചില്ല. 'ഒരുനാൾ സത്യം ജയിക്കും' എന്ന് മാത്രം അദ്ദേഹം ആവർത്തിച്ചു കൊണ്ടിരുന്നു. അത് ഉത്തമവിശ്വാസത്തിൽ നിന്ന് ഉയിർപൂണ്ട ആത്മനൊമ്പരത്തിന്റെ ആവിഷ്കാര രൂപമായിരുന്നു.

പല ആവർത്തി പല ഉന്നത പോലീസ് ഉദ്യോഗസ്ഥർ മാറിമാറി അന്വേഷിച്ചിട്ടും ഒന്നും കണ്ടെത്താനായില്ല. അതിൽ ആർക്കും അത്ഭുതമുണ്ടായിരുന്നില്ല, കാരണം നട്ടാൽ മുളയ്ക്കാത്ത നുണക്കഥകൾ മനപ്പൂർവ്വം സൃഷ്ടിച്ചായിരുന്നല്ലോ ആ ആരോപണങ്ങളത്രയും. കേരളത്തിന്റെ ഉന്നത നീതിപീഠം സോളാർ കമ്മീഷൻ റിപ്പോർട്ട് ചവിറ്റുകുട്ടയിൽ എറിഞ്ഞുകൊണ്ട് ഉമ്മൻചാണ്ടിക്ക് ക്ലീൻ ചിറ്റ് നൽകിയിട്ടും ബന്ധപ്പെട്ടവരുടെ പക അടങ്ങിയില്ല. പിന്നെ കേസ് സി.ബി.ഐ.ക്ക് വിട്ടു. ഒടുവിൽ സി.ബി.ഐയും കുറ്റവിമുക്തനാക്കുമ്പോൾ ക്രൂശിക്കാൻ ശ്രമിച്ചവരോട് എന്ത് തോന്നുന്നു എന്ന ചോദ്യത്തിന് പ്രതികാര രാഷ്ട്രീയം എന്റെ രീതിയല്ല എന്ന നിർദോഷമായ മറുപടിയാണ് അദ്ദേഹത്തിൽ നിന്നുണ്ടായത്. 'ഇവർ ചെയ്യുന്നത് എന്തെന്നറിയാകയാൽ ഇവരോട് ക്ഷമിക്കേണമേ' എന്ന ക്രൂശിതനായ ക്രിസ്തുവിന്റെ പ്രാർത്ഥന പോലെ.

ഇങ്ങനെ ക്ഷമിച്ചും പൊറുത്തും സഹനത്തിന്റെ പാതയിൽ സ്വയം ബലിയായി തീർന്ന വ്യക്തിത്വമായിരുന്നു ഉമ്മൻചാണ്ടിയുടേത്. മറ്റാർക്കാണ് അതിനു കഴിയുക.മുഖ്യമന്ത്രിയുടെ കാറിനു നേരെ ഉണ്ടായ കല്ലേറിൽ ചില്ല് തകർന്ന് നെഞ്ചത്തും നെറ്റിത്തടത്തിലും പരിക്കേറ്റ ഗുരുതര സംഭവം ഉണ്ടായിട്ടും അതിന്റെ പേരിൽ ഹർത്താലോ പ്രതിഷേധമോ പാടില്ലെന്ന് സ്വന്തം പാർട്ടിയെയും മുന്നണിയെയും വിലക്കിയ ഒരു രാഷ്ട്രീയ നേതാവിനെ ചൂണ്ടിക്കാണിക്കാനാകുമോ? ആ കേസിൽ ഒന്നാംപ്രതിയായ സി.ഓ.ടി. നസീറിനോടും ക്ഷമിച്ച് കേസിൽ നിന്ന് അദ്ദേഹത്തെ വിമുക്തനാക്കാൻ രോഗാതുരനായ കാലത്തും കണ്ണൂർ കോടതിയിൽ പോയി മൊഴി നൽകുന്ന ഉമ്മൻചാണ്ടി എല്ലാവർക്കും വിസ്മയം തീർക്കുന്ന അതുല്യ വ്യക്തിത്വമാണ്. അതാണ് നസീറിനെ പോലും അദ്ദേഹത്തിന്റെ ആരാധകനാക്കുന്നത്.

www.malankaralibrary.com


ഇങ്ങനെ ആ ജീവിതയാത്രയുടെ ഓരോ ഏടും നമ്മെ വിസ്മയിപ്പിക്കുന്നു. മാതൃകയില്ലാത്ത, ശൂന്യത അനുഭവപ്പെടുന്ന ഒരു കാലഘട്ടത്തിൽ എല്ലാവർക്കും മാതൃകയായി അദ്ദേഹത്തിന്റെ ജീവിത സാക്ഷ്യം നമ്മെ പിന്തുടരുന്നു. ഇത്രയേറെ ആളുകളെ ആകർഷിക്കുന്ന നേതാവായിട്ടും (crowd puller) ആതാര പരിവേഷമോ ജാഡയോ ഒന്നുമില്ലാതെ നിസ്സംഗനായി നമ്മളിൽ ഒരുവനായി വർത്തിക്കുന്നു. ഇതൊരു അത്ഭുതമല്ലാതെ മറ്റെന്താണ്?

ഡോ. ആൽബർട്ട് ഐൻസ്റ്റീൻ എന്ന വിഖ്യാത ശാസ്ത്രകാരൻ മഹാത്മാഗാന്ധിയെക്കുറിച്ച് പറഞ്ഞു – ' മജ്ജയും മാംസവും ഉണ്ടായിരുന്ന ഇങ്ങനെ ഒരാൾ നമ്മുടെ ഇടയിൽ ജീവിച്ചിരുന്നു എന്ന് വിശ്വസിക്കാൻ ഭാവിതലമുറ പ്രയാസപ്പെടും'. ഇന്നാണെങ്കിൽ ഉമ്മൻചാണ്ടിയെപ്പോലെ ഒരാൾ നമ്മുടെ ഇടയിൽ ജീവിച്ചു എന്ന് വിശ്വസിക്കാൻ പ്രയാസപ്പെടുമെന്ന ആപ്തവാക്യമായി അതിന് രൂപഭേദം സംഭവിച്ചേനെ, തീർച്ച. തികഞ്ഞ ദൈവവിശ്വാസിയായിരുന്നു അദ്ദേഹം. എന്നാൽ അതിൽ പ്രകടനപരത അല്പം പോലും തൊട്ടു തീണ്ടിയതേയില്ല. വിശ്വാസി മാത്രമല്ല ദൈവഭയം ഉള്ളവനുമായിരുന്നു. തെറ്റ് ചെയ്യാതിരിക്കാനുള്ള ജാഗ്രതയ്ക്കുള്ള പ്രേരണ അതായിരുന്നുവെന്ന് അദ്ദേഹം തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

കറയറ്റ ക്രൈസ്തവ വിശ്വാസിയായിരിക്കുമ്പോൾ തന്നെ എല്ലാ മതങ്ങളെയും മതക്കാരെയും ഉൾക്കൊള്ളുന്ന, മതേതരത്വം ആത്മാവിൽ സ്വാംശീകരിച്ച രാഷ്ട്രതന്ത്രജ്ഞനായിരുന്നു അദ്ദേഹം. അതുകൊണ്ടാണ് അതിർവരമ്പുകളുമില്ലാതെ ജനസാമാന്യം അദ്ദേഹത്തെ നെഞ്ചിലേറ്റിയത്.

ഉമ്മൻചാണ്ടി പൊതുപ്രവർത്തകർക്ക് ഒരു യൂണിവേഴ്സിറ്റിയാണ്, പാഠപുസ്തകമാണ് എന്നൊക്കെയുള്ള വിശേഷണങ്ങൾ ധാരാളമായി ഉണ്ടായി. 100% അത് ശരിയുമാണ്. പൊതുപ്രവർത്തകർക്ക് മാത്രമല്ല ആധ്യാത്മിക, മത നേതാക്കളടക്കം എല്ലാവർക്കുമുള്ള മാതൃക. ഇതൊരു വെല്ലുവിളി കൂടിയാണ്. പൊതുപ്രവർത്തകരടക്കം സമൂഹത്തിന്റെ വിവിധ തുറകളിലെ നേതാക്കൾക്കുള്ള വെല്ലുവിളി. അധികാരത്തിനുവേണ്ടി എന്ത് അധമ പ്രവർത്തനവുമാകാമെന്ന് ശീലിച്ചുറപ്പിച്ച 'ആനുകാലിക പ്രായോഗിക വക്താക്കൾ'ക്കു അമ്പരപ്പുണ്ടാക്കുന്ന ചൂണ്ടുപലക. പൊതുപ്രവർത്തകർ ഉമ്മൻചാണ്ടിയെപ്പോലെയാവാൻ ശ്രമിക്കണമെന്ന മുറവിളി ഉയരുന്ന പശ്ചാത്തലത്തിൽ ഈ വെല്ലുവിളി എത്രമാത്രം ഏറ്റെടുക്കുന്നുവോ അതനുസരിച്ചാവും നമ്മുടെ ശുദ്ധീകരണവും ഭാവിയും.

# ദൈവ പദ്ധതിയായ പുനരൈക്യം


(പേജ് 9 തുടർച്ച)

നിലനില്ക്കുന്നു. പുനരൈക്യം എന്നു പറയുമ്പോൾ ഐക്യം ആണല്ലോ അതിന്റെ കാതൽ. ഒരുമിച്ചു പ്രവർത്തിക്കാനുള്ള മനസ്സ് ഇവിടെ എല്ലാവരിലും ദൈവം നല്കി എന്നുള്ളതാണ് ഈ കാലഘട്ടത്തിൽ ഞാൻ മനസ്സിലാക്കിയ ഒരു കാര്യം.

### 6. ഐക്യദീപം വായനക്കാരോടുള്ള പിതാവിന്റെ പുനരൈക്യ സന്ദേശം എന്താണ്?

പുനരൈക്യം ഈ കാലഘട്ടത്തിൽ പ്രസക്തമാണ്. അത് കടന്നുപോയതോ, നാം എഴുതിതള്ളേണ്ടതോ ആയ ഒരു വിഷയമല്ല. കാരണം, ത്രിയേക ദൈവത്തിന്റെ ഗുണമാണ് ഐക്യം. ഐക്യത്തിന്റെ ചിന്തകളെല്ലാം ഉത്ഭവിക്കുന്നത് അവിടെ നിന്നാണ്. നാം ലൂക്കായുടെ സുവിശേഷത്തിൽ വായിക്കുന്നുണ്ടല്ലോ അന്തച്ഛിദ്രമുള്ള ഭവനവും കുടുംബവും നിലനിൽക്കുകയില്ല. എവിടെ അന്തച്ഛിദ്രമുണ്ടോ, അനൈക്യമുണ്ടോ അവിടെ പിശാചാണ് പ്രവർത്തിക്കുന്നത്. അവിടെ ദൈവത്തിന്റെ പ്രവർത്തനം അല്ല. ആ അർത്ഥത്തിലാണ് ഞാൻ പറയുന്നത് അന്നും ഇന്നും എന്നും പുനരൈക്യം പ്രസക്തമാണ്. ഐക്യത്തിലേക്ക് എല്ലാവരെയും കൊണ്ടുവരിക. നമ്മുടെ ബാവാ തിരുമേനി അതിന് കൊടുത്തിരിക്കുന്ന പേര് തന്നെ 'Golden word' എന്നാണ്. ഐക്യം എന്നത് ഒരു 'Golden word' ആണ്. ഐക്യം എവിടെ ഉണ്ടോ അവിടെ ദൈവസാന്നിദ്ധ്യം ഉണ്ട്. മലങ്കര മക്കളോട് പറയാനുള്ളത്: ഈ ഐക്യത്തിനുവേണ്ടി നിലകൊള്ളാനുള്ള വിളിയാണ് നമുക്കുള്ളത് എന്നാണ്. സത്യസഭയിലേക്ക് കൂടിച്ചേരുക. അതിനായി പ്രാർത്ഥിക്കുക. നിരന്തരം ഐക്യത്തിനുവേണ്ടി പ്രവർത്തിക്കുക. ഇതാണ് 93–ാം പുനരൈക്യ വാർഷികത്തിൽ സഭാമക്കളോട് പറയാനുള്ളത്. രണ്ട്, ഇത് പുനരൈക്യാഘോഷം എന്നതിലുപരി സാക്ഷ്യമാണ്. വന്നു, പോയി, ചില കാര്യങ്ങൾ ചെയ്തു എന്നതിലല്ല ഇതൊരു സാക്ഷ്യമായി മറ്റ് സഭകൾക്ക് മാറണം. സഭയുടെ മുഖം യേശുക്രിസ്തുവിന്റെ മുഖമാണ്. അത് നാം പ്രകടമാക്കണം.

www.malankaralibrary.com



# കുർബാനമധ്യേ ദൈവാലയത്തിന് പുറത്തുപോകാമോ?

എന്താണ് ദൈവാലയത്തിന്റെ പ്രത്യേകത? എന്തിനാണ് വിശുദ്ധ കുർബാന ദൈവാലയത്തിൽ തന്നെ നടത്തുന്നത്? ദൈവാലയത്തിലല്ലാതെ വേറെ എവിടെയെങ്കിലും വിശുദ്ധ കുർബാന അർപ്പിച്ചാൽ എന്താണ് കുഴപ്പം? ബലിയർപ്പണത്തിനായി എന്തുകൊണ്ടാണ് അൾത്താര ഉപയോഗിക്കുന്നത്? വിശുദ്ധ കുർബാനയിൽ മുഴുവൻ സമയവും പങ്കെടുക്കേണ്ടത് ആവശ്യമാണോ?

ക്രിസ്തീയ ആരാധനയ്ക്കായി ദൈവാലയം ഉപയോഗിക്കുന്നതിന് പ്രധാനമായും നാല് കാരണങ്ങളുണ്ട്. ദൈവം സർവ്വവ്യാപിയായതിനാൽ എല്ലായിടത്തുമുള്ളതുപോലെ ദൈവാലയത്തിലും ദൈവസാന്നിധ്യമുണ്ട്. രണ്ടോ മൂന്നോ പേർ ക്രിസ്തുനാമത്തിൽ ഒരുമിച്ചു കൂടുമ്പോൾ അവരുടെ മധ്യേ കർത്തൃസാന്നിദ്ധ്യം ഉണ്ടായിരിക്കും (മത്തായി 18:20). ആരാധനയ്ക്കായി ദൈവാലയം പ്രത്യേകം മൂറോൻ കൂദാശ ചെയ്ത് വേർതിരിച്ചിരിക്കുന്നതിനാൽ ദൈവാലയം മറ്റ് സ്ഥലങ്ങളിൽ നിന്ന് വ്യത്യസ്തമാണ്. മൂറോൻ തൈലത്തിന് സുറിയാനി ഭാഷയിൽ ഉപയോഗിക്കുന്ന പദം മെശ്ഹാ എന്നാണ്. അഭിഷിക്തൻ എന്നയർത്ഥമുള്ള ക്രിസ്തു എന്ന പദത്തിന് പകരമായുള്ള സുറിയാനി പദമാണ് മിശിഹാ. ഈ രണ്ട് പദങ്ങളുടെയും മൂലപദം മ്ശാഹ് എന്ന സുറിയാനി പദമാണ്. പഴയനിയമത്തിൽ പുരോഹിതനെയോ പ്രവാചകനെയോ രാജാക്കന്മാരെയോ അഭിഷേകം ചെയ്തിരുന്നത് തൈലം ഉപയോഗിച്ചായിരുന്നു. മഹാപുരോഹിതനും രാജാക്കന്മാരുടെ രാജാവുമായ ക്രിസ്തു സകല മനുഷ്യരെയും പരിശുദ്ധ ത്രിത്വനാമത്തിൽ ജ്ഞാനസ്നാനം ചെയ്യുവാൻ ശ്ലീഹന്മാരെ ഭരമേല്പിക്കുന്നത് ഒലിവുമലയിൽ വെച്ചാണ് (മത്തായി 28:19). ഒലിവുമലയാണ് ഒലിവുതൈലത്തിന്റെ സ്രോതസ്സ്. അതിൽ നിന്നാണ് മൂറോൻതൈലം രൂപപ്പെടുത്തുന്നത്. അതിനാൽ മൂറോൻ തൈലം ജീവവൃക്ഷമായ ക്രിസ്തുവിൽ നിന്ന് പുറപ്പെടുന്നു എന്ന് സുറിയാനിസഭാപിതാക്കന്മാർ പഠിപ്പിക്കുന്നു. വിശുദ്ധ കുർബാനയിൽ



**സുറിയാനി സഭാപാരമ്പര്യം**

**ഫാ. ഡോ. ജോസഫ് കളരിപറമ്പിൽ**

www.malankaralibrary.com


കർത്താവിന്റെ സാന്നിധ്യമുള്ളതുപോലെ വിശുദ്ധ മൂറോനിലും കർത്തൃസാന്നിദ്ധ്യമുണ്ട്. എല്ലാറ്റിലുമുപരിയായി, ദൈവാലയത്തിൽ കർത്താവിന്റെ തിരുശരീരരക്തങ്ങളുടെ സാന്നിദ്ധ്യം സദാ ഉണ്ട്. അതോടൊപ്പം, വിശുദ്ധ ഗ്രന്ഥസാന്നിധ്യവുമുണ്ട്. ഇങ്ങനെ ദൈവാലയം എല്ലാ അർത്ഥത്തിലും മറ്റേതു സ്ഥലത്തെക്കാളും ആരാധനയ്ക്കായി യോജിച്ച സ്ഥലമാണ്.

ബലിപീഠമെന്ന അർത്ഥത്തിൽ നാം ഉപയോഗിക്കുന്ന അൾത്താര എന്ന പദം ആംഗലേയ പദമായ altar മലയാളീകരിച്ചതാണ്. സുറിയാനി ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം മദ്ബഹാ എന്ന വാക്കാണ് ഈ അർത്ഥത്തിൽ ഉപയോഗിക്കുന്നത്. ബലിപീഠം, വിശുദ്ധിയുടെ വിശുദ്ധ സ്ഥലം, ബലിമേശ സ്ഥിതിചെയ്യുന്ന സ്ഥലം എന്നൊക്കെ ഈ പദത്തിന് അർത്ഥങ്ങളുണ്ട്. മദ്ബഹാ വിശുദ്ധ കുർബാന അർപ്പിക്കുവാനുള്ള ബലിപീഠമാണെങ്കിലും സുറിയാനി സഭാപാരമ്പര്യത്തിൽ ഈ ബലിപീഠത്തെ പ്രതീകമായി ചില രക്ഷാകര രഹസ്യങ്ങളുമായി ബന്ധിപ്പിക്കുന്നുണ്ട്. മദ്ബഹാ പറുദീസായെ പ്രതിനിധീകരിക്കുന്നു. ബലിപീഠം എല്ലാ അർത്ഥത്തിലും കർത്താവിന്റെ രക്ഷാകരരഹസ്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈ ബലിപീഠത്തെ പറുദീസായിലെ ജീവന്റെ വൃക്ഷമായും നമ്മുടെ കർത്താവ് പിറന്നു വീണ ബേത്‌ലഹേമിലെ കാലിത്തൊഴുത്തായും സെഹിയോൻ ഊട്ടുശാലയിലെ അന്ത്യത്താഴമേശയായും കാൽവരിയിലെ കർത്താവിന്റെ കുരിശായും അവിടുത്തെ കല്ലറയായും സുറിയാനി സഭാപിതാക്കന്മാർ മനസ്സിലാക്കുന്നു. മൂറോൻ കൂദാശ ചെയ്ത ബലിപീഠത്തിലോ തബലീത്തായിലോ മാത്രമേ വിശുദ്ധ കുർബാന അർപ്പിക്കുവാൻ പാടുള്ളു. വിശുദ്ധ കുർബാന അർപ്പണത്തിനായി പ്രത്യേകം കൂദാശ ചെയ്ത ഒരു പലകയാണ് തബലീത്താ. ഇതിന്മേലാണ് അപ്പവും വീഞ്ഞും ഒരുക്കി വെയ്ക്കുന്ന കാസായും പീലാസായും ക്രമീകരിക്കുന്നത്.

ഇപ്രകാരം വളരെ പവിത്രമായ വിശുദ്ധി നിറഞ്ഞു നിൽക്കുന്ന സ്ഥലമാണ് മദ്ബഹായും ദൈവാലയവും. അതിനാൽ തന്നെ ദൈവാലയത്തിൽ നാം സന്നിഹിതരാകുമ്പോൾ അതിനനുയോജ്യമായ വിശുദ്ധി കാത്തുസൂക്ഷിക്കണമെന്ന് സഭാപിതാവായ സാറൂഗിലെ മാർ യാക്കോബ് പഠിപ്പിക്കുന്നു. വിശുദ്ധ രഹസ്യങ്ങളുടെ സ്വീകരണത്തെക്കുറിച്ച് അദ്ദേഹം രചിച്ചിട്ടുള്ള കവിതയിൽ വിശ്വാസികൾ എപ്രകാരമാണ് ആരാധനയിൽ പങ്കെടുക്കേണ്ടത് എന്ന് പഠിപ്പിക്കുന്നുണ്ട്.

വിശുദ്ധ കുർബാനയിലുള്ള ഭാഗഭാഗിത്വം വഴിയായി വിശ്വാസികൾക്ക് രക്ഷാകരചരിത്രത്തിൽ പങ്കുപറ്റുവാനും അപ്രകാരം രക്ഷയുടെ ഫലങ്ങൾ അനുഭവിക്കുവാനും കഴിയുന്നു. ദിവ്യകാരുണ്യശരീരത്തിലൂടെയും രക്തത്തിലൂടെയും, ആരാധനാ സമൂഹം ക്രിസ്തുസാന്നിദ്ധ്യത്തിലേക്കും സഹവാസത്തിലേക്കും പ്രവേശിക്കുകയും ക്രിസ്തുവിന്റെ രക്ഷാകര ദൗത്യത്തിന്റെ ആത്മീയനേട്ടങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നു. വിശുദ്ധ കുർബാന സ്വീകരണത്തിലൂടെ പുത്രൻ തമ്പുരാന്റെ ശരീരരക്തങ്ങളിൽ പങ്കുപറ്റുന്ന വിശ്വാസികൾ പറുദീസായിലെ ജീവവൃക്ഷത്തിന്റെ ഫലത്തിലും സ്വർഗ്ഗീയജറുസലേമിലെ നിത്യവിരുന്നിലുമാണ് പങ്കുപറ്റുന്നത്. ഇപ്രകാരം വിശ്വാസി സമയത്തിന്റെയും സ്ഥലത്തിന്റെയും അതിർത്തികൾ ഭേദിച്ച് സ്വർഗ്ഗീയ ആരാധനയിൽ പങ്കുചേരുകയും അതിന്റെ ഫലങ്ങൾ അനുഭവിക്കുകയും ചെയ്യുന്നു.

വിശുദ്ധ കുർബാനയിലെ ഈ ഭാഗഭാഗിത്വം എപ്രകാരമായിരിക്കണമെന്ന് സാറൂഗിലെ മാർ യാക്കോബ് കൃത്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ദൈവാലയത്തിൽ വരുന്നവർ വിശുദ്ധ കുർബാനയുടെ ആരംഭം മുതൽ അവസാനം വരെ പ്രാർത്ഥനയിൽ പ്രതിബദ്ധതയോടെ തുടരണം. വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നതിലൂടെ, വിശ്വാസികൾക്ക് യേശുവിന്റെ ജീവിതത്തിലും മരണത്തിലും പുനരുത്ഥാനത്തിലും പങ്കുചേരുവാൻ കഴിയുന്നു. രക്ഷാകരചരിത്രം പൂർണ്ണമായും, അതായത്, സൃഷ്ടികർമ്മം മുതൽ ക്രിസ്തുവിന്റെ രണ്ടാം ആഗമനം വരെ വിശുദ്ധ കുർബാനയിൽ പുനരവതരിപ്പിക്കുന്നു. അതേ സമയം, വിശുദ്ധ കുർബാന ക്രിസ്തുവിന്റെ കുരിശിലെ യഥാർത്ഥ ബലി തന്നെയാണ്. ഇതിലെ ബലിവസ്തുവും ബലിയർപ്പകനും ബലി സ്വീകർത്താവും പുത്രൻതമ്പുരാൻ തന്നെയാണ്. ക്രിസ്തുവിന്റെ ഈ ബലിയിലെ കൂദാശപരമായ പങ്കാളിത്തത്തിന് പാപത്തിൽ നിന്നുള്ള മുൻകൂർ ശുദ്ധീകരണം ആവശ്യമാണ്. ക്രിസ്തുവിന്റെ ശരീരവും രക്തവും സ്വീകരിക്കുന്നതിലൂടെ, പറുദീസായിലെ പതനത്തിന് മുമ്പുള്ള അവസ്ഥയിലെന്നപോലെ ഒരാൾ ജീവവൃക്ഷത്തിന്റെ ഫലങ്ങൾ കഴിക്കുകയും സ്വർഗ്ഗത്തിലെ നിത്യവിരുന്നിന്റെ ഭക്ഷണത്തിൽ പങ്കെടുക്കുകയും ചെയ്യുന്നു. വിശുദ്ധ കുർബാന സ്വർഗ്ഗീയ ജറുസലേമിലെ നിത്യവിരുന്നിന്റെ മുന്നാസ്വാദനമാണ്. അതിനാൽ, കുർബാനയിൽ പങ്കെടുക്കുന്നതിലൂടെ, ഒരാൾ ഒരേ സമയം സൃഷ്ടിയുടെ ആരംഭത്തിലേക്കും ക്രിസ്തുവിന്റെ രണ്ടാം ആഗമനാനന്തരമുള്ള സ്വർഗ്ഗീയ ജീവനിലേക്കും പ്രവേശിക്കുന്നു.

സ്നാനമേറ്റവർ ദൈവത്തിന്റെ ഭവനത്തിലെ അംഗങ്ങളാണ്. മാമോദീസായിലൂടെ ഒരു വിശ്വാസി ക്രിസ്തുവിന്റെ സഹോദരസ്ഥാനത്തേക്കും ദൈവപുത്രസ്ഥാനത്തേക്കും ഉയർത്തപ്പെടുന്നു. തന്മൂലം, മാമോദീസായിലൂടെ ഒരു വ്യക്തിക്ക് അതിവിശുദ്ധ സ്ഥലത്തിന് മുമ്പിൽ നിൽക്കുവാനും ദൈവപുത്രനോടൊപ്പം പിതാവായ ദൈവത്തെ 'സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന് അഭിസംബോധന ചെയ്യുവാനുമുള്ള യോഗ്യത ലഭിക്കുന്നു.

www.malankaralibrary.com


ഇപ്രകാരം യോഗ്യത ലഭിച്ച വിശ്വാസികൾ, കർത്താവിന്റെ ദിനത്തിൽ എല്ലാം ഉപേക്ഷിച്ച് ദൈവാലയത്തിലേക്ക് ആവേശത്തോടെ ഓടിയെത്തുവാൻ സാറൂഗിലെ മാർ യാക്കോബ് ഉപദേശിക്കുന്നു. ലൗകിക കാര്യങ്ങളെക്കാൾ ദൈവവചനത്തിന് കൂടുതൽ താത്പര്യം നൽകണം. വിശ്വാസികൾ ദൈവാലയത്തിൽ നിന്ന് വിശുദ്ധ കുർബാനയ്ക്കിടയിൽ പുറത്തുപോകുന്നതിനെ അദ്ദേഹം നിശിതമായി വിമർശിക്കുന്നു: വിശ്വാസപ്രമാണത്തിനു മുമ്പായി മാമോദീസാ സ്വീകരിക്കാത്തവരോടൊപ്പവും കുർബാന സ്വീകരിച്ചതിന് തൊട്ടുപിന്നാലെയും പലരും ദൈവാലയത്തിന് പുറത്തുപോയിരുന്നു. അതിനാൽ വിശ്വാസികൾ ദൈവാലയത്തിൽ തുടരേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് മാർ യാക്കോബ് പഠിപ്പിക്കുന്നു. മാമോദീസ സ്വീകരിച്ച പലരും വിശ്വാസപ്രമാണത്തിന് മുമ്പായി ദൈവാലയത്തിന് പുറത്ത് പോകുമായിരുന്നു. കുർബാനയിൽ പങ്കെടുക്കുവാൻ അർഹതയുള്ളത് മാമോദീസാ സ്വീകരിച്ചവർക്ക് മാത്രമാണ്. വിശുദ്ധ കുർബാനയിൽ പങ്കെടുക്കുവാൻ അവർക്ക് ധാർമ്മികമായ ബാധ്യതയുണ്ട്. കുർബാന സമാപിക്കുന്നതു വരെ ദൈവാലയത്തിൽ തുടരേണ്ടത് അതിന്റെ ഫലപ്രാപ്തിക്ക് അത്യന്താപേക്ഷിതമാണെന്ന് സാറൂഗിലെ മാർ യാക്കോബ് വിശ്വാസികളെ ഉപദേശിക്കുന്നു.

വിശുദ്ധ കുർബാനയിൽ വിശുദ്ധീകരണം ആരംഭിക്കുന്നതിന് മുമ്പ് മാമോദീസാ സ്വീകരിക്കാത്തവർ ദൈവാലയത്തിന് പുറത്തുപോകണം. വിശുദ്ധീകരണം എന്നത് പ്രകാശത്തിന്റെ പുത്രന്മാർക്ക് മാത്രമുള്ളതാണ്, അതായത്, സ്നാനമേറ്റവർക്ക് മാത്രമുള്ളതാണ്. എന്നാൽ പലരും ലോകകാര്യങ്ങളിൽ ആകൃഷ്ടരാകുകയും അങ്ങനെ അവർ ദൈവാലയത്തിൽ നിന്ന് വിട്ടു നിൽക്കുന്നു. മാർ യാക്കോബ് വിശ്വാസികളെ പഠിപ്പിക്കുന്നത് ദൈവാലയശുശ്രൂഷകളിൽ നിന്ന് വിട്ടുനിൽക്കരുതെന്നാണ്, കാരണം ജീവിതം അതിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ദൈവത്തിന്റെ ഭവനത്തിൽ വസിക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് അദ്ദേഹം വിശ്വാസികൾക്ക് വിശദീകരിക്കുന്നു. 'കുർബാനയിൽ മണവാളൻ ഇറങ്ങി വരുമ്പോൾ, സ്നാനമേറ്റ എല്ലാവരെയും അവൻ അന്വേഷിക്കും. ദൈവപുത്രൻ അവരെ കാണുന്നതിനായി വരുമ്പോൾ രാജകീയ മണവാട്ടി (സഭ) രാജകീയ മണവറയിൽ ആയിരിക്കുക എന്നത് അവകാശവും, അതേ സമയം സ്നാനമേറ്റ ഓരോരുത്തരുടെയും കടമയുമാണ്'. മാമ്മോദീസ സ്വീകരിച്ചവർ ആരാധന ക്രമത്തിൽ നിന്ന് വിട്ടുനിന്നാൽ, പരിശുദ്ധാത്മാവിന്റെ ആവസിപ്പു സമയത്ത്, പരിശുദ്ധാത്മാവ് ഇറങ്ങി വരുമ്പോൾ, ഇപ്രകാരം ദൈവാലയത്തിൽ നിന്ന് വിട്ടുനിൽക്കുന്നവരെ പരിശുദ്ധാത്മാവ് കണ്ടെത്തുകയില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. അവർ ദൈവത്തിന്റെ ഭവനത്തിൽ ഇല്ലാത്തതിനാൽ ദൈവത്തെ 'ഞങ്ങളുടെ പിതാവേ' എന്നു വിളിക്കുവാനുള്ള പദവി അവർക്ക് നഷ്ടമാകുന്നു. അതിനാൽ, പരിശുദ്ധാത്മാവ് അവരുടെ മേൽ ആവസിക്കുകയില്ല. വേറൊരു കവിതയിൽ മാർ യാക്കോബ് ദൈവത്തിന്റെ മഹത്വത്തെയും ദൈവപുത്രന്റെ ശരീരരക്തങ്ങളുടെ വിശുദ്ധിയെയും കുറിച്ച് ഊന്നിപ്പറയുന്നു. ദൈവത്തെ 'ഞങ്ങളുടെ പിതാവേ' എന്ന് വിളിച്ചുകൊണ്ട്, പാപിക്ക് വിശുദ്ധമായ ഈ ആഘോഷത്തിൽ പങ്കെടുക്കാൻ കഴിയില്ല, അങ്ങനെ ചെയ്താൽ അവൻ കള്ളം പറയുന്നു; കാരണം, പാപികളുടെ യഥാർത്ഥ പിതാവ് പിശാചാണ്. കുർബാനയിൽ പശ്ചാത്തപിച്ച ഹൃദയത്തോടെ പങ്കെടുക്കണമെന്ന് വിശ്വാസികളോട് മാർ യാക്കോബ് അഭ്യർത്ഥിക്കുന്നു. അവർ കരുണയ്ക്കായി യാചിക്കുകയും പാപമോചനം നേടുകയും

> **വിശുദ്ധ കുർബാനയിൽ വിശുദ്ധീകരണം ആരംഭിക്കുന്നതിന് മുമ്പ് മാമോദീസാ സ്വീകരിക്കാത്തവർ ദൈവാലയത്തിന് പുറത്തുപോകണം. വിശുദ്ധീകരണം എന്നത് പ്രകാശത്തിന്റെ പുത്രന്മാർക്ക് മാത്രമുള്ളതാണ്, അതായത്, സ്നാനമേറ്റവർക്ക് മാത്രമുള്ളതാണ്. എന്നാൽ പലരും ലോകകാര്യങ്ങളിൽ ആകൃഷ്ടരാകുകയും അങ്ങനെ അവർ ദൈവാലയത്തിൽ നിന്ന് വിട്ടു നിൽക്കുന്നു.**

വേണം. അദ്ദേഹത്തിന്റെ പ്രബോധനമനുസരിച്ച് മാമോദീസ സ്വീകരിച്ചവർക്ക് ഒരു കാരണവശാലും ഈ ധാർമ്മിക ബാധ്യതയിൽ നിന്ന് രക്ഷപ്പെടാനാവില്ല.

കുർബാനയുടെ വേളയിൽ ഭയവും ഭക്തിയും ഉണ്ടായിരിക്കണമെന്ന് സാറൂഗിലെ മാർ യാക്കോബ് വിശ്വാസികളെ ഉപദേശിക്കുന്നു. വിശുദ്ധിയെ സ്വീകരിക്കുവാൻ വിശ്വാസികൾ സ്വയം ശുദ്ധീകരിക്കേണ്ടതുണ്ട്. പാപം ചെയ്യുന്നവർ ദൈവപുത്രന്റെ ശരീരവും രക്തവും സ്വീകരിക്കുവാൻ യോഗ്യരല്ലെന്ന് സാറൂഗിലെ മാർ യാക്കോബ് പഠിപ്പിക്കുന്നു. വിശുദ്ധ മേശയിൽ അപ്പവും വീഞ്ഞും തയ്യാറാക്കുമ്പോൾ, ഒരു വ്യക്തി ശുദ്ധീകരിക്കപ്പെട്ടിട്ടില്ലെങ്കിൽ, അയാൾക്ക് ഈ വിശുദ്ധ രഹസ്യങ്ങളെ സമീപിക്കുവാൻ കഴിയില്ല. സാറൂഗിലെ മാർ യാക്കോബ് ആന്തരിക ശുദ്ധീകരണം മാത്രമല്ല, ബാഹ്യശുദ്ധീകരണവും ആവശ്യ

www.malankaralibrary.com

പ്പെടുന്നു:

നിങ്ങളുടെ കൈകൾ അശുദ്ധമാണെങ്കിലും അല്ലെങ്കിലും,

നിങ്ങൾ അവയെ ശുദ്ധീകരിക്കുകയും തുടർന്ന് ദിവ്യമേശയെ സമീപിക്കുകയും ചെയ്യുക. കൈകളിൽ അഴുക്ക് പറ്റാതിരിക്കുവാൻ അവയെ നിങ്ങൾ കഴുകുക.

അർഹതയില്ലാതെ വിശുദ്ധ കുർബാനയിൽ പങ്കുചേരുന്നത് ഒരു വ്യക്തിയുടെ ബലഹീനതയ്ക്കും രോഗത്തിനും മരണത്തിനും കാരണമാകുന്നു. വിശുദ്ധ പൗലോസ് ശ്ലീഹാ ഇപ്രകാരം പറയുന്നു: 'നിങ്ങളിൽ പലരും രോഗികളും ദുർബലരും ആയിരിക്കുന്നതിനും ചിലർ മരിച്ചുപോയതിനും കാരണമിതാണ്' (1 കോറി 11:30). വിശുദ്ധിയുള്ളവർക്ക് വിശുദ്ധി ലഭിക്കും. വിശുദ്ധ കുർബാനയിൽ തിരുശരീരരക്തങ്ങളുടെ സ്വീകരണത്തിനു മുമ്പായി അതിനാൽ നാം ഇപ്രകാരം ചൊല്ലുന്നു: "വിശുദ്ധമായവ വിശുദ്ധിയും വെടിപ്പുമുള്ളവർക്ക് നൽകപ്പെടുന്നു.'' മാർ യാക്കോബ് ആത്മാവിനെ ഒരു പാത്രവുമായി താരതമ്യം ചെയ്യുന്നു. പാത്രം മാലിന്യം നിറഞ്ഞതാണെങ്കിൽ, അതിൽ വിശുദ്ധി സ്വീകരിക്കുവാൻ കഴിയില്ല. അയോഗ്യമായി ശരീരം ഭക്ഷിക്കുകയും ക്രിസ്തുവിന്റെ രക്തം കുടിക്കുകയും ചെയ്യുന്നവർ നരകാഗ്നിക്ക് അർഹരാകുന്നു:

പാപത്തിന്റെ മാലിന്യം ആത്മാവിൽ നിറഞ്ഞവന് വിശുദ്ധ സങ്കേതത്തിന്റെ ഉള്ളിലേക്ക് പ്രവേശിക്കുവാൻ അവകാശമില്ല.

വ്യഭിചാരത്താലും ആഡംബരത്താലും ആത്മാവ് ദുഷിച്ചവൻ,

പുരോഹിതന്റെ ശബ്ദം കേൾക്കുവാൻ പോലും പാടില്ല.

അപമാനവും മാലിന്യവും നിറഞ്ഞവൻ

പുരോഹിതൻ അവനു വിശുദ്ധവസ്തുക്കൾ നൽകില്ല.

നിങ്ങളുടെ വായ എല്ലാ ദുഷ്ടതയുടെയും ദുഷിച്ച മാലിന്യം ഛർദ്ദിക്കുന്നു,

മ്ലേച്ഛതയുടെയും മലിനതയുടെയും ഉറവിടം ഉണ്ടാക്കുകയും ചെയ്യുന്നു.

ശരീരരക്തങ്ങൾ നിങ്ങൾ സ്വീകരിക്കുവാൻ ആഗ്രഹിക്കുമ്പോൾ നിങ്ങൾ ഭയപ്പെടുന്നില്ല,

എന്നാൽ, സ്വർഗ്ഗീയർ വിശുദ്ധ വസ്തുക്കളെ നോക്കുമ്പോൾ, അവർ ഭയപ്പെടുന്നു.

ദിവ്യകാരുണ്യ ആഘോഷവേളയിൽ കർത്താവിന്റെ 'നാമം പരിശുദ്ധമാക്കപ്പെടേണമേ' എന്ന് പ്രാർത്ഥിക്കുന്നതിലൂടെ, പരിശുദ്ധ ത്രിത്വത്തിലെ മൂന്ന് ദൈവിക വ്യക്തികളുടെ വിശുദ്ധിയെ പരാമർശിക്കുന്നു എന്ന് മാർ യാക്കോബ് പഠിപ്പിക്കുന്നു:

പിതാവ് പരിശുദ്ധൻ, പുത്രൻ പരിശുദ്ധൻ, പരിശുദ്ധാത്മാവ് പരിശുദ്ധൻ,

മൂന്ന് പരിശുദ്ധർ-വിശുദ്ധ രഹസ്യങ്ങൾക്ക് വിശുദ്ധി നൽകുന്നു.

വിശുദ്ധ മന്ദിരത്തിൽ വിശുദ്ധിയോടെ പങ്കെടുക്കണമെന്ന് മാർ യാക്കോബ് വിശ്വാസികളോട് അഭ്യർത്ഥിക്കുന്നു. "പരിശുദ്ധി ദൈവത്തിന്റെ സങ്കേതത്തിൽ നിന്ന് പുറപ്പെട്ട്, ഭൂമിയിലുള്ളവരെ വിശുദ്ധരാക്കുന്നതിന് ഇറങ്ങിവന്നു, വിശുദ്ധിയുടെ തിരഞ്ഞെടുത്ത പാത്രങ്ങളിൽ ഈ പരിശുദ്ധി വസിക്കും." മാർ യാക്കോബ് നിർദേശിക്കുന്നു:

പാപി, ഈ സമയത്ത് വിറയ്ക്കുക, നിങ്ങളെത്തന്നെ നോക്കൂ.

വിശുദ്ധി നിങ്ങളെ വിട്ടുപോകാതിരിക്കുവാൻ സ്വയം കഴുകുക, സ്വയം ശുദ്ധീകരിക്കുക.

മാർ യാക്കോബ് തന്റെ ഉദ്ബോധനം തുടരുന്നു:

നീതിയുടെ എല്ലാ ഗുണങ്ങളാലും നിങ്ങളുടെ ആത്മാവിനെ അലങ്കരിക്കുക;

സകല വിശുദ്ധിയുടെയും രാജ്യം നിങ്ങളുടെ അടുക്കലേക്ക് വരുന്നു.

ലോകങ്ങളെ ദഹിപ്പിക്കുന്ന ഭയാനകമായ അഗ്നി


## ഒന്നാം ചരമവാർഷികം





**അച്ചാമ്മ കുഞ്ഞൂട്ടി**
മരണം : 25.07.2022

**എം. എം. ജോർജ്**
മരണം : 26.08.2022

**മണപ്പുറത്ത്, മാന്നാർ**

**"ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്"**

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

www.malankaralibrary.com


ഭൂമിയിലേക്ക് ഇറങ്ങി.

നിങ്ങളുടെ ആത്മാവിനെ നീതിയിലും വിശ്വസ്ത തയിലും ജ്വലിപ്പിക്കുക.

നിങ്ങളിൽ തീ ജ്വലിപ്പിക്കുക; ചൂളയിലെന്ന പോലെ സ്നേഹത്തിന്റെ അഗ്നി നിങ്ങളിലുമുണ്ട്.

നിങ്ങളുടെ സ്നേഹത്താൽ, നിങ്ങളിലെ ജീവ നുള്ള അഗ്നി ബഹുമാനിക്കപ്പെടുന്നു.

ദൈവിക സ്നേഹത്താൽ നിങ്ങൾ ആത്മാവിനെ ജ്വലിപ്പിക്കും,

(അപ്പോൾ) നിങ്ങൾ ദൈവത്തിന്റെ അഗ്നി ഗംഭീര മായി സ്വീകരിക്കും.

വിശുദ്ധി മനുഷ്യനിൽ ഇറങ്ങിയതിനാൽ അവൻ ദൈവത്തിന്റെ ആലയമായിത്തീരുന്നു. ഈ അഗ്നി യാൽ, വിശുദ്ധീകരണം നടക്കുന്നു. അനീതിയുടെ വഞ്ചനകളിലേക്കും ഇരുട്ടിലേക്കും നോക്കരുതെന്ന് വിശുദ്ധിയുടെ ശുദ്ധീകരിക്കപ്പെട്ട പാത്രങ്ങളായ വിശ്വാസികളെ മാർ യാക്കോബ് ശാസിക്കുന്നു. മാർ യാക്കോബ് തുടരുന്നു

ജീവിതത്തിന്റെ ആഴം ആകാംക്ഷയോടെ പുറ ത്തേക്ക് പാഞ്ഞു, അത് നിങ്ങളുടെ ആത്മാവിൽ വന്ന് ഓടിപ്പോകും,

പാപം വിശുദ്ധിക്ക് ഒരു തടസ്സമാകരുത്, അത് നിങ്ങളിൽ നിന്ന് കടന്നുപോകും.

കുർബാന സ്വീകരിച്ചിട്ട് നന്ദി പറയാതെ ദൈ വാലയത്തിൽ നിന്ന് ഇറങ്ങിപ്പോകുന്നവരെയും സാറൂ ഗിലെ മാർ യാക്കോബ് അതിശക്തമായി വിമർശി ക്കുന്നു. ഈ അവസ്ഥയെ സാധാരണ ഭോജനവു മായി അദ്ദേഹം താരതമ്യം ചെയ്യുന്നു. എല്ലാവരും ഭക്ഷണം കഴിച്ചു തീരുന്നതിനുമുമ്പ്, ഭക്ഷണമേശ യിൽ നിന്ന് ആളുകൾ ഒരിക്കലും പുറത്തുപോകരുത്. എന്നാൽ വിശ്വാസികൾ ദൈവത്തിന് നന്ദി പറയാതെ, ആത്മീയജീവിതത്തിന്റെ അപ്പത്തിന്റെ മേശ ഉപേ ക്ഷിച്ചു. ആരെങ്കിലും ക്രിസ്തുവിന്റെ ശരീരവും രക്ത വും സ്വീകരിക്കുകയും സ്തോത്രം നൽകാതെ ജീവ ന്റെ മേശയിൽ നിന്ന് പുറത്തുപോകുകയും ചെയ്യുന്നു വെങ്കിൽ, അവൻ ഒരു മൃഗത്തെപ്പോലെയാണ് എന്ന് മാർ യാക്കോബ് പഠിപ്പിക്കുന്നു. 'മേശയിലെ സ്തുതി' എന്ന പ്രസംഗത്തിൽ സാറൂഗിലെ മാർ യാക്കോബ് നന്ദിയുടെ ആശയം ആവർത്തിക്കുന്നു:

നിങ്ങൾ തിന്നതിന് നന്ദി പ്രകടിപ്പിക്കുന്നില്ലെങ്കിൽ

നിങ്ങൾ നന്ദികെട്ടവരും മനസ്സിലാക്കുവാൻ മന്ദഗതിയുള്ള മൃഗങ്ങളെപ്പോലെയുമാണ്.

കൂദാശ ചെയ്ത മേശയിൽ നന്ദിയോടെ അപ്പം മുറിക്കുക.

നിങ്ങൾ ക്രിസ്തുവിൽ നിന്ന് വേർപിരിഞ്ഞിട്ടി ല്ലാത്തതിനാൽ നീതിയിൽ നിന്ദിക്കപ്പെടുകയില്ല.

നിങ്ങൾ ഭക്ഷിച്ചതിനാൽ നന്ദി പറയുക; നിങ്ങൾ പാനം ചെയ്തതിനാൽ മഹത്വപ്പെടുത്തുക;

നന്മ നിറഞ്ഞ ഭക്ഷണത്തിന് സ്തോത്രം കൊണ്ടു വരിക.

ദൈവാലയത്തിൽ ദീർഘനേരം കഴിയുവാനും നല്ല വൈദ്യനായ ക്രിസ്തുവിനോട് അപേക്ഷിക്കുവാ നും മാർ യാക്കോബ് വിശ്വാസികളെ അനുശാസി ക്കുന്നു. ആരാധനാ സമയത്ത് വിശ്വാസികൾ ജാഗ്രത പാലിക്കണം, അവർ തെറ്റ് ചെയ്യരുത്. അവിഭക്ത ഹൃദയത്തോടെ അവർ ദൈവാലയത്തിൽ കഴിയണം. സഭയിൽ ശാരീരികമായി സന്നിഹിതരാണെങ്കിലും മാനസികമായി മറ്റ് സ്ഥലങ്ങളിൽ വ്യാപരിക്കുന്നവരെ കുർബാനയിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ മാർ യാക്കോബ് ഉപദേശിക്കുന്നു. കുർബാനയ്ക്ക് ആദ്യാ വസാനം പങ്കെടുക്കുവാൻ വിശ്വാസികളെ അദ്ദേഹം

**കുർബാന സ്വീകരിച്ചിട്ട് നന്ദി പറയാതെ ദൈവാലയത്തിൽ നിന്ന് ഇറങ്ങിപ്പോകുന്നവരെയും സാറൂഗിലെ മാർ യാക്കോബ് അതിശക്തമായി വിമർശിക്കുന്നു. ഈ അവസ്ഥയെ സാധാരണ ഭോജനവുമായി അദ്ദേഹം താരതമ്യം ചെയ്യുന്നു. എല്ലാവരും ഭക്ഷണം കഴിച്ചു തീരുന്നതിനുമുമ്പ്, ഭക്ഷണ മേശയിൽ നിന്ന് ആളുകൾ ഒരിക്കലും പുറത്തുപോകരുത്.**

പ്രോത്സാഹിപ്പിക്കുന്നു. എല്ലായ്പ്പോഴും ലൗകിക കാര്യങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന ആളുകൾ ദൈവാ ലയത്തിലായിരിക്കുമ്പോൾ, അവർ ശാരീരികമായും മാനസികമായും അവിടെ സന്നിഹിതരായിരിക്കണം. നമ്മുടെ പ്രാർത്ഥന ദൈവം കേൾക്കണമെങ്കിൽ, അത് പൂർണ്ണമായ ഒന്നായിരിക്കണം, അതായത്, അത് ദൈവാലയത്തിൽ പൂർണ്ണമായി സന്നിഹിതനായ ഒരു വ്യക്തിയിൽ നിന്ന് ഉയരണം. പ്രാർത്ഥിക്കുന്നവന്റെ മനസ്സ് അവന്റെ പ്രാർത്ഥനയിൽ ഏകാഗ്രമായി ല്ലെങ്കിൽ, പ്രാർത്ഥന തന്നെ വിഭജിക്കപ്പെട്ടിരിക്കുന്നു. ഒരു ഏകീകൃത യഥാർത്ഥ മനുഷ്യൻ ശരീരത്തിലും മനസ്സിലും ആത്മാവിലും ഒന്നിച്ചിരിക്കുന്ന ഒരു വ്യക്തിയാണ്. അതിനാൽ, ഒരു ഏകീകൃത മനുഷ്യ നായി പ്രാർത്ഥിക്കുവാൻ സാറൂഗിലെ മാർ യാക്കോബ് വിശ്വാസികളോട് ആവശ്യപ്പെടുന്നു. ദൈവത്തോട് കരുണ യാചിക്കുവാൻ മാനസാന്തരത്തിന്റെ കണ്ണു

www.malankaralibrary.com


നീർ ആവശ്യമാണ്. ആരെങ്കിലും തപസ്സും സ്ഥിരോത്സാഹവുമുള്ളവരാണെങ്കിൽ, അവർ എല്ലാ നന്മകളുടെയും ദാതാവിൽ നിന്ന് ആവശ്യപ്പെടുന്നതെന്തും ലഭിക്കും. യാചിക്കുന്നവർക്ക് മഹത്തായ വൈദ്യന്റെ വാതിൽ തുറക്കപ്പെടും, അവൻ അവരോട് കരുണ കാണിക്കും. ആരാധനക്രമത്തിൽ സജീവമായി പങ്കെടുക്കുവാനും ആദ്യം ദൈവരാജ്യം അന്വേഷിക്കുവാനും സാറൂഗിലെ മാർ യാക്കോബ് തന്റെ ശ്രോതാക്കളോട് അഭ്യർത്ഥിക്കുന്നു, അതിനാൽ ആരാധനാസമയത്ത് ലോകകാര്യങ്ങളിൽ ഏർപ്പെടരുത്. ആരാധനക്രമത്തിൽ സജീവമായി പങ്കെടുക്കുവാൻ വിശ്വാസികളെ മാർ യാക്കോബ് പ്രോത്സാഹിപ്പിക്കുന്നു:

ലോകത്തിൽ നിങ്ങൾ ഉണർന്നിരിക്കുന്നു, എന്നാൽ ദൈവഭവനത്തിൽ, ഇതാ, നിങ്ങൾ ഉറങ്ങുകയാണ്!

ഉറക്കമില്ലാത്ത മാലാഖമാരുടെ സ്ഥാനത്ത് പകലിന്റെ മക്കൾ ഉറങ്ങുന്നില്ല.

മനുഷ്യാ, ഉണരുക, പ്രാർത്ഥനയ്ക്കായി സ്വയം ഉണർത്തുക.

നിങ്ങൾ ദൈവാലയത്തിൽ ദീർഘനേരം തുടരുകയാണെങ്കിൽ, അത് സമയനഷ്ടമായി കണക്കാക്കരുത്.

മാമ്മോദീസയിലൂടെ വീണ്ടും ജനിച്ചവർ ദൈവത്തിന്റെ ഭവനത്തിൽ ജാഗരൂകരായിരിക്കണമെന്ന് മാർ യാക്കോബ് നിർബന്ധിക്കുന്നു. ഒരു വ്യക്തി ദൈവഭവനത്തിൽ ചെലവഴിക്കുന്ന സമയം ഒരിക്കലും ഒരു സമയനഷ്ടമല്ല. ദിവ്യകാരുണ്യ ആഘോഷത്തിൽ പങ്കെടുക്കേണ്ടതിന്റെ ആവശ്യകത അദ്ദേഹം എപ്പോഴും ഊന്നിപ്പറയുന്നു:

ജഡമോഹങ്ങളാൽ മലിനമായ ഭോഷന്മാരേ, വരുവിൻ, പ്രവേശിക്കുവിൻ.

വെളിച്ചത്തിന്റെ പുത്രിയുടെ ഉപദേശത്താൽ നിങ്ങളുടെ ജീവിതത്തെ ശുദ്ധീകരിക്കുക.

ഭക്ഷണത്തിൽ നിന്ന് വിട്ടു നിൽക്കുവാൻ തിരക്കു കൂട്ടരുത്

ലോകം മുഴുവനും അതിൽ ആനന്ദിക്കത്തക്കവണ്ണം സഭ അത് ഉണ്ടാക്കി.

വിശുദ്ധ മന്ദിരത്തിൽ വിശുദ്ധീകരണം ആരംഭിക്കുമ്പോൾ പോകരുത്,

കാരണം നിങ്ങൾ ഭവനത്തിലെ അംഗമാണ്, അപരിചിതനല്ലേ പുറത്തുപോകേണ്ടത്.

ആദ്യ നൂറ്റാണ്ടുകളിൽ, കർത്താവിന്റെ ദിനത്തിൽ മാത്രം ഒത്തുകൂടുക എന്നതായിരുന്നു സഭയിലെ പതിവ്. എല്ലാ ദിവസവും ക്രിസ്തുവിന്റെ ശരീരവും രക്തവും സ്വീകരിക്കുന്നതിനെക്കുറിച്ച് മാർ യാക്കോബ് പറയുന്നു: “എല്ലാ ദിവസവും അഭിഷിക്ത കുഞ്ഞാടിനെ ഭക്ഷിച്ചാലും അത് വർദ്ധിക്കുന്നു.” ഇത് ദൈനംദിന കൂട്ടായ്മയിലേക്ക് വിരൽ ചൂണ്ടുന്നു. ‘നമ്മുടെ കർത്താവിനെ തിരുവെഴുത്തുകളിൽ ഭക്ഷണവും പാനീയവും ആയി ചിത്രീകരിച്ചിരിക്കുന്നു’ എന്ന പ്രസംഗത്തിൽ മാർ യാക്കോബ്, അതേ പദപ്രയോഗം ഉപയോഗിക്കുന്നു:

സഭ അവന്റെ ശരീരം മുറിച്ച് അവളുടെ പുത്രന്മാരുടെ വായിൽ വെച്ചു.

അവൾ അവന്റെ രക്തം കലർത്തുന്നു; അതിൽ നിന്ന് പാനം ചെയ്യുന്നവർക്ക് അവനിൽ നിന്ന് ജീവനുണ്ട്.

അവൾ അപ്പം മുറിച്ച് എല്ലാ ദിവസവും അവളുടെ മേശപ്പുറത്ത് വെക്കുന്നു,

ജനങ്ങൾക്കും തലമുറകൾക്കുമായി അവൾ അത് പല ഭാഗങ്ങളായി വിതരണം ചെയ്യുന്നു, അതിൽ നിന്ന് വിശ്വാസികൾ ജീവിക്കും.

‘മോശയുടെ മുഖത്തെ മൂടുപടം’ എന്ന പ്രസംഗത്തിൽ മാർ യാക്കോബ് പറയുന്നു: “അവൾ എല്ലാ ദിവസവും അവന്റെ മേശയിൽനിന്ന് എടുത്ത് ഭക്ഷിക്കുന്നു.” അതേ പ്രബോധനത്തിൽ, ‘വായുടെയും ചുണ്ടുകളുടെയും കാവൽക്കാരനെ ഓരോ ദിവസവും അന്വേഷിക്കുവാൻ’ അദ്ദേഹം വിശ്വാസികളോട് ആവശ്യപ്പെടുന്നു. ‘മേശയിലെ സ്തുതി’ യെക്കുറിച്ചുള്ള ഒരു പ്രസംഗത്തിൽ, മാർ യാക്കോബ് അതേ ആശയം പിന്തുടരുന്നു: “ദൈവപുത്രൻ മേശകൾ ക്രമീകരിക്കുകയും അവന്റെ ശരീരം മുറിക്കുകയും ചെയ്തു; ജനങ്ങളും ലോകങ്ങളും അതിൽ നിന്ന് ദൈനംദിന ജീവിതം സ്വീകരിക്കുന്നു.”

ദിവ്യബലിയിലെ പങ്കാളിത്തത്തിലൂടെ, ഒരു വ്യക്തി ദൈവപുത്രന്റെ ശരീരത്തോടും രക്തത്തോടും ഐക്യപ്പെടുന്നു. അങ്ങനെ, അവൻ വിശുദ്ധി പ്രാപിക്കുകയും ദൈവത്തിന്റെ ആലയമായി മാറുകയും ചെയ്യുന്നു, അപ്രകാരം ഒരു ആത്മീയ പാത്രമായി മാറുന്നു. മാമോദീസാ സ്വീകരിച്ച ഓരോരുത്തരും പ്രകാശത്തിന്റെ പുത്രീപുത്രന്മാരാണ്. അപ്രകാരം, ക്രിസ്തുവിന്റെ ഭവനത്തിലെ അംഗങ്ങളുമാണ്. മാമോദീസായിലൂടെ ക്രിസ്തുവിന്റെ സഹോദര-സഹോദരിസ്ഥാനത്തേക്കും ദൈവപുത്ര-പുത്രീസ്ഥാനത്തേക്കും ഉയർത്തപ്പെട്ട വിശ്വാസികൾ ഈ വരപ്രസാദം നിലനിർത്തണമെങ്കിൽ ദൈവപുത്രന്റെ ശരീരരക്തങ്ങളിൽ പങ്കുപറ്റണം. ഈ വിശുദ്ധമായ അവസ്ഥയിൽ ആയിരിക്കുവാൻ ഒരു വിശ്വാസി വിശുദ്ധ കുർബാനാ രഹസ്യങ്ങളിൽ പൂർണമായ മനസ്സോടും ആത്മാവോടും ശരീരത്തോടും കൂടി പങ്കെടുക്കണമെന്ന് സാറൂഗിലെ മാർ യാക്കോബ് പഠിപ്പിക്കുന്നു.

www.malankaralibrary.com



ജാലകം




ഒരിക്കൽ ഒരു കമ്പനിയുടെ എം.ഡി. പുതുവർഷത്തിന്റെ ആഘോഷത്തിനായി ന്യൂ ഇയർ പാർട്ടി ക്രമീകരിച്ചു. അദ്ദേഹത്തിന്റെ കമ്പനിയിലെ എല്ലാ ജോലിക്കാരെയും വിളിച്ചുചേർത്തു. വൈകുന്നേരം എല്ലാവരും സന്തോഷത്തോടെ വന്നു. എല്ലാവർക്കും നല്ലൊരു ഡിന്നർ ഒരുക്കി. അതിനു മുമ്പായി ഗെയിംസ് ഓരോന്നായി അദ്ദേഹം അനൗൺസ് ചെയ്തു. ആദ്യത്തെ കസേരകളി കഴിഞ്ഞു. രണ്ടാമത്തെ ഗെയിമിന്റെ നിർദ്ദേശങ്ങൾ അദ്ദേഹം കൊടുക്കുകയായിരുന്നു. എല്ലാവരും ശ്രദ്ധിക്കുക, ഇവിടെ എല്ലാവരുടെയും കാലിൽ കെട്ടുവാനുള്ള ബലൂണുകൾ തയ്യാറായി ഇരിപ്പുണ്ട്. അത് കേട്ട് എല്ലാവരും ഓടിച്ചെന്ന് കാലിൽ ബലൂൺ കെട്ടി തയ്യാറായി നിന്നു. രണ്ടാമത്തെ നിർദ്ദേശം എല്ലാവർക്കുമായി കൈകളിൽ കരുതുവാൻ ടൂത്ത് പിക്കുകളും ഇവിടെ തയ്യാറാണ്. എല്ലാവരും ഓടിച്ചെന്ന് ടൂത്ത് പിക്കും എടുത്തു. മൂന്നാമത് അദ്ദേഹം ഉറക്കെ വിളിച്ചു പറഞ്ഞു, അവരവരുടെ കാലിലെ ബലൂൺ പൊട്ടാതെ എല്ലാവരും സൂക്ഷിക്കേണ്ടതാണ്. അദ്ദേഹം മ്യൂസിക് ഓൺ ചെയ്തു. എല്ലാവരും ധൃതിവച്ച് ഓരോ ബലൂണുകളും പൊട്ടിക്കാൻ ഓടുകയാണ്. അല്പനേരം കഴിഞ്ഞ് മ്യൂസിക് പെട്ടെന്ന് നിന്നു. അദ്ദേഹം എല്ലാവരെയും കൂട്ടിനിർത്തി. കാലിലെ ബലൂൺ പൊട്ടിയവർ വളരെ സങ്കടത്തോടെയും ഒരു പരാജിതന്റെ ഭാവത്തോടെയും കാലിൽ ബലൂൺ പൊട്ടാത്തവർ ഒരു വിജയിയുടെ ഭാവത്തോടെയും അങ്ങോട്ടും ഇങ്ങോട്ടും നോക്കുകയാണ്. അദ്ദേഹം എല്ലാവരെയും വിളിച്ച് ഈ ബലൂണുകളൊക്കെ അഴിച്ചു വയ്ക്കാൻ പറഞ്ഞു. എന്നിട്ട് അവരോട് പറഞ്ഞു, നിങ്ങളോട് പറഞ്ഞത് നിർദ്ദേശങ്ങളനുസരിച്ച് കാര്യങ്ങൾ ചെയ്യുക എന്നതാണ്. ഒന്ന് കാലിൽ ബലൂൺ കെട്ടുക. രണ്ട് കൈയ്യിൽ ടൂത്ത് പിക്ക് പിടിക്കുക. മൂന്ന് അവരവരുടെ കാലിലെ ബലൂൺ പൊട്ടാതെ സൂക്ഷിക്കുക എന്നതു മാത്രമാണ്. അതിനർത്ഥം മറ്റുള്ളവരുടെ കാലിലെ ബലൂൺ പൊട്ടിച്ചു കളയണം എന്നുള്ള അർത്ഥം അതിനില്ല എന്ന് ഞാനിവിടെ ഓർമ്മിപ്പിക്കുന്നു. എന്നിട്ട് അദ്ദേഹം കൂട്ടിച്ചേർത്തു പ്രിയപ്പെട്ടവരെ നാം

# മുന്നിൽ എത്താൻ നിങ്ങൾ ഇത് ചെയ്തിട്ടുണ്ടോ?





മെർലിൻ റ്റി. മാത്യു

എപ്പോഴും മനസ്സിലാക്കേണ്ട ഒരു കാര്യം ഉണ്ട്. ഒരു ജീവിതത്തിന്റെ വിജയത്തിന് അല്ലെങ്കിൽ നമ്മുടെ ജീവിതത്തിന്റെ വിജയത്തിന് മറ്റുള്ളവരെ പരാജയപ്പെടുത്തുന്നതാണ് നമ്മുടെ വിജയം എന്ന് നാം കരുതുന്നുണ്ടെങ്കിൽ അത് തെറ്റാണ്. നമ്മുടെ വിജയത്തിനു വേണ്ടി മറ്റൊരാളെ പരാജയപ്പെടുത്തുക എന്നതല്ല. നാം ലക്ഷ്യം തെറ്റാതെ ഓടി ലക്ഷ്യസ്ഥാനത്ത് എത്തിച്ചേരുക എന്നതാണ്. അതുകൊണ്ടാണ് ഓഷോ പറഞ്ഞത് ആരും ആരേക്കാളും ഉയർന്നവനുമല്ല ആരും ആരേക്കാളും താഴ്ന്നവനുമല്ല. നമ്മളേക്കാൾ താഴ്ന്നവനാണ് എന്നു തോന്നുമ്പോൾ മുന്നിലുള്ളവനെ തള്ളിയിട്ട് വീഴ്ത്തണമെന്ന് പലപ്പോഴും തോന്നും. എന്നാൽ ഒന്നിച്ച് പ്രവർത്തിക്കുമ്പോൾ ഒന്നിച്ച് ജീവിക്കുമ്പോൾ അത് സാധ്യമല്ല. എല്ലാവരും അവരവരുടെ കഴിവുകളോടുകൂടി സൃഷ്ടിക്കപ്പെട്ടവരാണ്. അതുകൊണ്ട് ഞാൻ ഞാനാണ്, നീ നീയാണ്. മറ്റുള്ളവരെ അംഗീകരിച്ചും സ്നേഹിച്ചും നാം വിജയികളായിത്തീരുവാൻ ലക്ഷ്യം തെറ്റാതെ മുന്നേറുവാൻ എല്ലാവർക്കും സാധിക്കട്ടെ.

www.malankaralibrary.com

# ആരോഗ്യം



**ഡോ. എസ്. വിജയലക്ഷ്മി**
**അസി. പ്രൊഫസർ, ന്യൂറോളജി, പുഷ്പഗിരി**

തലവേദന വരാത്തവരായി ആരുംതന്നെ ഉണ്ടാവില്ല. രണ്ടുതരത്തിൽ തലവേദന വരാം. പ്രാഥമിക തലവേദന (Primary headache) - തലവേദന മാത്രമായി വരുന്ന അവസ്ഥ. ദ്വിതീയ തലവേദന (Secondary headache) - മറ്റു രോഗങ്ങളുമായി ബന്ധപ്പെട്ടു വരുന്ന തലവേദന. പ്രാഥമിക തലവേദനകളിൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് മൈഗ്രേൻ അഥവാ ചെന്നിക്കുത്ത് അഥവാ കൊടിഞ്ഞി.

മൈഗ്രേന്റെ പ്രധാനപ്പെട്ട ലക്ഷണങ്ങൾ ഇവയാണ്-നെറ്റിയുടെ ഒരു വശത്തായി തുടങ്ങുന്ന തലവേദന, തുടിക്കുന്നതു പോലെയുള്ള തലവേദന, വെളിച്ചത്തിനോടും ശബ്ദത്തിനോടുമുള്ള വിരക്തി (photophonophobia), 4 മുതൽ 12 മണിക്കൂർ വരെ നീണ്ടുനിൽക്കുന്ന സാമാന്യം ശക്തിയിലുള്ള തലവേദന. ചിലപ്പോൾ ഇതോടൊപ്പം ഓക്കാനവും, ഛർദ്ദിയും വരുന്നതായും കാണാം. ഛർദ്ദിച്ചു കഴിയുമ്പോൾ തലവേദന കുറയുന്നതായി കാണാം. ചില പ്രത്യേക സാഹചര്യങ്ങൾ ഈ തലവേദന വരാൻ കാരണമാകാം. ഉദാഹരണമായി നിർജലീകരണം (dehydration), ഉറക്കമില്ലായ്മ, വിശന്നിരിക്കുക, സമ്മർദ്ദം (stress) എന്നിവ. സ്ത്രീകളിൽ ഇത് ആർത്തവചക്രവുമായി ബന്ധപ്പെട്ടും വരാം. ഈ ഘടകങ്ങളെ ട്രിഗേഴ്സ് (Triggers) എന്നു പറയുന്നു.

നമ്മുടെ ശരീരത്തിൽ കാഴ്ച, കേൾവി, മണം എന്നിവയെ മസ്തിഷ്കത്തിലേക്ക് എത്തിക്കുന്നത് ചില രാസപദാർത്ഥങ്ങളുടെ സഹായത്തോടെയാണ്. ഇവയെ ന്യൂറോട്രാൻസ്മിറ്റേഴ്സ് എന്നു പറയുന്നു. ഇവയിലുള്ള വ്യതിയാനങ്ങളാണ് മൈഗ്രേനിനുള്ള കാരണം. ഈ വ്യതിയാനങ്ങൾ കാരണം മസ്തിഷ്കത്തിനുള്ളിലെ രക്തക്കുഴലുകൾ ചുരുങ്ങുകയും പുറത്തെ രക്തക്കുഴലുകൾ വികസിക്കുകയും ചെയ്യുന്നു. ഇതു കാരണം തലച്ചോറിലെ ഇലക്ട്രിക്കൽ ആക്ടിവിറ്റിയിലും വ്യതിയാനം വരുന്നു.



www.malankaralibrary.com

# മൈഗ്രേനും ചികിത്സയും

മാതാപിതാക്കൾക്ക് മൈഗ്രേൻ ഉണ്ടെങ്കിൽ കുട്ടികൾക്ക് വരാനുള്ള സാദ്ധ്യത 90% ന് മുകളിലാണ്. അതുപോലെ ജനിതക വ്യത്യാസം കൊണ്ടും മൈഗ്രേൻ വരാം. അത് 1% ൽ കുറവായെ കാണുന്നുള്ളൂ. ഉദാഹരണത്തിന് ഫെമിലിയൽ ഹെമിപ്ലീജിക് മൈഗ്രേൻ (Familial Hemiplegic Migraine).


സ്ത്രീകളിൽ പുരുഷന്മാരെ അപേക്ഷിച്ച് മൈഗ്രേൻ കൂടുതലായി കാണുന്നു (3:1 എന്ന അനുപാതത്തിൽ). ഹോർമോൺ വ്യതിയാനങ്ങളാണ് ഇതിന് പ്രധാന കാരണം. ആർത്തവചക്രം തുടങ്ങുന്നതിന് മുമ്പും ആർത്തവചക്രത്തിന്റെ മദ്ധ്യത്തിലും മൈഗ്രേൻ വരാനുള്ള സാദ്ധ്യത കൂടുതലാണ്. ഈസ്ട്രജന്റെ കുറവാണ് ഇതിനു കാരണം.

ചില ഭക്ഷണപദാർത്ഥങ്ങൾ ഉദാഹരണത്തിന് ചീസ്, കഫീൻ, മദ്യം, ചൈനീസ് ഭക്ഷണങ്ങൾ എന്നിവ മൈഗ്രേൻ ട്രിഗേഴ്സ് ആണ്. അതുപോലെ തന്നെ ചില വീര്യം കൂടിയ പെർഫ്യൂമുകളുടെ മണവും. വെയിൽ കൊള്ളുന്നതും ചിലരിൽ മൈഗ്രേനു കാരണമാകാം. അധികനേരം കമ്പ്യൂട്ടർ സ്ക്രീനിൽ നോക്കുന്നതും ഇതിന് കാരണമാകാം.

മൈഗ്രേൻ ഒരു മാതൃകയിൽ (pattern) വരുന്ന തലവേദനയാണ്. ക്ലാസിക്കൽ മൈഗ്രേന് വിവിധ ഘട്ടങ്ങൾ ഉണ്ട്. ഇത് 10% പേരിൽ മാത്രമേ കാണാറുള്ളൂ. ആദ്യം പ്രാരംഭഘട്ടം (prodrome) – ക്ഷീണം, മൂഡിൽ ഉള്ള വ്യത്യാസം, രണ്ട് ഓറ (aura) –കാഴ്ചയിലും സ്പർശനത്തിലും കേൾവിയിലും ഉള്ള വ്യത്യാസം, മൂന്ന് തലവേദന ഘട്ടം (headache stage) പിന്നീട് തലവേദന വിട്ടുമാറുന്നു. അതിനു ശേഷം ക്ഷീണം, ദേഹവേദന തുടങ്ങിയവ വരുന്നു (post drome).

കുട്ടികളിലും മൈഗ്രേൻ വരാം. മൂന്നു വയസ്സു മുതൽ അത് തുടങ്ങിയേക്കാം. 12 വയസ്സു വരെ സ്ത്രീ പുരുഷ വ്യതിയാനം ഇല്ല. തലവേദനയല്ലാതെ വയറുവേദനയായും (abdominal migraine) ചാക്രിക ഛർദ്ദിയായുമൊക്കെ (Cyclial Vomiting) ഇത് കുട്ടികളിൽ വരാനുള്ള സാദ്ധ്യത കൂടുതലാണ്.

20 മുതൽ 40 വയസ്സു വരെയുള്ള കാലഘട്ടത്തിൽ മൈഗ്രേന് തീവ്രത വളരെ കൂടുതലാണ്. പിന്നീട് പ്രായം കൂടും തോറും തീവ്രത കുറഞ്ഞു വരുന്നു. 50 വയസ്സിനു ശേഷം ആദ്യമായി വരുന്ന മൈഗ്രേൻ പോലത്തെ തലവേദന പ്രാധാന്യം അർഹിക്കുന്നു. അത് സാരമായി എടുക്കുകയും വിദഗ്ധോപദേശം തേടുകയും ചെയ്യണം.




എല്ലാ വേദനകളും മൈഗ്രേൻ അല്ല. അതിശക്തമായ തലവേദന, തുടക്കത്തിൽ തന്നെ ശക്തി കൂടി വരുന്ന തലവേദന, മറ്റു ലക്ഷണങ്ങളോടുകൂടിയ തലവേദന അതായത് തലവേദനയോടൊപ്പം ഓർമ്മയിലും ബോധത്തിലുമുള്ള വ്യത്യാസം, ബലക്കുറവ്, കാഴ്ചക്കുറവ് എന്നിവ ഉള്ള തലവേദനകൾ – ഇവയൊന്നും മൈഗ്രേൻ അല്ല. അതുപോലെ തന്നെ പ്രായമായവരിലെ തലവേദനകൾ, രോഗപ്രതിരോധശേഷി കുറഞ്ഞവരിലെ തലവേദനകൾ എന്നിവയൊന്നും നിസ്സാരമല്ല. കാൻസർ വന്നിട്ടുള്ളവരിൽ ഉള്ള തലവേദന സാരമായി എടുക്കേണ്ടതാണ്. ഈ അപകട ലക്ഷണങ്ങൾ ഉള്ള തലവേദനകൾ അടിയന്തിരമായി വൈദ്യോപദേശം തേടേണ്ടതാണ്.

മൈഗ്രേൻ ഒരു ഗുരുതരമായ രോഗമല്ല. സ്ട്രോക്ക്, അപസ്മാരം എന്നിവ മൈഗ്രേനുമായി ബന്ധപ്പെട്ട് വരാറുണ്ടെങ്കിലും അത് അപൂർവമായി മാത്രമാണ്. എന്നിരുന്നാലും മൈഗ്രേൻ കാരണം ഉണ്ടാകുന്ന

www.malankaralibrary.com

ബുദ്ധിമുട്ടുകൾ (Morbidity) വളരെ വലുതാണ്. ഇത് ദിവസവൃത്തിയെ ബാധിക്കുകയും, ജീവിത നിലവാരത്തെ കുറയ്ക്കുകയും ചെയ്യുന്നു. അതിനാൽ തന്നെ യഥാസമയം രോഗ നിർണ്ണയവും ചികിത്സയും അത്യാവശ്യമാണ്.

രോഗനിർണ്ണയം പ്രധാനമായും ലക്ഷണങ്ങളെ ആസ്പദമാക്കിയാണ്. ഇതിന് രക്തപരിശോധനയോ, സ്കാനോ ആവശ്യമില്ല. എന്നാൽ എന്തെങ്കിലും അപായ സൂചനയുള്ള ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നുവെങ്കിൽ സ്കാനും മറ്റു പരിശോധനകളും ആവശ്യമായി വന്നേക്കാം.

കടുത്ത തലവേദനയുമായി വരുന്ന രോഗിക്ക് അടിയന്തിരമായി വേദന സംഹാരികൾ ആവശ്യമായി വരും. വേദന സംഹാരികൾക്ക് ഒപ്പം തന്നെ മൈഗ്രേൻ വരാതിരിക്കാനുള്ള മരുന്നുകളും വേണ്ടി വരും (prophylactic drugs). മാസത്തിൽ രണ്ടോ അതിലധികം തവണ സാമാന്യം ശക്തിയായി തലവേദന വരികയോ 72 മണിക്കൂറിൽ കൂടുതൽ നിൽക്കുന്ന ഒരു തലവേദന വരികയോ ചെയ്താൽ ആ രോഗിക്ക് മൈഗ്രേൻ വരാതിരിക്കാനുള്ള മരുന്നുകൾ ആവശ്യമാണ്. ഇത് ഡോക്ടറുടെ ഉപദേശമനുസരിച്ച് കഴിക്കേണ്ടതാണ്. അതോടൊപ്പം തന്നെ മൈഗ്രേൻ ട്രിഗേഴ്സ് കണ്ടുപിടിക്കുകയും കഴിയുന്നത്ര ഒഴിവാക്കുകയും ചെയ്യേണ്ടതാണ്. ഒരു തലവേദന ഡയറി സൂക്ഷിക്കുന്നത് സഹായകരമാണ്. നിർജ്ജലീകരണം ഒഴിവാക്കുക, സമയത്ത് ഭക്ഷണം കഴിക്കുക, ആവശ്യത്തിനുള്ള ഉറക്കം കിട്ടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക, സമ്മർദ്ദങ്ങൾ കുറയ്ക്കുക, കൃത്യമായി വ്യായാമം ചെയ്യുക എന്നീ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തണം.

**മൈഗ്രേൻ പൂർണ്ണമായും ചികിത്സിച്ചു ഭേദമാക്കാൻ പറ്റുന്ന ഒരു അസുഖമല്ല. എന്നാൽ അത് നല്ലവണ്ണം നിയന്ത്രിക്കാവുന്നതേയുള്ളു.**

മൈഗ്രേൻ പൂർണ്ണമായും ചികിത്സിച്ചു ഭേദമാക്കാൻ പറ്റുന്ന ഒരു അസുഖമല്ല. എന്നാൽ അത് നല്ല വണ്ണം നിയന്ത്രിക്കാവുന്നതേയുള്ളൂ. 6 മുതൽ 2 വർഷംവരെയും തുടർച്ചയായി മരുന്നു കഴിക്കേണ്ടി വന്നേക്കാം. ഒരു വിദഗ്ധ ഡോക്ടറെ കണ്ട് രോഗ നിർണ്ണയം നടത്തുകയും യഥാസമയം ചികിത്സ തുടങ്ങുകയും ചെയ്യുക. മൈഗ്രേൻ നിങ്ങളുടെ ജീവിതത്തിന്റെ നിറം കെടുത്താതിരിക്കട്ടെ. ●

## ഉപകാരസ്മരണ

### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചുതരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽനിന്ന് അകലുവാനോ വേർപിരിയുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...........ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുൻപ് താഴെപറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നല്കുക. 1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും. 2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയും അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഒരു വിശ്വാസി, തിരുമൂലപുരം**

## ഉപകാരസ്മരണ


### പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്ക് എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴികാണിച്ചുതരുകയും എന്നോട് മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവുതരുന്ന ദൈവികദാനം തരികയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയ്ക്കു ഞാൻ നന്ദി പറയുന്നു. എത്ര വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷംപോലും അങ്ങയിൽനിന്ന് അകലുവാനോ വേർപിരിയുവാനോ ഞാൻ ആഗ്രഹിക്കുന്നില്ല എന്നു ഞാൻ തീർത്തുപറയുന്നു. നിത്യമഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവഹിതത്തിന് വിധേയപ്പെട്ടുകൊണ്ട് ഞാൻ അങ്ങയോടു ചോദിക്കുന്നു...........ഈ പ്രാർത്ഥന വിശ്വാസത്തോടെ മൂന്നു ദിവസം അടുപ്പിച്ചു ചൊല്ലുക. മൂന്നു ദിവസത്തിനുശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിനു മുൻപ് താഴെപറയുന്ന രണ്ട് കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നല്കുക. 1. അപേക്ഷ സാധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും. 2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്രയും അധികം ആളുകളിൽ എത്തിക്കും. ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടിയാണ്.

**ഒരു വിശ്വാസി, നെടുമ്പ്രം**

www.malankaralibrary.com






# ഉറക്കമില്ലായ്മ ഇതാണ് കാരണം

രാത്രിയിൽ ഒട്ടും ഉറക്കം കിട്ടുന്നില്ല എന്ന് പരാതി പറയുന്നവരാണോ നിങ്ങൾ? എങ്കിൽ ഇതിന്റെ പിന്നിലെ പ്രധാന വില്ലൻ, നിങ്ങളുടെ മൊബൈൽ ഫോൺ, ടി.വി, ലാപ്ടോപ്പ് മുതലായ ഡിവൈസുകൾ ആണ്. ഇന്ന് ഭൂരിഭാഗം പേരും കിടക്കുന്നതിന് മുമ്പ് ധാരാളം സമയം ഫോൺ ഉപയോഗിക്കുന്ന ശീലം ഉള്ളവർ ആയിരിക്കും. കിടക്കുന്ന സമയത്തും ഒരുപക്ഷേ ഫോൺ നിങ്ങളുടെ കയ്യിൽ ഉണ്ടായിരിക്കും. കിടന്ന് കഴിഞ്ഞ ശേഷവും കുറെ നേരം ഫോൺ ഉപയോഗിച്ചതിനുശേഷം മാത്രമായിരിക്കും നിങ്ങൾ ഫോൺ കയ്യിൽ നിന്നും മാറ്റുന്നത്. അപ്പോൾ ഇതു തന്നെയാണ് ഉറക്കത്തിനെ തടസ്സപ്പെടുത്തുന്നതിനുള്ള ഏറ്റവും പ്രധാന കാരണവും. ഇതിന്റെ ഫലമായിട്ട് നല്ല ഒരു ഉറക്കം നമുക്ക് അത്രയും നേരം കിട്ടാതെയിരിക്കും.

ഉറക്കത്തിന് സഹായമാകുന്ന ഒരു പ്രധാനപ്പെട്ട ഹോർമോൺ ആണ് മെലാറ്റോനിൻ. മെലാറ്റോനിൻ ഉത്പാദിപ്പിക്കുന്നത് പീനിയൽ ഗ്രന്ഥി ആണ്. ഈ മെലാറ്റോനിൻ എന്ന ഹോർമോണിന്റെ ഉത്പാദനം ഇരുട്ട് ആകുമ്പോളാണ് കൂടുതലായിട്ട് ഉണ്ടാകുന്നത്. അപ്പോൾ രാത്രി വൈകിയും മൊബൈൽ ഫോൺ ഉപയോഗിച്ച് കൊണ്ടിരിക്കുന്നവർക്ക് എന്താണ് സംഭവിക്കുന്നത്? മെലാറ്റോനിന്റെ ഉത്പാദനം അവിടെ നടക്കില്ല. തത്ഫലമായി അവർക്ക് ഉറക്കം അനുഭവപ്പെടുകയില്ല. ഉറക്കം വരുന്നില്ല എന്ന് പറഞ്ഞ് വീണ്ടും വീണ്ടും മൊബൈൽ ഉപയോഗിച്ചുകൊണ്ടിരിക്കും. അപ്പോൾ ഉറക്കമില്ലായ്മ എന്ന അവസ്ഥ കൂടുതലായി വരുകയും ചെയ്യും. അതുകൊണ്ടാണ് മൊബൈൽ ഫോൺ ഉപയോഗം അമിതമായിട്ട് ഉണ്ടെങ്കിൽ ഉറക്കത്തിന് 2 മണിക്കൂർ മുമ്പ് എങ്കിലും കയ്യിൽ നിന്നും മാറ്റി വയ്ക്കുക



**ഡോ. സി. ഐറിൻ**
**എസ്.ഐ.സി.**

www.malankaralibrary.com

എന്ന് പറയുന്നത്. ഉറക്കത്തിന് മുമ്പായിട്ട് ഒരു പുസ്തകം വായിച്ച് കൊണ്ട് നിങ്ങൾ ഉറക്കത്തിലേക്ക് പോവുക, അങ്ങനെയെങ്കിൽ നിങ്ങൾക്ക് വളരെ നല്ല ഉറക്കം സാധ്യമാകും. നിങ്ങൾ കൃത്യമായി മനസ്സിലാക്കുക; ഉറക്കമില്ലായ്മയ്ക്ക് മരുന്നല്ല പരിഹാരം നിങ്ങളുടെ തെറ്റായിട്ടുള്ള മൊബൈൽ ഫോണിന്റെ ഉപയോഗമാണ് ഒഴിവാക്കേണ്ടത്.

### മെലറ്റോനിൻ ഹോർമോൺ ഉത്പാദനം കൂട്ടാൻ സഹായിക്കുന്ന ഭക്ഷണങ്ങൾ

പ്രധാനമായും നാടൻ തക്കാളി, ബദാം, ചീര, ഏത്തപ്പഴം, കിവി, Nuts, Walnut

ഉറങ്ങുന്നതിന് 2 മണിക്കൂർ മുമ്പായെങ്കിലും അത്താഴം കഴിക്കാൻ ശ്രദ്ധിക്കുക.

### രാത്രിയിൽ ഒഴിവാക്കേണ്ട ഭക്ഷണങ്ങൾ

1. *പ്രധാനമായും ചീസ്, പിസാ വിഭവങ്ങൾ* തുടങ്ങിയ ഉയർന്ന കൊഴുപ്പ് കൂടുതലായിട്ടുള്ള ഭക്ഷണങ്ങൾ ഒഴിവാക്കുക.

2. *വെളുത്തുള്ളി അടങ്ങിയ ഭക്ഷണസാധനങ്ങൾ.* കാരണം വെളുത്തുള്ളി ഒരു ചൂടുള്ള സസ്യം എന്നാണ് അറിയപ്പെടുന്നത്. ഉറങ്ങുന്നതിന് മുമ്പ് ഇത് കഴിച്ചാൽ വെളുത്തുള്ളിയിലെ രാസവസ്തുക്കൾ നിങ്ങൾക്ക് നെഞ്ചെരിച്ചിൽ ഉണ്ടാക്കും.

3. *ചോക്ലേറ്റ്* – ഇതിൽ മറഞ്ഞിരിക്കുന്ന കഫീനും പഞ്ചസാരയും നിങ്ങളുടെ ഉറക്കത്തെ ഇല്ലാതാക്കും. ഒരുപക്ഷേ നിങ്ങളുടെ രുചി മുകുളങ്ങൾക്ക് അത് ആനന്ദം നൽകിയേക്കും, എന്നാൽ ഇത് ചില ഹോർമോണുകളുടെ പ്രവർത്തനം വേഗത്തിലാക്കുന്നു. ഇത് രാത്രി മുഴുവൻ ഉറങ്ങാൻ അനുവദിക്കാതെ നിലനിൽക്കുന്നു.

4. *സിറിയൽ* (Cereal) – അത്താഴത്തിന് മതിയായ ഭക്ഷണം എന്നാൽ നിങ്ങൾക്ക് സമയമില്ലെങ്കിൽ എത്തിച്ചേരാനുള്ള ഏറ്റവും എളുപ്പമുള്ള കാര്യം പാൽ ചേർത്ത ഒരു ബോക്സ് കോൺഫ്ളക്സ് പോലുള്ള സിറിയലാണ്. ഇത് ആരോഗ്യകരമായ ഭക്ഷണമാണ്. എന്നാൽ ബോക്സുകളിൽ ലഭ്യമായ പ്രോസ്സസ് ചെയ്ത സിറിയലുകളിൽ ഭൂരിഭാഗം പഞ്ചസാരയുടെ അളവ് വളരെ കൂടുതലാണ്. അവ കഴിക്കുന്നത് നിങ്ങളുടെ രക്തത്തിലെ പഞ്ചസാരയുടെ അളവിൽ പെട്ടെന്നുള്ള വർദ്ധനവിന് കാരണമാകുന്നു.

## മണിപ്പൂരിനു വേണ്ടിയുള്ള സമാധാന പ്രാർത്ഥന



*മണിപ്പൂരിലും ഭാരതത്തിന്റെ പല പ്രദേശങ്ങളിലും അനുദിനം യുദ്ധസമാനമായ സാഹചര്യം നിലനിൽക്കുന്നത് നമ്മെ ഏറെ ദുഃഖിപ്പിക്കുന്നു. നൂറുകണക്കിന് ദേവാലയങ്ങൾ നശിപ്പിക്കപ്പെടുകയും ആയിരക്കണക്കിന് മനുഷ്യരുടെ ജീവനും സ്വത്തും നഷ്ടപ്പെടുകയും, സ്ത്രീകൾ കിരാതമായി ആക്രമിക്കപ്പെടുകയും അനേകർ പലായനം ചെയ്യപ്പെടുകയും ചെയ്യുന്ന ഈ സാഹചര്യത്തിൽ എം.സി.എ. തിരുവല്ല അതിരൂപത ഓഗസ്റ്റ് മാസം 1 മുതൽ 31 വരെ എല്ലാ ഭവനങ്ങളിലും സമാധാന പ്രാർത്ഥന നടത്തുവാൻ ആഹ്വാനം ചെയ്തു. സന്ധ്യാപ്രാർത്ഥനയോട് ചേർത്ത് ചൊല്ലേണ്ട സമാധാന പ്രാർത്ഥന വിതരണം ചെയ്തു.*

www.malankaralibrary.com





## മല്പാനോട് ചോദിക്കാം

14

# ശുബ്ഹോ – മെൻഓലം

## ശ്ഹീമോ നമസ്ക്കാരത്തിന് രണ്ടു ഭാഗങ്ങളുണ്ടോ?

തിങ്കൾ മുതൽ ശനി വരെയുള്ള സാധാരണ ദിവസങ്ങളിലെ 7 യാമങ്ങളിലെയും പ്രാർത്ഥനകൾ ഉൾക്കൊള്ളുന്ന പ്രാർത്ഥനാ പുസ്തകത്തിന്റെ പേരാണ് ശ്ഹീമോ . "സാധാരണ" (ordinary, common) എന്ന് ശ്ഹീമോ എന്ന സുറിയാനി പദത്തിന്റെ അർത്ഥം. യാക്കോബായ, ഓർത്തഡോക്സ് സഭാംഗങ്ങൾ ഉപയോഗിക്കുന്ന പാമ്പാക്കുടയിൽ നിന്ന് പ്രസിദ്ധീകരിച്ച സുറിയാനി ശ്ഹീമോയിലും, മലങ്കര സുറിയാനി കത്തോലിക്കർ ഉപയോഗിക്കുന്ന മോസൂളിൽ നിന്നു പ്രസിദ്ധീകരിച്ച സുറിയാനി ശ്ഹീമോയിലും ശുബ്ഹോ, മെൻഓലം എന്നിങ്ങനെ രണ്ടു ഭാഗങ്ങളില്ല. ഓരോ കോലോയിലെയും വ്യത്യസ്ത പ്രമേയങ്ങൾക്ക് (ധൂപം, ദൈവമാതാവ്, അനുതാപം etc) 4 stanza കൾ വീതമാണുള്ളത്. ഒന്നാമത്തെയും മൂന്നാമത്തെയും stanza കൾ മാത്രം തിരഞ്ഞെടുത്ത് ശുബ്ഹോ എന്നൊരു ഭാഗമായും രണ്ടാമത്തെയും നാലാമത്തെയും stanza കൾ മാത്രം തിരഞ്ഞെടുത്ത് മെൻഓലം എന്ന് മറ്റൊരു ഭാഗമായും വിഭജിച്ചിരിക്കുന്നു. ഇതുപോലെതന്നെ 4 പാദങ്ങളുള്ള കുക്കിലിയോനും, അനേക ഈരടികളുള്ള ബോവൂസോകളും, എനിയോനോകളും ഇതുപോലെതന്നെ രണ്ടായി തിരിച്ചിരിക്കുന്നു. എക്ബോയ്ക്ക് ഒരു stanza മാത്രമുള്ളതിനാലാണ് ശുബ്ഹോ ഭാഗത്തിലെയും, മെൻഓലം ഭാഗത്തിലെയും എക്ബോകൾ ഒന്നുതന്നെ (same) ആയിരിക്കുന്നത്.

N.B.1. പാമ്പാക്കുട ശ്ഹീമോയിലെയും, മോസൂൾ ശ്ഹീമോയിലെയും പ്രാർത്ഥനകൾ 90% വും ഒന്നുതന്നെയാണ്.

2. യാക്കോബായ, ഓർത്തഡോക്സ് സഭാംഗങ്ങൾ ശ്ഹീമോ നമസ്കാരത്തിന്റെ പ്രാർത്ഥനകളുടെ ഒന്നും മൂന്നും stanza കളുടെ മലയാള വിവർത്തനം മാത്രമെ ഉപയോഗിക്കുന്നുള്ളൂ.

3. ശ്ഹീമോ നമസ്ക്കാരത്തിൽ കാണുന്ന കോലോ I എന്നതിന്റെ പേര് ധൂപാർപ്പണ കോലോ (കോലോ ദ് ഫിർമൊ) എന്നും കോലോ II ന്റെ പേര് ധൂപാർപ്പണശേഷ കോലോ (കോലോ ബോതാർ ഫിർമൊ) എന്നുമാണ്.

ആരാധന, സഭ എന്നിവ സംബന്ധമായ ചോദ്യങ്ങളും സംശയങ്ങളും ഈ പംക്തിയിലേക്ക് എഴുതി ചോദിക്കാവുന്നതാണ്. ചോദ്യങ്ങൾ അയക്കേണ്ട വിലാസം:

**മല്പാനോടു ചോദിക്കാം**
**ഐക്യദീപം**
**സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ**
**തിരുവല്ല – 689 101. ഫോൺ: 9495217831**
**(ഫാ. ഡോ. രാജു പറക്കോട്ട്)**

www.malankaralibrary.com


# Remembrance - September




Fr. Theophilos Paul Malayil
02 September 2000



Fr. Bernard Pandippally
07 September 1986



Fr. Joseph Palackal
10 September 1940



Fr. Zacharias Vadakethalakal
11 September 1979



Msgr Mathew Nedungatt
16 September1991



Fr. Varkey Chundevalel
16 September 2020



Fr. Antony Karatt
18 September 1992




Fr. Joachim Nagancheril
18 September 2007



Msgr. Alexander
Payyampallil
18 September 2009



Fr. Andrews Puthenparampil
18 September 2011



Fr. Joseph Ettumanookaran
26 September 1972



Fr. Joseph Ayrookuzhy
26 September 1991



Fr. Mathew Chundamannil
27 September 2013

കുടുംബ പ്രേഷിത കാര്യാലയം, ശാന്തിനിലയം
തിരുവല്ല അതിഭദ്രാസനം

വിവാഹ ഒരുക്ക സെമിനാർ
2023
ഒക്ടോബർ – 10, 11
നവംബർ – 7, 8
ഡിസംബർ – 19, 20



സി. ഷീബ ഒ.എസ്.എസ്.
സെക്രട്ടറി, ഫാമിലി അപ്പോസ്തലേറ്റ്
9495124446
8078390259

ഫാ. തോമസ് തോപ്പിൽകളത്തിൽ
ഡയറക്ടർ, ഫാമിലി അപ്പോസ്തലേറ്റ്
9447271784
9497462813

www.malankaralibrary.com

## അഭിനന്ദനങ്ങൾ



ആഗസ്റ്റ് 1 മുതൽ 6 വരെ പോർച്ചുഗൽ തലസ്ഥാനമായ ലിസ്ബണിൽ നടന്ന ലോക യുവജന സംഗമത്തിൽ പങ്കെടുത്ത മല്ലപ്പള്ളി മേഖലയിലെ ചുങ്കപ്പാറ ഇടവകാംഗമായ **ജെറിൻ ജോസഫിന് അഭിനന്ദനങ്ങൾ.**

## അഭിനന്ദനങ്ങൾ



**KTU B ARCH** പരീക്ഷയിൽ രണ്ടാം റാങ്ക് കരസ്ഥമാക്കിയ ചരിവുപുരയിടത്തിൽ **ആഗ്നയ് അലക്സ് റോബിന് അഭിനന്ദനങ്ങൾ.** റാന്നി മേഖലയിലെ പൂഴിക്കുന്ന് തിരുഹൃദയ ഇടവകാംഗമാണ്.

## അഭിനന്ദനങ്ങൾ



സമ്പൂർണ്ണ ബൈബിൾ സ്വന്തം കൈപ്പടയിൽ എഴുതി പൂർത്തീകരിച്ച പള്ളിക്കൂടപ്പറമ്പിൽ പുത്തൻകണ്ടത്തിൽ ശ്രീമതി ബിൻസി ഷാജി. സെന്റ് ജോൺസ് മെത്രാപ്പോലീത്തൻ കത്തീഡ്രൽ ഇടകാംഗവും സണ്ടേസ്കൂൾ അദ്ധ്യാപികയുമാണ്. ഐക്യദീപത്തിന്റെ അഭിനന്ദനങ്ങൾ.

## സുവർണ്ണ ജൂബിലി



സന്യാസവർഷത്തിന്റെ 50 വർഷങ്ങൾ പൂർത്തിയാക്കുന്ന റവ. സി. ഏലിയാമ്മ ചമതയിൽ OSS ന് തിരുവല്ല അതിരൂപത സുവിശേഷ സംഘാംഗങ്ങളുടെ പ്രാർത്ഥനാശംസകൾ.




വജ്രജൂബിലി ആഘോഷിക്കുന്ന വാലാങ്കര സെന്റ് ലൂയിസ് മലങ്കര സുറിയാനി കത്തോലിക്കാ ഇടവക.

പ്രാർത്ഥനയോടെ ഇടവകാംഗങ്ങൾ





**MM- 160**



മലങ്കര കത്തോലിക്കാ യുവാവ്, 32 വയസ്സ്, Height : 6 feet, Weight : 85kg, MCA, Working in MNC company Al Homaizi Group, Internal Auditor, Kuwait.അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact No. - 8547538961

**MM - 161**

മലങ്കര കത്തോലിക്കാ യുവാവ്, 30 വയസ്സ്, Height : 176 c.m., Msc B.Ed, പിറവം സെന്റ് ജോസഫ് ഹൈസ്കൂൾ അദ്ധ്യാപകനായി ജോലി ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു.
Contact No. - 9495705539, 9497874390

**MM - 162**

സീറോ മലബാർ കത്തോലിക്കാ യുവാവ്, 40 വയസ്സ്, Height : 5.10 feet, Diploma, സ്വന്തമായി ബിസിനസ്സ് ചെയ്യുന്നു. അനുയോജ്യരായ പെൺകുട്ടികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. Contact No. - 9947322168


# ഐക്യദീപം

## വരിക്കാരാകുക

പേര് : ..............................................................

വീട്ടുപേര് : ..............................................................

: ..............................................................

മേൽവിലാസം : ..............................................................

ഫോൺ : ..............................................................

വാർഷിക വരിസംഖ്യ : 200/-

**Bank Details :**
Chief Editor, Aikyadeepam
Union Bank, Tiruvalla - 689 101
**A/c No. 110110100023901**
**IFSC Code : UBIN0811017**

Contact Details :
Chief Editor, Aikyadeepam Monthly
St. John's Metropolitan Cathedral
Tiruvalla - 689 101. Phone : 0469 2600626
E-mail : aikyadeepamtvla@gmail.com

www.malankaralibrary.com






# ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 70–ാം ഓർമ്മപ്പെരുന്നാൾ
## പട്ടം സെന്റ് മേരീസ് കത്തീഡ്രൽ











www.malankaralibrary.com





# ദൈവദാസൻ മാർ ഈവാനിയോസ് പിതാവിന്റെ 70–ാം ഓർമ്മപ്പെരുന്നാൾ

## തിരുമൂലപുരം















www.malankaralibrary.com



പാവനസ്മരണയ്ക്ക്

## ഒന്നാം ചരമവാർഷികം


5 സെപ്റ്റംബർ 2023

## എ.ജെ. മാത്യു അരീക്കൽ

### തേക്കുങ്കൽ

"ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്"

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ



പാവനസ്മരണയ്ക്ക്

## വേർപാടിന്റെ ഒന്നാം വർഷം

## റ്റി. റ്റി. തോമസ് (ജോർജുകുട്ടി)

### തേവർതുണ്ടിയിൽ

വലിയകാവ്, റാന്നി

ജനനം : 19.01.1943

മരണം : 11.09.2022

"ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്"

സന്തപ്ത കുടുംബാംഗങ്ങൾ & ഇടവകാംഗങ്ങൾ

www.malankaralibrary.com




മുക്കൂർ കൊച്ചുവടവനയിൽ **കോശി തോമസിന്റെയും ഷാന്റി കോശിയുടെയും മകൻ അനീഷ് കോശിയും** വണ്ടൻമേട് മേച്ചേരിമണ്ണിൽ **ജോസഫ് മാത്യുവിന്റെയും സീന ജോസഫിന്റെയും മകൾ സിന്റ ജോ മാത്യുവും** തമ്മിലുള്ള വിവാഹം 2023 ജൂലൈ 3-ാം തീയതി മുക്കൂർ സെന്റ് ജോസഫ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് **അഭി. ഏബ്രഹാം മാർ യൂലിയോസ് മെത്രാപ്പോലീത്ത** ആശീർവദിച്ചു.

## ഒന്നാം ചരമവാർഷികം

06-08-2023



## അന്നമ്മ ഏബ്രഹാം

**പാലനിൽക്കുന്നതിൽ, പൂഴിക്കുന്ന്, റാന്നി**

**"ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്"**

പ്രാർത്ഥനയോടെ കുടുംബാംഗങ്ങൾ

## സ്വർഗ്ഗത്തിലെ നാലാം പിറന്നാൾ

(29-08-2019)




## മാത്യു വർഗീസ് (കുഞ്ഞേട്ടൻ)

**ഈരാച്ചേരിൽ, മുളകരമേട്, കട്ടപ്പന**

**"ശരണത്താലെ നിൻ കൃപയിൽ
മരണമടഞ്ഞൊരു ദാസരെ നിൻ
ജീവസ്വരമതുണർത്തണമേ
കബറീന്നും പറുദീസായ്ക്കായ്"**

ദുഃഖാർത്തരായ കുടുംബാംഗങ്ങൾ

www.malankaralibrary.com






കടമാൻകുളം പടിഞ്ഞാറേമണ്ണിൽ ടോണിയുടെയും ഓമനയുടെയും മകൻ **അമൽ ടോണിയും** ബത്തേരി രൂപതയിൽ കോഴിക്കോട് ഇടവകയിൽ ചാലക്കാട്ടിൽ പുത്തൻപുരയ്ക്കൽ ഫിൽജിയുടെയും ലിൻസിയുടെയും മകൾ **മെറിൻ ഫിൽജിയും** തമ്മിലുള്ള വിവാഹം **ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് മെത്രാപ്പോലീത്തായുടെ മുഖ്യകാർമ്മികത്വത്തിൽ** ആശീർവദിക്കപ്പെട്ടു.

www.malankaralibrary.com




ഷാജി തേലപ്പുറത്തിന്റെയും വിൻസി ഷാജിയുടെയും മകൻ **ഡെന്നി വറുഗീസും** കൊട്ടാരക്കര കളീക്കൽ പ്ലാവിള വീട്ടിൽ ബൈജു ജോണിന്റെയും റാണി ബൈജുവിന്റെയും മകൾ **ഡോ. മെർലിൻ ആർ. ബൈജുവും** തമ്മിലുള്ള വിവാഹം 2023 ജൂലൈ 10–ാം തീയതി തിരുവല്ല സെന്റ് ജോൺസ് മെത്രാപ്പോലിത്തൻ കത്തീഡ്രലിൽ വച്ച് അഭിവന്ദ്യ തോമസ് മാർ കൂറിലോസ് മെത്രാപ്പോലിത്ത ആശീർവദിച്ചു.






മനയ്ക്കൽ ഷോനു – സിന്നി ദമ്പതികളുടെ മകൾ **ഹന്ന** (ജന ജോയി സ്കറിയ) യുടെ മാമോദീസ 2023 ജൂലൈ 8 –ാം തീയതി തോട്ടഭാഗം സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാ ദൈവാലയത്തിൽ വച്ച് മോറാൻ മോർ ബസേലിയോസ് കർദ്ദിനാൾ ക്ലീമീസ് കാതോലിക്കാബാവയുടെ കാർമികത്വത്തിൽ നടത്തപ്പെട്ടു.

www.malankaralibrary.com

Date of Publication : 01-09--2023
Price Rs. 10/-

**AIKYADEEPAM MONTHLY**
Marygiri, Tiruvalla, Kerala
Ph: 0469-2600626

R.N.I 35982/80
September 2023




Printed and Published by Fr. Thomas Kodinattukunnel, Published from Marigiri, Archbishop's House, Tiruvalla, Kerala and Printed at Rashtra Deepika, Vadavathoor, Kerala. Chief Editor: Fr. Varghese Chamakalayil